# ഭാഗ്യശാലികൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

# ഭാഗ്യശാലികൾ


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 682 311**

●

Cover Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 70


●


All rights reserved with the publisher

# ആമുഖം

നിത്യ പരിശുദ്ധനായ ദൈവത്തിന് നന്ദിയുടെ സ്തുതിയും സ്തോത്രവും കരേറ്റിക്കൊണ്ടാണ് ഞാൻ എന്റെ 101-ാമത്തെ പുസ്തകത്തിന് ആമുഖം കുറിയ്ക്കുന്നത്. രോഗത്തിന്റെ കഠിനമായ ആക്രമണത്തിൽ നിന്ന് കർത്താവ് എന്നെ രക്ഷിച്ച് എന്റെ ആയുസ്സ് നീട്ടിത്തന്നത് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. അതുകൊണ്ട് വെളിപ്പാട് പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഭാഗ്യശാലികളെക്കുറിച്ച് ഒരു പുസ്തകം എഴുതുവാൻ ദൈവം എനിക്ക് കൃപ തന്നു.

നാം അലസരായും അശ്രദ്ധരായും ഇരിക്കേണ്ട സമയം ഇതല്ല. നമുക്ക് കിട്ടിയിരിക്കുന്ന ചെറിയ ആയുസ്സ് ഏറ്റവും പ്രയോജനപ്രദമായതിനു വേണ്ടി നാം ചിലവഴിക്കേണ്ടതാണ്.

ഞാൻ വായിച്ച ഒരു സംഭവം ഓർക്കുന്നു. 1815-ൽ ബ്രിട്ടീഷ് സൈന്യവും ഫ്രഞ്ച് സൈന്യവും തമ്മിൽ യുദ്ധം നടന്ന ഒരു ദിവസം ഫ്രാൻസിന്റെ വയലുകളിൽ ഒട്ടേറെ കറ്റകൾ ശേഖരിച്ചിരുന്നു. ശത്രുസൈന്യത്തിന്റെ ആക്രമണത്തിൽ നിന്ന് ദേശത്തെ സംരക്ഷിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്ന ഒരു ഫ്രഞ്ചു പട്ടാളക്കാരൻ രാത്രി അവിടെ കാവൽ നിൽക്കുന്നുണ്ടായിരുന്നു. ആ രാത്രി അയാൾ കറ്റകൾ കൂട്ടിയിട്ട് മെത്ത പോലെ ആക്കി തന്റെ കോട്ട് ഊരി തലയിണയായി വെച്ചുകൊണ്ട് സുഖമായി ഉറങ്ങി.

കാവൽക്കാരെ പരിശോധിക്കാൻ നെപ്പോളിയൻ ആ വയലിൽ വന്നു. മർമ്മപ്രധാനമായ സ്ഥലങ്ങളിൽ പട്ടാളക്കാരെല്ലാം ജാഗ്രതയോടെ ഉറക്കമിളച്ച് കാവൽ നിൽക്കുന്നുണ്ടായിരുന്നു.

എന്നാൽ ഒരു ഭാഗത്ത് ചെന്നപ്പോൾ അവിടെ നിറുത്തിയിരുന്ന കാവൽക്കാരനെ കാൺമാനില്ല. സൂക്ഷ്മമായി പരിശോധിച്ച പ്പോൾ കാവൽക്കാരൻ സുഖമായി കിടന്നുറങ്ങുന്നതാണ് കണ്ടത്. അയാളുടെ അരികത്ത് വച്ചിരുന്ന തോക്കെടുത്ത് കൈയിൽ പിടിച്ചുകൊണ്ട് നെപ്പോളിയൻ അവിടെ തന്നെ നിന്നു. കുറെ സമയം കഴിഞ്ഞ് കാവൽക്കാരൻ സുഖനിദ്രയിൽ നിന്ന് എഴുന്നേറ്റു. തന്റെ അരികത്ത് വച്ചിരുന്ന തോക്ക് കാണാ നില്ല. അയാൾ പരിഭ്രാന്തനായി അവിടെയെല്ലാം നോക്കു മ്പോൾ നെപ്പോളിയൻ തോക്കും പിടിച്ചുകൊണ്ട് നില്ക്കുന്നത് കണ്ടു. അയാൾ വിറച്ചുകൊണ്ട് നെപ്പോളിയന്റെ കാല്ക്കൽ വീണ് അപേക്ഷിച്ചു. “ഞാൻ ജോലിയിൽ വീഴ്ച വരുത്തിയതു കൊണ്ട് യജമാനനേ എന്റെ ആ തോക്കുകൊണ്ട് തന്നെ എന്നെ കൊന്നു കൊൾക.”

നീ ഉറങ്ങുന്നത് കണ്ട് ഞാൻ നിനക്ക് കാവൽ നിൽക്കുക യായിരുന്നു. ശാന്തഗംഭീരനായി ചക്രവർത്തി പറഞ്ഞു. ആ പട്ടാളക്കാരന് നെപ്പോളിയൻ മാപ്പുകൊടുത്തു. എപ്പോഴും ജാഗരൂകരായി ഇരിക്കേണ്ടതിന്റെ ആവശ്യകത നെപ്പോളിയൻ അയാൾക്ക് പറഞ്ഞുകൊടുത്തു.

കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് എപ്പോൾ എന്ന് നാം അറിയാത്തതുകൊണ്ട് ഏതു സമയത്തും നാം ജാഗ്രതയായിരിക്കണം. എത്രയോ അവസരങ്ങളിൽ കർത്താവ് നമുക്ക് ആയുസ്സ് നീട്ടിത്തന്നിരിക്കുന്നു! വിപത്തുക ളിൽ നിന്നും അത്യാഹിതങ്ങളിൽ നിന്നും എത്രയെത്ര സമയ ങ്ങളിൽ കർത്താവ് നമ്മെ രക്ഷിച്ചിരിക്കുന്നു! നമ്മുടെ അശ്ര ദ്ധകൾ പൊറുത്ത് അലസതകൾ കാര്യമാക്കാതെ യേശു ക്രിസ്തു നമുക്ക് സംരക്ഷണം തന്നിരിക്കുന്നു. നാം ഭാഗ്യശാ ലികളത്രെ. ഇനിയും നമുക്ക് എപ്പോഴും ജാഗ്രതയോടെ നിൽപ്പാൻ സാധിച്ചില്ലെങ്കിൽ അത് തീരാനഷ്ടമായിരിക്കും. നമ്മുടെ നാശത്തിന് നാം തന്നെ ഉത്തരവാദികളായിത്തീരും.

ഈ വസ്തുത ആവർത്തിച്ച് ഓർമ്മപ്പെടുത്തുവാനാണ്

ഞാനീ ഗ്രന്ഥം രചിച്ചത്. ഇതു വായിക്കുന്ന ഓരോരുത്തരും സമയം തക്കത്തിൽ ഉപയോഗിക്കുന്നവരായിത്തീരണം എന്ന ഒരേയൊരു ഉദ്ദേശം മാത്രമാണുള്ളത്.

ഈ പുസ്തകം വെളിച്ചം കാണുന്നതിന് കാരണക്കാരായ അനേകം ദൈവമക്കളുണ്ട്. നമ്മുടെ അമൃതധാരാ ഗായകസംഘത്തിലുള്ള സാജുവിനേയും സാലിയേയും വിശേഷിച്ച് എടുത്തുപറഞ്ഞ് നന്ദി പ്രകാശിപ്പിക്കുകയാണ്. അവരോടും ഇതിനുവേണ്ടി അദ്ധ്വാനിച്ച മറ്റെല്ലാവരോടുമുള്ള കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിക്കുന്നു.

ഈ പുസ്തകം വായിക്കുന്നത് മുഖാന്തരം നിങ്ങൾക്കോരോരുത്തർക്കും കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ വിശുദ്ധന്മാരുടെ നിരയിൽ നിൽപ്പാൻ ഭാഗ്യം ലഭിക്കട്ടെ എന്ന് ഞാൻ ഹൃദയംഗമമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ സ്വന്തം സഹോദരൻ,<br>
**എം.വൈ. യോഹന്നാൻ.**

## ഒന്ന്

*"ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു തന്നേ."* *വെളിപ്പാട് 22 : 14, 15*

വെളിപ്പാടുപുസ്തകം വേദപുസ്തകത്തിലെ 66 പുസ്തകങ്ങളിൽ ഒടുവിലത്തെ പുസ്തകമാണ്. പഴയനിയമത്തിൽ മുപ്പത്തിയൊൻപതും പുതിയനിയമത്തിൽ ഇരുപത്തിയേഴും പുസ്തകങ്ങളുണ്ട്. പഴയനിയമത്തിലെ 27-ാമത്തെ പുസ്തകം ദാനീയേൽ പ്രവചനമാണ്. പുതിയ നിയമത്തിലെ 27-ാമത്തെ പുസ്തകം വെളിപ്പാടുപുസ്തകമാണ്. ഈ രണ്ടു പുസ്തകങ്ങൾക്കും ചില സമാനതകളുണ്ട്.

പഴയനിയമത്തിലെ 27-ാമത്തെ പുസ്തമായ ദാനീയേൽ പ്രവചനം വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളാണ്. ദാനീയേൽ പ്രവചനം 11-ാം അദ്ധ്യായത്തിൽ വരാൻപോകുന്ന യുദ്ധത്തെക്കുറിച്ചു കാണാം. തെക്കെരാജ്യവും വടക്കെരാജ്യവും തമ്മിൽ യുദ്ധം എന്നുപറഞ്ഞു വിശദീകരിക്കുന്നത് മൂന്നാം ലോകമഹായുദ്ധത്തെക്കുറിച്ചാണ്.

യേശുക്രിസ്തുവും അന്തിക്രിസ്തുവും തമ്മിലുള്ള യുദ്ധം. യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ ദൂതന്മാരും അന്തിക്രിസ്തുവിനോടും അവന്റെ ദുരാത്മാക്കളോടും യുദ്ധംചെയ്യുന്ന

ഭീകരമായ സംഘട്ടനം. അതാണ് ദാനിയേൽ പ്രവചനം 11-ാം അദ്ധ്യായം.

വെളിപ്പാടുപുസ്തകം വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനഗ്രന്ഥമാണ്. ഇതുവരെ മറഞ്ഞിരുന്നത് ഇപ്പോൾ വെളിച്ചത്താക്കിയിരിക്കുന്നു. വരാനിരിക്കുന്ന കാര്യങ്ങൾ മറഞ്ഞിരിക്കയായിരുന്നു. വെളിപ്പാടുപുസ്തകം അത് വെളിപ്പെടുത്തി തരുന്നു. അപ്പൊസ്തലനായ യോഹന്നാന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിക്കൊടുത്തു.

ഡൊമീഷ്യൻ ചക്രവർത്തി ഭരിച്ചുകൊണ്ടിരുന്ന കാലത്ത്, യോഹന്നാൻശ്ലീഹായെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. തിളച്ച എണ്ണയിലിട്ട് വറുക്കാൻ നോക്കി. അപ്പൊസ്തലന്മാർ പലരും രക്തസാക്ഷികളായി മരിച്ചു. പക്ഷേ, യോഹന്നാൻ ശ്ലീഹാ രക്തസാക്ഷിയായി മരിച്ചില്ല.

എന്നാൽ പത്മോസ് ദ്വീപിൽ ഏകാകിയായി കഴിയുന്ന കാലത്ത് അപ്പൊസ്തലനായ യോഹന്നാന് ദൈവികമായ വെളിപ്പാടുകൾ ഉണ്ടായി; ദിവ്യദർശനങ്ങൾ ഉണ്ടായി. "ഇവിടെ കയറിവരിക" എന്ന് ദൈവം അപ്പൊസ്തലനെ ദൈവസന്നിധിയിലേയ്ക്ക് വിളിക്കുകയാണ്.

ശരീരം ഇവിടെ ഇരിക്കുന്നു. പക്ഷേ, സ്വർഗ്ഗീയദർശനങ്ങൾ കാണിച്ചുകൊടുക്കുവാനായി ആത്മാവിനെ ദൈവസന്നിധിയിലേക്ക് വിളിക്കുന്നു. മേലാൽ സംഭവിക്കാനിരിക്കുന്നത് ഞാൻ നിനക്ക് കാണിച്ചു തരാം എന്നാണ് പറയുന്നത്. ഇനി സംഭവിപ്പാനുള്ള കാര്യങ്ങൾ എങ്ങനെയെല്ലാമെന്ന് അപ്പൊസ്തലന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിക്കൊടുക്കുകയാണ്.

ആ വെളിപ്പാടുകൾ എല്ലാം ക്രോഡീകരിച്ച് എഴുതിയിരിക്കുന്ന പുസ്തകമാണ് വെളിപ്പാടു പുസ്തകം. ബൈബിളിലെ ഒന്നാമത്തെ പുസ്തകമായ ഉല്പത്തി പുസ്തകം മനുഷ്യജാതിയുടെ ഉത്ഭവത്തെ കുറിക്കുന്നു. ഒടുവിലത്തെ പുസ്തകമായ

വെളിപ്പാടു പുസ്തകത്തിൽ മനുഷ്യജാതിയുടെ പരമമായ അന്ത്യത്തെ കാണിക്കുന്നു.

ഉല്പത്തിപുസ്തകം ഏദൻതോട്ടത്തിൽ നിന്ന് ദുഃഖത്തോടെ ഇറങ്ങിപ്പോകുന്ന മനുഷ്യനെ കാണിക്കുന്നു. വെളിപ്പാടുപുസ്തകം പറുദീസയിലേക്ക് മനുഷ്യൻ മടങ്ങിവരുന്നതിനെ കാണിക്കുന്നു. ഒന്നാമത്തെ പുസ്തകം സാത്താൻ ജയിക്കുന്നതിനെ കാണിക്കുന്നു. ഒടുവിലത്തെ പുസ്തകം സാത്താൻ തോൽക്കുന്നതിനെ കാണിക്കുന്നു. ഉല്പത്തിപുസ്തകം മനുഷ്യന്റെ വീഴ്ചയെ കാണിക്കുന്നു. വെളിപ്പാടു പുസ്തകം മനുഷ്യന്റെ ഉദ്ധാരണത്തെ കാണിക്കുന്നു.

ഒന്നാമത്തെ പുസ്തകത്തിൽ മനുഷ്യൻ ദുഃഖിതനായി, പാപത്താൽ ബന്ധിതനായി, ദൈവിക തേജസ്സു നഷ്ടപ്പെട്ടവനായി, ദൈവത്തിന്റെ സാദൃശ്യവും സ്വരൂപവും നഷ്ടപ്പെട്ടവനായി ഇറങ്ങിപ്പോകുന്നു. എന്നാൽ വെളിപ്പാടുപുസ്തകത്തിൽ ദൈവികസാദൃശ്യംപൂണ്ട് ദൈവത്തോടുകൂടെ വസിക്കുവാൻ അവൻ മാറ്റപ്പെടുന്നു; അവൻ അനുഗ്രഹിക്കപ്പെടുന്നു.

ഒന്നാമത്തെ പുസ്തകത്തിൽ മനുഷ്യൻ ദൈവത്തിൽനിന്ന് അകന്നുപോകുന്നു. എന്നാൽ ഒടുവിലത്തെ പുസ്തകത്തിൽ ദൈവം മനുഷ്യരോടുകൂടെ കൂടാരമടിക്കുന്നു. “ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം.” വെളിപ്പാട് 21 : 3. ദൈവം മനുഷ്യരോടുകൂടെ വസിക്കുന്നു. വെളിപ്പാടുപുസ്തകത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും കാണിച്ചു തരുന്നു. ഒന്നാമത്തെ പുസ്തകത്തിലോ ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെടുന്നു.

ഇങ്ങനെ മനോഹര സാദൃശ്യങ്ങളുള്ള ഈ പുസ്തകം വളരെ വിലപ്പെട്ട പാഠങ്ങൾ നമുക്കു തരുന്നു. ഒരു ദിവസം മരണമെന്ന തിരശ്ശീലക്കപ്പുറത്തേക്ക് നാം കടന്നുപോകും; നാം എല്ലാവരും ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും. എന്നാൽ ഈ ഭൂമി

യിൽ നിന്ന് മാറ്റപ്പെട്ട് നിത്യതയിലേക്ക് കടന്നുചെല്ലുമ്പോൾ അവിടെയുണ്ടാകുന്ന അനുഭവം എന്ത് എന്ന് വെളിപ്പാടു പുസ്തകത്തിൽ വ്യക്തമായി കാണിച്ചു തരുന്നു.

ചിലർ സ്വർഗ്ഗരാജ്യത്തിനകത്തും ചിലർ സ്വർഗ്ഗരാജ്യത്തിന് പുറത്തും ആകും. സങ്കടകരമാണ്. പുറത്തു നിൽക്കുന്നവർ നിലവിളിക്കുന്നു. പക്ഷേ, കേൾപ്പാൻ ആരുമില്ല. ചിലർ സ്വർഗ്ഗരാജ്യത്തിനകത്തേക്ക് ആനയിക്കപ്പെടുന്നു.

നിത്യ സ്വർഗ്ഗീയനഗരത്തിൽ ആരാണു പ്രവേശിക്കുന്നത്? നിത്യ സ്വർഗ്ഗീയനഗരത്തിൽ ആരാണു വാഴുന്നത്? എല്ലാവരും അവിടെ എത്തുകയില്ല. ഇന്ന് നിത്യത എന്നു പറയുന്നത് പലർക്കും ഒരു ചിന്താവിഷയം പോലുമല്ല. നിത്യത! അങ്ങനെ ഒന്നുണ്ട് എന്നുപോലും പലരും ചിന്തിക്കാറില്ല. മരണശേഷമുള്ള നിത്യത എന്നതിനെക്കുറിച്ച് പലർക്കും ഒരു കടങ്കഥ പോലെ മാത്രമേ തോന്നുന്നുള്ളൂ. ഏതോ ഭാവനപോലെയോ ഒരു പകൽക്കിനാവുപോലെയോ മാത്രം! നിത്യത ഒരു യാഥാർത്ഥ്യമാണെന്ന് അനേകരും അറിയുന്നില്ല; വിശ്വസിക്കുന്നില്ല.

എന്നാൽ നാം ഒരുനാൾ മരിക്കും. മരിച്ചതിനുശേഷം നിത്യതയിലേക്ക് പ്രവേശിക്കും. നിത്യതയ്ക്ക് അറുതിയില്ല; അന്തമില്ല; അവസാനമില്ല. നിത്യത! അത് അന്തമില്ലാത്ത കാലമാണ്. ഇവിടെ നമ്മുടെ ആയുഷ്ക്കാലത്തിന് ഒരു പരിധിയുണ്ട്. ഒരുപക്ഷേ എഴുപതോ എൺപതോ അല്ലെങ്കിൽ കുറച്ചു കൂടി പോയാൽ നൂറോ നൂറ്റിയിരുപതോ വയസ്സുവരെ. ഇതിൽകൂടുതലൊന്നും മനുഷ്യന് ഭൂമിയിൽ ആയുസ്സില്ല. എന്നാൽ നിത്യത എന്നത് നമുക്ക് ചിന്തിക്കാൻ പറ്റുന്നതിനപ്പുറമുള്ള അനന്തതയാണ്. അത് ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം! ഇത് ഒരു യാഥാർത്ഥ്യമാണ്.

Dr. Maurice Rawlings എന്ന വിശ്രുതനായ അമേരിക്കൻ ഹൃദ്രോഗവിദഗ്ധൻ തന്റെ പുസ്തകങ്ങളിൽ നിത്യതയെക്കുറിച്ച് പറയുന്നുണ്ട്.

അദ്ദേഹം പറയുന്നു: "നിത്യത എന്നൊന്നുണ്ട് എന്നു ഞാൻ വിശ്വസിച്ചിരുന്നില്ല. ആത്മാവിന്റെ നിത്യത എന്നതിനെക്കുറിച്ച് എനിക്കു ചിന്തയുണ്ടായിരുന്നില്ല. മരണശേഷം എല്ലാം തീർന്നു എന്നാണ് ഞാൻ കരുതിയിരുന്നത്. അനേകം രോഗികളെ ഞാൻ ചികിത്സിക്കാറുണ്ട്. ഹാർട്ട് അറ്റാക്ക് വന്നവർ, ബ്രെയിൻ സ്ട്രോക്ക് വന്നവർ, അങ്ങനെ അനേകമനേകം രോഗികൾ എന്റെ ക്ലിനിക്കിൽ വരാറുണ്ട്. ഞാൻ അവരെ ചികിത്സിക്കാറുണ്ട്. ചിലർ resuscitation– കൃത്രിമ ശ്വാസോച്ഛ്വാസം – കൊടുത്തുകഴിയുമ്പോൾ ജീവൻ പ്രാപിക്കുന്നു. ഇങ്ങനെ ജീവൻ പ്രാപിച്ച എന്റെ ചിലരോഗികൾ അവരുടെ അനുഭവങ്ങൾ പറഞ്ഞപ്പോഴാണ് നിത്യതയുണ്ട് എന്നെനിക്കു മനസ്സിലായത്. അവരുടെ അനുഭവങ്ങൾ ഞാൻ റെക്കോഡ് ചെയ്ത് എടുത്തിരുന്നു. അതെന്നെ വല്ലാതെ ചിന്തിപ്പിച്ചു. അതെന്നെ ക്രിസ്തു വിശ്വാസിയാക്കി മാറ്റി.''

'Beyond Death's Door''മരണവാതിലിനപ്പുറം'–, 'To Hell and Back,' – 'നരകത്തിൽനിന്ന് ജീവിതത്തിലേയ്ക്ക്'–, 'Before Death Comes' – 'മരണം സന്ദർശിക്കുന്നതിനുമുമ്പ്'– മുതലായ പുസ്തകങ്ങൾ അദ്ദേഹം തന്റെ അനുഭവങ്ങളിൽനിന്നും എഴുതിയതാണ്. ഈ പുസ്തകങ്ങൾ വായിക്കുമ്പോൾ നിത്യത എന്ന യാഥാർത്ഥ്യത്തിന്റെ ഗൗരവം നമുക്കു മനസ്സിലാക്കാം.

അദ്ദേഹം ചില സംഭവങ്ങൾ തന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്ന ചില clinically dead ആയിട്ടുള്ളവർ, ഏതാനും മണിക്കൂർ കഴിഞ്ഞ്, resuscitation കൊടുത്ത് ജീവൻ പ്രാപിച്ചപ്പോൾ അവർക്കുണ്ടായ അനുഭവങ്ങൾ പറയുന്നതു കേട്ടാൽ ഞെട്ടിപ്പോകും. അധികംപേരും നരകത്തിന്റെ ഭീകരതയിലേക്കാണ് പോയത്. നരകഭീകരതകണ്ടിട്ട് മടങ്ങിവരുമ്പോൾ അവർ പറയുന്നു: അയ്യോ! എന്നെ മരിക്കാൻ വിടല്ലേ. അയ്യോ! എനിക്കു പേടിയാകുന്നു. ഞാൻ കണ്ട കാഴ്ചകൾ ഭയാനകമായിരുന്നു. അയ്യോ! എനിക്ക് മരണം പേടിയാകുന്നു. ആ സ്ഥലം എനിക്ക് ചിന്തി

ക്കാൻ വയ്യ.

അപൂർവ്വംപേർ മാത്രം പറയുന്നു: അയ്യോ! നിങ്ങൾ എന്തിനാണെന്നെ തിരിച്ചുകൊണ്ടുവന്നത്? എന്തുമനോഹര മായ സ്ഥലം! എന്തുമനോഹരമായ അവസ്ഥ! പറഞ്ഞറിയി ക്കാൻ വയ്യാത്ത ശാന്തി! അതെങ്ങനെയെന്ന് മനുഷ്യവാക്കുക ളിൽ വിവരിക്കാൻ സാധിക്കുകയില്ല. അവർണ്ണനീയമായ സന്തോഷത്തിന്റെയും ശാന്തിയുടെയും വളരെ അത്ഭുത കരമായ അനുഭവമാണ് കിട്ടിയതെന്ന് ചിലർ സാക്ഷിക്കുന്നു.

'Life after Life'(ജീവിതത്തിനുശേഷമുള്ള ജീവിതം) എന്നപേരിൽ Dr. Raymond A Moody ഒരു പുസ്തകം എഴുതിയി ട്ടുണ്ട്. ആ പുസ്തകത്തിലും ഇതുപോലുള്ള അനേകം അനുഭ വങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. നിത്യത എന്ന ഒന്നില്ല എന്നു വിചാരിച്ചിരുന്നവർപോലും നിത്യത ഉണ്ട് എന്ന് മനസ്സിലാക്കി വരുന്നു. എന്നാൽ ഇന്നും ആധുനികമനുഷ്യൻ നിത്യതയുണ്ട് എന്ന് ചിന്തിക്കുന്നില്ല.

നിത്യത ഒരു യാഥാർത്ഥ്യമാണെന്നിരിക്കെ, നിത്യതയിൽ നാം സ്വർഗ്ഗത്തിൽ എത്തുമോ? അതോ നരകത്തിൽ എത്തുമോ? എന്റെ വാസം എവിടെ ആയിരിക്കും? ഞാൻ സ്വർഗ്ഗവാസി ആകുമോ? വളരെ സാരവത്തായ ഒരു ചിന്തയല്ലേ അത്? നമ്മുടെ ജീവിതം മരണശേഷം നിത്യ സ്വർഗ്ഗീയ ശാന്തിയിൽ എത്തിയില്ലെങ്കിൽ തീരാനഷ്ടം. കർത്താവായ യേശുക്രിസ്തുവിനോടുകൂടി നമുക്കു വാഴണം; നമുക്കു വസിക്കണം. ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. ഇതായിരിക്കട്ടെ നമ്മുടെ ആഗ്രഹം.

അതുകൊണ്ട് ഈ ലോകത്തിലെ കാര്യങ്ങൾ ഒന്നും ചിന്തിക്കേണ്ട, ജോലി ചെയ്യേണ്ട, ആഹാരം ഉണ്ടാക്കേണ്ട, കുട്ടികളെ സ്കൂളിൽ വിടേണ്ട, പഠിപ്പിക്കേണ്ട എന്നൊന്നുമല്ല പറഞ്ഞത്. എല്ലാം മുറയ്ക്കു നടക്കണം. എല്ലാം ഉത്തരവാദി ത്തബോധത്തോടുകൂടിത്തന്നെ ചെയ്യണം. പക്ഷേ, പഠിത്തംനട

ക്കുമ്പോഴും ജോലിചെയ്യുമ്പോഴും ഭക്ഷണമുണ്ടാക്കുമ്പോഴും ഉറങ്ങുമ്പോഴും എപ്പോഴും ഒരേയൊരു കാര്യം മാത്രം–എന്റെ കർത്താവേ, നിത്യതയിലേക്ക് ചെല്ലുമ്പോൾ നിത്യസ്വർഗ്ഗത്തിൽ ഞാൻ എത്തിയില്ലെങ്കിൽ നഷ്ടമാണല്ലോ. എനിക്ക് നിത്യസ്വർഗ്ഗം തരണമേ, അതിന് എന്നിലുള്ള തടസ്സങ്ങൾ മാറ്റിത്തരണമേ. ക്രിസ്തു എന്റെ ഉള്ളിലുണ്ടെങ്കിൽ ക്രിസ്തു ഉള്ളേടത്ത് ഞാൻ ചെല്ലും ഉറപ്പാണ്. അതുകൊണ്ട് ഇന്ന് ഈ ഭൂമിയിൽ ഞാൻ ജീവിച്ചിരിക്കുമ്പോൾ യേശുക്രിസ്തു എന്റെ ഹൃദയത്തിൽ വരണമേ, എന്റെ ഹൃദയത്തിൽ വസിക്കണമേ. ഇതായിരിക്കണം നമ്മുടെ ആഗ്രഹവും നമ്മുടെ വാഞ്ഛയും.

യേശുക്രിസ്തു ഹൃദയത്തിൽ വസിക്കുന്ന മഹാഭാഗ്യം ലഭിച്ചാൽ നമുക്ക് ദൈവരാജ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. അതിനെക്കുറിച്ചാണ് വേദപുസ്തകത്തിലെ ഒടുവിലത്തെ പുസ്തകത്തിൽ പറയുന്നത്:

> *"ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ."  വെളിപ്പാട് 22 : 14*

ഈ ഭൂമിയിൽ ജീവനോടിരിക്കുന്നകാലത്ത് വസ്ത്രം അലക്കണം. പുറമെയുള്ള വസ്ത്രമല്ല നമ്മുടെ ജീവിതവസ്ത്രം കഴുകി വിശുദ്ധീകരിക്കണം. ഇന്ന് മാനസാന്തരപ്പെട്ട അനേകം ആളുകളുണ്ട്. ഹൃദയംകൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്താൽ രക്ഷിക്കപ്പെടും, സത്യമാണ്. എന്നാൽ ഹൃദയംകൊണ്ട് വിശ്വസിക്കുക എന്നു പറഞ്ഞാൽ, വിശ്വാസത്തിന്റെ പിന്നാലെ വിശ്വാസത്തിന്റെ ലക്ഷണമായ പ്രവൃത്തി ഉണ്ടാകണം. പ്രവൃത്തി ഇല്ലെങ്കിൽ വിശ്വാസം നിർജ്ജീവമായിപ്പോകും.

യാക്കോബ്ശ്ലീഹാ അതിനെക്കുറിച്ച് പറയുന്നത്: നിർജ്ജീവമായ വിശ്വാസം എന്നാണ്. ഞാൻ വിശ്വസിക്കുന്നു

എന്നു പറഞ്ഞതുകൊണ്ടുമാത്രം പ്രയോജനമില്ല, ജീവിതത്തിൽ മാറ്റം വരണം. അപ്പോൾ സ്വഭാവത്തിൽ മാറ്റമുണ്ടാകും. തിന്മ മാറുകയും നന്മ എന്നിൽ മുളയെടുക്കുകയും ചെയ്യും. തിന്മയെ മാറ്റിനിർത്തി നന്മയെ ഹൃദയത്തിലേക്ക് ആവാഹിച്ചെടുക്കും. അതാണ് ആത്മീയമായ അനുഭവം!

രക്ഷിക്കപ്പെടുക എന്നു പറയുന്നത് വിലപ്പെട്ട കാര്യമാണ്. വിലയേറിയ കാര്യമാണ്.

*"ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന്ന് എന്തു പ്രയോജനം?" മർക്കോസ് 8 : 36*

ലോകം മുഴുവൻ നേടി; പക്ഷേ, ആത്മാവു നഷ്ടപ്പെട്ടു. എന്തു പ്രയോജനം? ഉയർന്ന വിദ്യാഭ്യാസം നേടി. ഉയർന്ന ഡിഗ്രികൾ നേടി. വിജ്ഞാനത്തിന്റെ വളരെ ഉയർന്ന മേഖലകൾ കൈയടക്കി. സ്വത്തുണ്ട്, സൗകര്യങ്ങളുണ്ട്, നല്ല വീടുണ്ട്, ചുറ്റുപാടുകളുണ്ട്, ബന്ധുമിത്രാദികളുണ്ട്, എല്ലാമുണ്ട്. പക്ഷേ, ആത്മാവ് ദൈവരാജ്യത്തിൽ എത്തിയില്ലെങ്കിൽ തീരാനഷ്ടം. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? എന്നാണ് കർത്താവു പറഞ്ഞത്.

ഒരു വിശുദ്ധനഗരം ഉണ്ട്. ഗോപുരങ്ങളിൽക്കൂടി നഗരത്തിൽ കടക്കണം. ജീവന്റെ വൃക്ഷത്തിൽ അധികാരമുണ്ടാകണം. ഇന്നത്തെ ഈ ഭൂമിയും ഈ അന്തരീക്ഷവുമെല്ലാം നശിച്ചുപോകും. എല്ലാം തകർന്ന് ഒരു പിടി ചാരമാകാൻ എത്രസമയം വേണം? എല്ലാം തീരും. അപ്പൊസ്തലനായ പത്രോസിന് വിദ്യാഭ്യാസമുണ്ടായിരുന്നില്ല. പക്ഷേ, ജീവന്റെ ആത്മാവിന്റെ തീജ്ജ്വാല ഉണ്ടായിരുന്നു. അതുകൊണ്ട് പത്രോസ്ശ്ലീഹ പറഞ്ഞു:

*"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ*

*ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.”* *2 പത്രോസ് 3 : 10*

മൂലപദാർത്ഥം എന്നു പറഞ്ഞാൽ അപ്പൊസ്തലനായ പത്രോസിന് വല്ലതും അറിയാമോ? മുക്കുവത്തൊഴിലാളിയായി ഗലീലാക്കടലിൽ മീൻപിടിച്ചു നടന്ന പത്രോസിന് എന്തറിയാം? പക്ഷേ, ആത്മനിറവിൽ അപ്പൊസ്തലൻ എഴുതി. Minerals, metals, salts എല്ലാം വെന്തുപോകുന്ന ഒരു കാലം വരും. ധാതുക്കളും ലവണങ്ങളും ലോഹങ്ങളും എല്ലാം കത്തിപ്പോകും. വേരും കൊമ്പും ശേഷിപ്പിക്കാതെ നശിപ്പിച്ചുകളയും എന്നാണ് മലാഖി പറയുന്നത്.

*“ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.”*

*മലാഖി 4 : 1*

ഭൂമിക്കടിയിലുള്ളതും ശേഷിക്കയില്ല; ഭൂമിക്ക് മുകളിലുള്ളതും ശേഷിക്കയില്ല. എല്ലാം തകർന്നുപോകും. അതിനുശേഷം ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. ഇതെല്ലാം എങ്ങനെയാണ് വിശ്വസിക്കുന്നത്? ഇലക്ട്രിസിറ്റി കൊണ്ട് വെളിച്ചം കിട്ടുന്നു. എന്നാൽ ഇലക്ട്രിസിറ്റി കാണിച്ചുതരാൻ പറ്റുമോ? പ്രാണവായു ശ്വസിച്ചിട്ടാണല്ലോ നാം ജീവിച്ചിരിക്കുന്നത്. പ്രാണവായു (Oxygen) കാണിച്ചുതരാൻ പറ്റുമോ? എന്നതുപോലെ, കണ്ടാലേ ഞാൻ വിശ്വസിക്കൂ എന്നു പറഞ്ഞാൽ അബദ്ധത്തിലായിപ്പോകും. ഇതെല്ലാം സത്യമാണ്. അനുഭവിച്ച ദൈവമക്കൾ പറയുന്ന കാര്യങ്ങളാണ്. അനുഭവിച്ച പ്രവാചകന്മാർ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്.

വിശ്വസിക്കുക. ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. അതിനെക്കുറിച്ച് വെളിപ്പാടുപുസ്തകത്തിൽ പറയുന്നു.

*"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു."*

*വെളിപ്പാട് 21 : 1, 2*

പുതിയ യെരൂശലേം എന്ന ഒരു പുതിയ നഗരം മുകളിൽനിന്ന് ഇറങ്ങിവരുന്നു. നമ്മുടെ ബുദ്ധികൊണ്ടു മനസ്സിലാവുകയില്ല. പുതിയ യെരൂശലേം എന്ന സ്വർഗ്ഗീയ നഗരം ഈ പുതുവാനഭൂമിയിൽ സ്ഥാപിക്കപ്പെടുന്നു. പുതിയ ആകാശവും ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി.

യെശയ്യാ പ്രവാചകന്റെ പുസ്തകം 66 : 22–ൽ 'ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും' എന്ന് പറയുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ പറയുന്ന ആശയമാണ് പുതിയ ആകാശവും പുതിയ ഭൂമിയും.

അത് എപ്പോഴാണ്? എന്നാണ്? എങ്ങനെയിരിക്കും? നമുക്കറിഞ്ഞുകൂടാ. പക്ഷേ, ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും എന്നത് സത്യം.

അന്ന് നാം യേശുവിനോടുകൂടെ ആയിരിക്കും. പുതിയ ആകാശവും പുതിയ ഭൂമിയും വരുമ്പോൾ യേശുവും ഇറങ്ങിവരും. ആ കൂട്ടത്തിൽ നാമും കൂടെ ഉണ്ടായിരിക്കും. അപ്പോഴാണ് കർത്താവു പറയുന്നത്: "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം."

*"സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടെച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞു പോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്ന് അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു."* *വെളിപ്പാട് 21 : 3 – 5*

ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു. ആർക്കാണ് ആ വിശുദ്ധ നഗരത്തിലേക്ക് പ്രവേശനമുള്ളത്? അകത്തുനില്ക്കുന്നവർ ആര്? പുറത്തുനിൽക്കുന്നവർ ആര്?

*"നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തുതന്നേ."*

*വെളിപ്പാട് 22 : 15*

അനേകംപേരും പുറത്തുനിൽക്കും. ഏതാനുംപേർ അകത്താകും. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരമുണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽക്കൂടി അകത്തു കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രമലക്കുന്നവർ ഭാഗ്യവാന്മാർ. ജീവിത വസ്ത്രമലക്കുന്നവർ അകത്താകും. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തുതന്നേ. വളരെ വ്യക്തമാണ്.

ഇവിടെവച്ച് വസ്ത്രം അലക്കാൻ കിട്ടുന്ന സമയം നാം നഷ്ടപ്പെടുത്തിക്കളയരുത്. ഇന്ന് ജീവിതവസ്ത്രം അലക്കേണ്ട ദിവസമാണ്. വസ്ത്രമലക്കുവാൻ നമുക്കു തന്നിരിക്കുന്ന അവ സരമാണ്.

*"ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം."* *2 കൊരിന്ത്യർ 6 : 2*

പ്രവാചകൻ പറഞ്ഞത് അപ്പൊസ്തലൻ ആവർത്തിച്ചു പറഞ്ഞു. ഇന്ന് പ്രസാദകാലമാണ്, രക്ഷാദിവസമാണ്, വാതിൽ തുറന്നിട്ടിരിക്കുന്ന സമയമാണ്, ആർക്കും അകത്ത് പ്രവേശിക്കാം, ആർക്കും വസ്ത്രം അലക്കിക്കിട്ടും, സൗജന്യ മായി വസ്ത്രം അലക്കിക്കിട്ടും. ഇന്ന് നല്ലകാലമാണ്.

ഈ ലോകജീവിതത്തിൽ നമുക്ക് പ്രയാസങ്ങളുണ്ട്, പ്രശ്നങ്ങളുണ്ട്, ദുരിതങ്ങളുണ്ട്, എല്ലാവർക്കും അവരവ രുടേതായ രീതിയിൽ അന്തഃസംഘർഷങ്ങളുണ്ട്. മനസ്സിൽ വീർപ്പുമുട്ടുന്ന, ശ്വാസംമുട്ടിക്കുന്ന അനുഭവങ്ങളുണ്ട്. എങ്ങനെ ഇനി അടുത്ത നിമിഷം ജീവിക്കേണ്ടൂ എന്ന് വലഞ്ഞുപോകുന്ന കാര്യങ്ങളുണ്ട്. ദുരിതത്തിൽപ്പെട്ടു വലയുകയല്ലേ മനുഷ്യരെല്ലാ വരും?

എന്നാൽ ഈ ദുരിതപൂരിതമായ ജീവിതത്തിൽ നാം സമ്പാദിക്കേണ്ട ഒരു വലിയ കാര്യമുണ്ട്. ജീവിതവസ്ത്രം അലക്കി എടുക്കുക. അതിനു ലഭിക്കുന്ന വിലപ്പെട്ട സമയം ഇന്നാണ്. അതുകൊണ്ട് ഈ ഭൂമിയിലെ ആയുസ്സു വിലയേറിയ താണ്.

നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, എന്റെ വസ്ത്രം അലക്കിത്തീരാതെ ഞാൻ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടല്ലേ. എന്റെ ശുദ്ധീകരണം തികയ്ക്കാതെ ഞാൻ മരിക്കാനിടവരല്ലേ. വിശുദ്ധിയെ തികയ്ക്കാതെ ഞാൻ കടന്നുപോകാനിടവരല്ലേ. മരണം അതിനുമുമ്പ് എന്നെ റാഞ്ചിക്കൊണ്ടുപോകല്ലേ. ജീവിതവസ്ത്രം അലക്കിത്തരണമേ. എന്നെ പൂർണ്ണമായി

ശുദ്ധീകരിക്കണമേ.

ഓരോ പ്രാവശ്യവും വചനം കേൾക്കുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളുടെ ജീവിതവസ്ത്രം അലക്കിക്കൊണ്ടിരിക്കുകയാണ്. ഒരുപക്ഷേ, ഒരുകാലത്ത് നാം പാപത്തിൽ ജീവിച്ചവരായിരിക്കാം. പ്രകടമായ പാപങ്ങളിൽ മുഴുകിപ്പോയി മദ്യപാനവും അശുദ്ധിയും ചീത്ത പ്രവൃത്തികളും ദുർന്നടപ്പുകളും കൊലപാതകങ്ങളും ഭ്രൂണഹത്യകളും കവർച്ചകളും കൊള്ളകളും അസൂയയും പകയും വിദ്വേഷവും വൈരാഗ്യവും എല്ലാം ഉള്ളവരായിരുന്നു. എന്നാൽ അതെല്ലാം മാറി. അതെല്ലാംവിട്ടു. ഇനി അങ്ങനെയുള്ള പാപപ്രവൃത്തികളിലേക്ക് പോവുകയില്ല എന്നു തീരുമാനിച്ചു. സത്യമാനസാന്തരം കിട്ടി.

അതൊരു വലിയ നേട്ടമാണ്. എന്നാൽ അതുകൊണ്ട് നാം തൃപ്തരാകരുത്. ജീവിതവസ്ത്രം ഇനിയും അലക്കേണ്ടിയിരിക്കുന്നു. നഗ്നരായി നടന്നവർക്ക് വസ്ത്രം കിട്ടി, നല്ലതാണ്. പക്ഷേ, ഈ വസ്ത്രം മുഷിഞ്ഞുപോയാൽ എന്തുചെയ്യും? വസ്ത്രം കറപറ്റിയാൽ എന്തു ചെയ്യും? കറപറ്റിയ വസ്ത്രത്തോടുകൂടി ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ഒക്കുകയില്ല.

പാപം വച്ചുകൊണ്ട് ദൈവരാജ്യത്തിൽ പ്രവേശിക്കാൻ പറ്റില്ല. അതുകൊണ്ട് ഇന്ന് വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. “ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽക്കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ.”

ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്കു കർത്താവിനോടു പറയാം. കർത്താവേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ആ തിരുരക്തത്താൽ എന്റെ ജീവിതവസ്ത്രം അലക്കിത്തരണമേ. എന്നെ നീ കഴുകണമേ. എന്റെ ഹൃദയത്തിലുള്ള തിന്മയും അസൂയയും ദുഷ്ടതയും നീ മാറ്റിത്തരണമേ. എന്റെ ഹൃദയത്തിൽ പ്രകടമായ

പാപമൊന്നുമില്ല എന്നു ഞാൻ ധരിച്ചപ്പോഴും എല്ലാ തിന്മയും അകത്തുണ്ടായിരുന്നു.

ചിന്തകളിലും വിചാരങ്ങളിലും വികാരങ്ങളിലും പാപമുണ്ടായിരുന്നു. ഞാൻ അത് ഇപ്പോൾ തിരിച്ചറിയുന്നു. നാഥാ! മുഴുവനായി കഴുകി എന്നെ വിശുദ്ധീകരിക്കണമേ. നിന്റെ രണ്ടാമത്തെ വരവിൽ പറന്നുയരുന്ന വിശുദ്ധന്മാരുടെ കൂട്ടത്തിൽ പറക്കുവാൻ എനിക്കു ഭാഗ്യം തരണമേ. എന്റെ ശരീരം രൂപാന്തരപ്പെട്ട്, അല്ല; ഞാൻ ഈ ഭൂമിയിൽനിന്നു കടന്നുപോയതിനു ശേഷമാണെങ്കിൽ ഞാൻ ഉയിർത്തെഴുന്നേറ്റ് തിരുസന്നിധിയിലേക്കു പറന്നു വരാൻ എന്നെ നീ യോഗ്യനാക്കിത്തീർക്കണമേ.

# രണ്ട്

*"അവൻ പിന്നെയും എന്നോടു പറഞ്ഞത്; സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു."*

*വെളിപ്പാട് 22 : 10 – 13*

ദൈവത്തിന്റെ പരിശുദ്ധാത്മാവ് തിരുവചനത്തിന്റെ അവസാനഭാഗത്ത് അന്തിമസന്ദേശമായി പറയുകയാണ്.

നിങ്ങളിൽ ചിലർ ചിന്തിക്കും: ഒന്നാം നൂറ്റാണ്ടിൽത്തന്നെ സമയം അടുത്തിരിക്കുന്നു എന്നു പറഞ്ഞു. ഇന്ന് 21–ാം നൂറ്റാണ്ടായി. എന്നിട്ടും കർത്താവു വന്നില്ലല്ലോ. ലോകം അവസാനിച്ചില്ലല്ലോ. വേഗം വരുന്നു എന്നു പറഞ്ഞിട്ട് എന്താണ് ഇതുവരെ വരാത്തത്?

അപ്പൊസ്തലനായ പത്രോസ് അതിനെക്കുറിച്ച് പറയുന്നുണ്ട്:

*"കർത്താവിന്നു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം*

*പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. ” 2 പത്രൊസ് 3 : 8 – 10*

എല്ലാവരും മാനസാന്തരപ്പെടുവാൻ കർത്താവ് ഇച്ഛിക്കുന്നു. ഓർത്തുനോക്കൂ. ഒരുകൊല്ലം മുമ്പാണ് കർത്താവ് വന്നിരുന്നതെങ്കിൽ നിങ്ങളിൽ പലരും രക്ഷപ്പെടുകയില്ലായിരുന്നല്ലോ. ഈ ഒരു കൊല്ലത്തിനിടയ്ക്ക് രക്ഷപ്പെട്ട എത്രയോപേരുണ്ട്. ആരും നശിച്ചുപോകാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യർ നിത്യ അന്ധകാരത്തിലേക്കു പോയാൽ, പിന്നെ രക്ഷപ്പെടാൻ സാധിക്കുകയില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ.

കർത്താവിന് ഒരുദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരുദിവസം പോലെയും ഇരിക്കുന്നു. ദൈവത്തിന്റെ കാലപരിഗണനന, മനുഷ്യന്റെ കാലപരിഗണനപോലെയല്ല. നൂറ്റാണ്ടുകൾ പിന്നിട്ടാലും അത് അടുത്തടുത്ത ദിവസങ്ങളായിട്ടേ ദൈവം കാണുന്നുള്ളൂ.

കാലം തീരാറായിരിക്കുന്നു. നമുക്കറിഞ്ഞുകൂടാ എപ്പോഴാണ് തീരുന്നതെന്ന്. ദൈവം മാത്രം അറിയുന്നു. പ്രവാചകന്മാർക്കറിഞ്ഞുകൂടാ, അപ്പൊസ്തലന്മാർക്കറിഞ്ഞുകൂടാ, സ്വർഗ്ഗത്തിലെ ദൂതന്മാർക്കും അറിഞ്ഞുകൂടാ. അത് കർത്താവായ യേശുക്രിസ്തുവിനുപോലും അറിഞ്ഞുകൂടാ. കർത്താവിന്റെ രണ്ടാമത്തെ വരവ് നിത്യനായ പിതാവിന്റെ സന്നിധിയിൽ മാത്രം അറിയാവുന്ന കാര്യമാണ്. എന്നാൽ കർത്താവു വരാറായി

എന്ന് ലോകസംഭവങ്ങൾ വിളിച്ചറിയിക്കുന്നു.

ഹർമ്മഗെദ്ദോൻ യുദ്ധത്തിനുള്ള എല്ലാവഴികളും തുറന്നു വരികയാണ്. അന്തിമ കാലത്തുവരുന്ന ആ ഭീകരമായ യുദ്ധം! ഹർമ്മഗെദ്ദോനിലേക്ക് കിഴക്കു നിന്നുള്ള രാജാക്കന്മാർക്കു കട ക്കാനുള്ള വഴികളും അതിനുള്ള യാത്രാസൗകര്യങ്ങളുമെല്ലാം ശരിയായി വരികയാണ്.

കിഴക്കുനിന്ന് ഹിന്ദുദേശം മുതൽ കൂശ്ദേശം വരെയുള്ള കിഴക്കൻ രാജാക്കന്മാർക്ക് അങ്ങോട്ട് ചെല്ലാനുള്ള വഴികളെല്ലാം തുറന്നുവരികയാണ്. ചൈനയിൽനിന്നും വടക്കൻ പ്രദേശങ്ങ ളിൽ നിന്നുമെല്ലാം സൈന്യസന്നാഹങ്ങൾ അങ്ങോട്ടു ചെല്ലും. 'ഹർമ്മഗെദ്ദോൻ' യുദ്ധം നടക്കാൻപോകുന്നു. ഒരു പക്ഷേ, അത് മൂന്നാം ലോകമഹായുദ്ധം ആയിക്കൂടെന്നില്ല.

അതുപക്ഷേ, ഭൂമിയിൽ ആയിരിക്കയില്ല. അന്തരീക്ഷ ത്തിൽ വിമാനങ്ങളിലായിരിക്കും. മൂന്നാം ലോകമഹായുദ്ധം ഭീകരമായിരിക്കും. ഹർമ്മഗെദ്ദോൻ യുദ്ധത്തിനുവേണ്ടി ഒരു ഭാഗം നയിക്കാനുള്ള അന്തിക്രിസ്തു എഴുന്നേറ്റുവരാറായിരി ക്കുന്നു. Anti Christ - എതിർക്രിസ്തു - വരാറായിരിക്കുന്നു. അന്തിക്രിസ്തുവിന്റെ ആത്മാവ് ഇപ്പോഴേ വ്യാപരിച്ചു തുടങ്ങി യിട്ടുണ്ട്.

> *"അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കു ന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപ്പോകമാത്രം വേണം. അപ്പോൾ അധർമ്മ മൂർത്തി വെളിപ്പെട്ടുവരും."*
>
> *2 തെസ്സലോനിക്യർ 2 : 7*

അധർമ്മമൂർത്തി വെളിപ്പെട്ടുവരുന്നതിന് തടസ്സം ഇപ്പോൾ തടുത്തുകൊണ്ടു നിൽക്കുന്ന പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് വഴിയിൽ നിന്നു മാറിക്കഴിഞ്ഞാൽ അവൻ അക്ഷരികമായി വെളിപ്പെട്ടുവരും.

എതിർക്രിസ്തു വെളിപ്പെടാറായി. ഹർമ്മഗെദ്ദോനിൽ

ക്രിസ്തുവിന്റെ മഹാസൈന്യവും എതിർക്രിസ്തുവിന്റെ സൈന്യവും തമ്മിൽ ഏറ്റുമുട്ടാറായിരിക്കുന്നു.

> *"കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും അനേകർ വന്നു ദൈവരാജ്യത്തിൽ പന്തിയിലിരിക്കും. മുമ്പന്മാരായി തീരുന്ന പിമ്പന്മാരുണ്ട്, പിമ്പന്മാരായി തീരുന്ന മുമ്പന്മാരും ഉണ്ട്."* *ലൂക്കൊസ് 13 : 29, 30*

മുൻപന്തിയിൽ നിന്നിരുന്ന ചില ദൈവമക്കൾ, മാനസാന്തരപ്പെട്ടിരുന്ന ദൈവമക്കൾ, കർത്താവിന്റെ വേലചെയ്ത ദൈവമക്കൾ പുറത്തുനിന്നു കരയും. പിമ്പന്മാരായിരുന്നവർ-ആദ്യകാലത്തു മാനസാന്തരപ്പെടാത്തവർ; ആദ്യകാലത്തു വചനം വിശ്വസിക്കപോലും ചെയ്യാത്തവർ-അവർ അകത്ത് രാജാധിരാജനോടുകൂടെ വാഴും. അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ പന്തിയിൽ ഇരിക്കും.

പരിശുദ്ധന്മാർ, ദൈവസന്നിധിയിൽ ആഘോഷത്തോടെ, ആരവാരത്തോടെ, ആരാധനയോടെ ഇരിക്കും. അപ്പോൾ അനേകംപേർ പുറത്ത് തള്ളപ്പെടും. പോകുവിൻ, നിങ്ങളെ ഞാൻ അറിയുന്നില്ല എന്നുകേട്ട് ഒരു വലിയപറ്റം ആളുകൾ പുറത്തു നിൽക്കുമ്പോൾ അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

> *"അവൻ പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ചു യെരൂശലേമിലേക്കു യാത്രചെയ്തു. അപ്പോൾ ഒരുത്തൻ അവനോട്: കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്നു ചോദിച്ചതിന്ന് അവനോടു പറഞ്ഞത്: ഇടുക്കു വാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴികയില്ലതാനും."* *ലൂക്കൊസ് 13 : 22 – 24*

ഇടുക്കുവാതിൽ കണ്ടെത്തുന്നവർപോലും ചുരുക്കമാണ്.

അനേകംപേർക്ക് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. പാവങ്ങൾ തപ്പിത്തടഞ്ഞു നടക്കുകയാണ്. തീർത്ഥാടനത്തിനുപോകുന്നു; പള്ളിപ്പെരുന്നാൾ ഏറ്റുകഴിക്കുന്നു; പെരുന്നാളിന്റെ റാസാ നയിക്കുന്നു. ഇതൊന്നും തെറ്റാണെന്നല്ല.

അനേകർ ചില ആചാരങ്ങൾ അനുഷ്ഠിക്കുന്നു; പ്രാർത്ഥനകൾ ചൊല്ലുന്നു; നമസ്ക്കാരങ്ങൾ ചൊല്ലുന്നു. ഇതെല്ലാം നല്ലതുതന്നെ. അർത്ഥവത്തായതുതന്നെ. എന്നാൽ അവസാനം ഈ വാതിൽ കണ്ടെത്തുന്നില്ല. ദൈവരാജ്യത്തിലേക്കുള്ള വാതിൽ എവിടെയാണ്? പിടികിട്ടുന്നില്ല. വാതിൽ പോലും കണ്ടെത്തുന്നില്ല. വാതിൽ കണ്ടെത്തുന്നവർ ചുരുക്കമാണ്. എന്നാൽ കണ്ടെത്തിയാൽതന്നെയും കടക്കുന്നില്ല. കാരണം ഇടുക്കുവാതിലാണ്.

ഇടുക്കുവാതിലൂടെ കടക്കാൻ പോരാടണം. ഒരു യുദ്ധം ആവശ്യമാണ്. പലരും കടക്കാൻ ശ്രമിക്കും, കഴികയില്ല. ആ വാതിലിൽക്കൂടി അകത്തുചെല്ലാൻ സാധിക്കുന്നത് മഹാഭാഗ്യമാണ്.

> *“ഇടുക്കു വാതിലൂടെ അകത്തുകടപ്പിൻ; നാശത്തിലേക്കുപോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ.”* *മത്തായി 7 : 13, 14*

കർത്താവ് വീണ്ടും പറയുന്നു: വാതിൽ കണ്ടെത്തി. ഇടുങ്ങിയ വാതിൽ ആണെന്നു മനസ്സിലായി. വാതിൽക്കൽ എത്തി പക്ഷേ, കടക്കാൻ പറ്റുന്നില്ല. അവിടെ പോരാടണം. പിതാക്കന്മാർ പാടി:

ജീവകരം മൃതികരമെന്നേവം
കണ്ടിരുസരണികൾ സഹദേന്മാർ
നൂതനമാം–ജീവിതമാർജ്ജിപ്പാൻ

ദുർഘടമാർഗ്ഗം കാംക്ഷിച്ചാർ
ദുഷ്ടാത്മാവൊടു പടവെട്ടി
ജയമോടേറിപ്പറയുന്നു
ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം
കർത്താവിൻ നാമം ധന്യം.

*"ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴികയില്ലതാനും എന്നു ഞാൻ നിങ്ങളോടു പറയുന്നു. വീട്ടുടയവൻ എഴുന്നേറ്റു കതകു അടെച്ചശേഷം നിങ്ങൾ പുറത്തു നിന്ന്: കർത്താവേ, തുറന്നു തരേണമേ എന്നു പറഞ്ഞുകൊണ്ട് കതകിന്നു മുട്ടിത്തുടങ്ങു മ്പോൾ: നിങ്ങൾ എവിടെ നിന്ന് എന്നു ഞാൻ അറിയുന്നില്ല, എന്നു അവൻ ഉത്തരം പറയും. അന്നേരം നിങ്ങൾ: നിന്റെ മുമ്പിൽ ഞങ്ങൾ തിന്നുകയും കുടിക്കയും ഞങ്ങളുടെ തെരുക്കളിൽ നീ പഠിപ്പിക്കയും ചെയ്തുവല്ലോ എന്നു പറഞ്ഞു തുടങ്ങും. അവനോ: നിങ്ങൾ എവിടെനിന്നു എന്നു ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോടുപറയുന്നു; അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോരേ, എന്നെ വിട്ടു പോകുവിൻ എന്നു പറയും. അവിടെ അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും, നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും."* *ലൂക്കൊസ് 13 : 24 – 28*

അതാണ് ഏറ്റവും വലിയ ദണ്ഡനം! അതാണ് ഏറ്റവും വലിയ കരച്ചിൽ!

പാപികൾ എല്ലാവരും പുറത്തുനിൽക്കേണ്ടിവരും. എന്നാൽ ഇന്ന് നമുക്ക് വസ്ത്രം അലക്കികിട്ടും. ഇന്ന് വിശുദ്ധ

രാകാം. വസ്ത്രം അലക്കുന്ന ഒരു വലിയ അലക്കുശാല ഉണ്ട്. ഒരു അലക്കുയന്ത്രം ഉണ്ട്. അത് ഗോഗുൽത്തായിലെ മരക്കുരിശിന്റെ ചുവട്ടിലാണ്; യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നനഞ്ഞ സ്വർഗ്ഗീയമായ അനുഭവമുള്ളിടത്താണ്.

നിങ്ങൾ അതിനുവേണ്ടി ബദ്ധപ്പെടേണ്ട. കാൽവറിയിൽ മരിച്ചവൻ, ഗോഗുൽത്തായിൽ മൂന്നാണിമേൽ തൂങ്ങിക്കിടന്നവൻ നിങ്ങളുടെ അരികിലേക്ക് വരികയാണ്. അവന്റെ ആണിപ്പാടുള്ള കരം നീട്ടിക്കൊണ്ട് മകനേ, നിന്റെ ഹൃദയം എനിക്കുതരിക, എന്റെ പ്രിയമകളേ, നിന്റെ ഹൃദയം എനിക്കുതരിക എന്നു പറഞ്ഞുകൊണ്ട് അവൻ കെഞ്ചിവിളിച്ചുകൊണ്ട് വരികയാണ്.

നിങ്ങളുടെ താറുമാറായ ജീവിതം, നിരാശപൂണ്ട ജീവിതം അവന്റെ കരങ്ങളിലേക്കു കൊടുക്കാം. ആത്മഹത്യ ചെയ്താൽ മതി, ഇനി ഞാൻ ആർക്കുവേണ്ടി ജീവിക്കണം എന്ന് നിരാശപൂണ്ട ജീവിതം അവന്റെ കരങ്ങളിലേക്കു കൊടുക്കാം. പാപത്തിൽ നശിച്ചുപോയ നിങ്ങളുടെ ജീവിതം അവന്റെ കരങ്ങളിലേക്ക് കൊടുക്കാം. അവൻ ഇതാ നിങ്ങളുടെ മുമ്പിൽ വന്ന് കെഞ്ചുന്നു.

മോനേ, നീ എന്നെ കാണുന്നില്ലേ? ഞാൻ നിന്റെ നാഥനല്ലേ? ഞാൻ നിന്റെ രക്ഷകനല്ലേ? നിനക്കുവേണ്ടി ഞാൻ രക്തം ചിന്തിയതല്ലേ? കുഞ്ഞേ, നിന്റെ ജീവിതം എന്റെ കരങ്ങളിലേക്കുതരൂ. കർത്താവു പറയുന്നു: ഞാൻ നിന്നെ അനുഗ്രഹിക്കാം, ഞാൻ നിന്റെ പാപങ്ങളെല്ലാം കഴുകിത്തരാം. വന്നുപോയതെല്ലാം ക്ഷമിച്ചു തരാം. നിന്റെ ജീവിതവസ്ത്രം അലക്കിത്തരാം. ഇപ്പോൾ നിങ്ങൾക്ക് ഒരു വാക്കു പറയാൻ പറ്റുമോ? കർത്താവേ, യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി ശുദ്ധീകരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നീ എന്നെ കഴുകണമേ. എന്റെ ജീവിതവസ്ത്രം അലക്കിത്തരണമേ. എന്നോടു മനസ്സലിയണമേ.

കഴിഞ്ഞ കാലങ്ങളിൽ വന്നുപോയ പാപങ്ങളൊന്നും എന്റെമേൽ കണക്കിടരുതേ. എന്റെമേലുള്ള എല്ലാ പാപവും മാറ്റി വസ്ത്രം അലക്കിയവനായി നിന്റെ സന്നിധിയിലേക്ക് വരാൻ യോഗ്യനാക്കിത്തീർക്കണമേ. നീ മനസ്സലിഞ്ഞ് നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. നാഥാ! എന്നെ അനുഗ്രഹിക്കണമേ. എന്റെ സകലശാപങ്ങളും മാറ്റണമേ. പൈശാചികബന്ധനങ്ങളെ അഴിക്കണമേ. സാത്താന്യ ബാധകൾ മാറ്റണമേ. പാപത്തിന്റെ എല്ലാ തിന്മകളും എന്നിൽ നിന്ന് ദൂരീകരിക്കണമേ. സാത്താൻ അവകാശം പറയുന്ന എല്ലാത്തിൽനിന്നും എനിക്ക് മോചനം തരണമേ. ഇന്നുമുതൽ ഞാൻ യേശുവിന്റെ വക. ഇന്നുമുതൽ ഞാൻ പുതിയ സൃഷ്ടി.

## മൂന്ന്

*“അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തുതന്നേ.”*

*വെളിപ്പാട് 22 : 12 – 15*

“നിങ്ങൾക്ക് സ്വാതന്ത്ര്യം തന്നിരിക്കുന്നു. അനീതി ചെയ്യണമോ? ചെയ്തുകൊള്ളൂ. അഴുക്കിൽ രസിച്ചുകൊള്ളൂ. വേണ്ട എന്നു പറയുന്നില്ല. നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളൂ. പക്ഷേ, ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്.” കൂലി അവന്റെ കൈയിൽ ഉണ്ട്. പ്രതിഫലം തരാനായിട്ട് അവൻ വരും.

വിശുദ്ധരായി, വിശ്വസ്തരായി ജീവിച്ചവർക്ക് പ്രതിഫലം ലഭിക്കുന്നു. ദൈവത്തോടുള്ള സഖിത്വത്തിൽ ജീവിച്ചവർക്ക്, ദൈവത്തോടുള്ള കൂട്ടായ്മയിൽ ജീവിച്ചവർക്ക് പ്രതിഫലം കിട്ടുന്നു. പിതാവായ ദൈവത്തോടും അവന്റെ പുത്രനായ

ക്രിസ്തുവിനോടുമുള്ള ബന്ധം. അതാണ് കൂട്ടായ്മ.

നമ്മുടെ കൂട്ടായ്മയോ പിതാവായ ദൈവത്തോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു എന്ന് അപ്പൊസ്തലനായ യോഹന്നാൻ തന്റെ ലേഖനത്തിൽ എഴുതി. അത് ആത്മാവിലുള്ള കൂട്ടായ്മയാണ്. അങ്ങനെ ജീവന്റെ പുസ്തകത്തിൽ അധികാരം വേണമെങ്കിൽ പിതാവിനോടും അവന്റെ പുത്രനായ യേശുവിനോടും കൂട്ടായ്മ വേണം. ഏതുവേണമെന്ന് നിങ്ങൾക്ക് തിരഞ്ഞെടുക്കാം. അത് നിങ്ങൾക്ക് വിട്ടുതന്നിരിക്കുന്നു.

ഈ ഭൂമിയിൽവച്ച് വസ്ത്രം അലക്കണം; ഈ ആയുസ്സിൽ വസ്ത്രം അലക്കണം; ഈ ശരീരത്തിൽ ജീവനുള്ളകാലത്ത് വസ്ത്രം അലക്കണം; ശരീരത്തിൽ ജീവനുള്ള കാലത്ത് വിശുദ്ധീകരണം പ്രാപിക്കണം; കറകൾ കഴുകപ്പെടണം; മാലിന്യങ്ങൾ മാറ്റപ്പെടണം; അശുദ്ധി നീക്കപ്പെടണം; എല്ലാ അഴുക്കും മാറണം. ഇവിടെവച്ച് അത് സാധിച്ചുകിട്ടണം.

എങ്ങനെയാണ് വസ്ത്രം അലക്കുന്നത്?

*"ഇവർ മഹാ കഷ്ടത്തിൽനിന്ന് വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു."* *വെളിപ്പാട് 7 : 14*

സ്വർഗ്ഗരാജ്യത്തിനകത്തു കയറിയവർ പീഡയേറ്റു വലഞ്ഞുവന്നവരാണ്; ദുരിതമേറ്റ്, യാതനകളേറ്റ് വലഞ്ഞവരാണ്; മഹാകഷ്ടത്തിൽനിന്നു വന്നവരാണ്; പക്ഷേ, അവർ തങ്ങളുടെ വസ്ത്രം കുഞ്ഞാടിന്റെ രക്തത്തിൽ അലക്കിവെളുപ്പിച്ചിരിക്കുന്നു. രക്തത്തിൽ അലക്കി, വെളുപ്പുനിറം കിട്ടി. എന്താണതിന്റെ അർത്ഥം? ജീവിതം വിശുദ്ധമായി!

കർത്താവായ യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്തിൽ തങ്ങളുടെ ജീവിതവസ്ത്രം അലക്കി കഴുകി എടുത്തു. ഇവിടെവച്ച് ശരീരത്തിലിരിക്കുമ്പോൾ അത് സാധിക്കണം.

ഏതു മഹാപാതകം ചെയ്താലും മ്ലേച്ഛപാപം ചെയ്താലും ഏതെല്ലാം കുത്സിത പ്രവൃത്തിയിൽ കുടുങ്ങിപ്പോയാലും ശരീരത്തിൽ ഇരിക്കുമ്പോൾ അതിനെല്ലാം മോചനമുണ്ട്. ഇവിടെവച്ച് അനുതപിച്ചാൽ മോചനമുണ്ട്. ഇവിടെവച്ച് പ്രാർത്ഥിച്ചാൽ വിമോചനമുണ്ട്. ദൈവത്തിൽ ആശ്രയിച്ച് കർത്താവായ യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കാൻ മനസ്സുവച്ചാൽ ഇവിടെവച്ച് കഴുകൽ കിട്ടും. മരണശേഷം അത് സാധ്യമല്ല.

അതുകൊണ്ട് നമ്മുടെ ആയുസ്സ് വിലയേറിയതാണ്. ഈ ആയുസ്സിൽവേണം നമുക്ക് സ്വർഗ്ഗം വേണമോ നരകം വേണമോ എന്നു തീരുമാനിക്കാൻ. മരണശേഷമുള്ള സ്വർഗ്ഗം, മരണശേഷമുള്ള നരകം, അതിൽ ഏതാണു വേണ്ടതെന്ന് തിരഞ്ഞെടുക്കുവാനുള്ള സമയം ഈ ഭൂമിയിലെ ആയുഷ്ക്കാലമാണ്.

നമുക്കു ലഭിച്ചിരിക്കുന്ന ചുരുങ്ങിയ ഒരു കാലം. നിത്യതയോട് താരതമ്യപ്പെടുത്തിയാൽ ഈ ആയുസ്സ് എത്രയോ നിസ്സാരമാണ്. നിത്യത അനന്തമാണ്. നിത്യത ആയിരമോ പതിനായിരമോ വർഷങ്ങളല്ല, ലക്ഷങ്ങളല്ല, കോടികളല്ല, കോടാനുകോടി വർഷങ്ങൾ. അത് യാതനയാണോ വേണ്ടത് നിത്യസ്വർഗ്ഗസൗഭാഗ്യമാണോ വേണ്ടത് എന്ന് അവരവരാണ് തീരുമാനിക്കേണ്ടത്.

ഭാര്യ തീരുമാനമെടുത്താൽ പോരാ, മക്കൾ തീരുമാനമെടുത്താൽ പോരാ, ഭർത്താവ് തീരുമാനമെടുത്താൽ പോരാ, മാതാപിതാക്കൾ തീരുമാനമെടുത്താൽ പോരാ, അവനവനാണ് തീരുമാനിക്കേണ്ടത് ഞാൻ സ്വർഗ്ഗത്തിൽ പോകണമോ അതോ നരകത്തിൽ പോകണമോ എന്ന്. പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. സ്വർഗ്ഗം ഉണ്ട്, നരകവും ഉണ്ട്.

ക്രിസ്തുവുണ്ട്, എതിർക്രിസ്തുവുണ്ട്; സ്വർഗ്ഗസൗഭാഗ്യമുണ്ട്, നരക ഭീകരയാതനയുണ്ട്. ഒരു ദിവസം നാം എല്ലാം നേരിൽ കാണും. ഇപ്പോൾ കണ്ണാടിയിൽ കടമൊഴിയായി

കാണുന്നു, അപ്പോൾ മുഖാമുഖമായി കാണും. എല്ലാം നേരിൽ കാണുന്ന ഒരു സമയം വരും. അന്ന് മാനസാന്തരപ്പെടാൻ അവസരമില്ല. അതുകൊണ്ട് ഇന്ന് ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ജീവിതവസ്ത്രം അലക്കിയെടുക്കണം. ഓർമ്മവെച്ച കാലം മുതലുള്ള പാപങ്ങൾ! തിരിഞ്ഞുനോക്കിയാൽ എന്തെല്ലാം തെറ്റുകളാണ് സംഭവിച്ചത്? ആർക്കുണ്ട് അഭിമാനിക്കാൻ? ഞാൻ പൂർണ്ണനായി എന്നു പറയാൻ! ആർക്കും സാധ്യമല്ല. തെറ്റുകളുടെ കൂമ്പാരമല്ലേ നമ്മുടെ ജീവിതത്തിൽ വന്നുപോയത്?

എത്രയെത്ര പാപങ്ങൾ! നമ്മുടെ ചിന്താമണ്ഡലം മുഴുവൻ പാപമായിരുന്നില്ലേ? തീരെ കൊച്ചുകുട്ടിയായിരുന്നകാലം മുതലേ അശുദ്ധമായ ചിന്തകൾ ഹൃദയത്തിൽ കടന്നുവരുന്നു, തലച്ചോറിൽ കടന്നുവരുന്നു. ബുദ്ധി പാപത്തിനു വിട്ടുകൊടുക്കുന്നു. ചിന്താമണ്ഡലം പാപമായിത്തീരുന്നു. വികാരമണ്ഡലം പാപമായിത്തീരുന്നു. വികാരങ്ങളും വിചാരങ്ങളും പാപം. തലമുഴുവൻ ദീനവും ഹൃദയംമുഴുവൻ രോഗവും പിടിച്ചിരിക്കുന്നു എന്ന് പ്രവാചകനായ യെശയ്യാവ് പറഞ്ഞത് അർത്ഥവത്താണ്. തലയിലെ വിചാരങ്ങൾ എല്ലാം പാപം, ഹൃദയത്തിലെ ആഗ്രഹങ്ങൾ, മോഹങ്ങൾ എല്ലാം പാപം.

> *"ആകാശമേ, കേൾക്ക; ഭൂമിയേ, ചെവിതരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുല്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ, പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു. ഇനി*

*നിങ്ങളെ അടിച്ചിട്ട് എന്ത്? നിങ്ങൾ അധികം അധികം പിന്മാറുകേയുള്ളു; തലമുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്തവ്രണവും മാത്രമേ ഉള്ളു; അവയെ ഞെക്കി കഴുകീട്ടില്ല, വെച്ചുകെട്ടീട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല.”* *യെശയ്യാവ് 1 : 2 – 6*

പ്രിയപ്പെട്ടവരേ, ഇന്ന് എണ്ണ, ഗിലെയാദിലെ സുഗന്ധ തൈലം പുരട്ടാം. ഗോഗുൽത്തായിലെ തിരുരക്തത്താൽ കഴുകൽ പ്രാപിക്കാം. ഇന്ന് ഏതു പാപിക്കും, എത്ര ഹീനജീവിതം നയിച്ചവനും രക്ഷയുണ്ട്. ഇന്ന് ജീവിതം കഴുകിയെടുക്കാം.

സഹോദരങ്ങളേ, ചിന്തിക്കൂ: ജീവിതവസ്ത്രം ഇനിയും അലക്കേണ്ടതില്ലേ? ഇനിയും കഴുകൽ കിട്ടേണ്ട കാര്യങ്ങളില്ലേ? സ്വാർത്ഥത, അഹങ്കാരം, തന്നിഷ്ടം, മാതാപിതാക്കളോടുള്ള അനുസരണക്കേട്, ഭർത്താവിന് വിനയപ്പെടാത്ത സ്വഭാവം, ഭാര്യയെ സ്നേഹിക്കാത്ത സ്വഭാവം, മക്കളെ കരുതാത്ത സ്വഭാവം, എല്ലാം മാറിയോ?

നിങ്ങൾ മക്കൾക്ക് വിദ്യാഭ്യാസം കൊടുത്തു, അവർക്കു ജോലി വാങ്ങിച്ചുകൊടുത്തു, നല്ല സ്ഥാനമാനങ്ങൾ കൊടുത്തു, അവർക്കു വീടുവച്ചു കൊടുത്തു, ഈ ലോകത്ത് മക്കൾക്കുവേണ്ടി പലതും നാം കരുതി. നല്ലത്. പക്ഷേ, അവരുടെ ആത്മാവിന്റെ കാര്യമോ? മരണശേഷമുള്ള കാര്യമോ? സ്വർഗ്ഗീയ കൊട്ടാരം – Heavenly palace, അതു കൊടുക്കുവാൻ സാധിച്ചുവോ? എന്റെ മക്കൾ ഇന്നു കടന്നുപോയാൽ ദൈവരാജ്യത്തിൽ പോകുമോ? ചിന്തിച്ചിട്ടുണ്ടോ?

എന്നാൽ അവരെക്കുറിച്ച് നിങ്ങൾക്ക് ആവലാതിയുണ്ട്. അവർക്ക് അഡ്മിഷൻ കിട്ടിയില്ലെങ്കിൽ നിങ്ങൾക്ക് വേവലാതിയുണ്ട്. അവർക്ക് പരീക്ഷ പാസ്സാവാൻ പറ്റിയില്ലെങ്കിൽ നിങ്ങൾക്ക് ദുഃഖമുണ്ട്. അവർക്ക് ജോലി കിട്ടിയില്ലെങ്കിൽ

നിങ്ങൾക്കു വേദനയുണ്ട്. അവരുടെ വിവാഹം നടന്നില്ലെങ്കിൽ നിങ്ങൾക്ക് പ്രയാസമുണ്ട്. എന്നാൽ മക്കൾ നശിക്കുന്നതിൽ നിങ്ങൾക്ക് പ്രയാസമുണ്ടോ? അനേകർ ഇന്ന് മക്കളെക്കുറിച്ച് വേദനിച്ച് പുളയുന്നുണ്ട്. പക്ഷേ, ചെയ്യേണ്ടതു ചെയ്യുന്നില്ല. അപ്പനും അമ്മയും പാപത്തിൽ കിടക്കുന്നു; ഭർത്താവും ഭാര്യയും പാപത്തിൽ മുഴുകി ജീവിക്കുന്നു. ആർക്കും അതിൽ നിന്നു കരകയറണമെന്ന് വിചാരമില്ല. പിന്നെ മക്കൾ എങ്ങനെ ശരിയാകും?

എന്നാൽ മക്കളുടെ വിദ്യാഭ്യാസത്തിലും. ഉന്നതമായ ജോലിയിലും സംതൃപ്തരായി അഭിമാനംപൂണ്ടു കഴിയുന്നവരുണ്ട്. അഭിമാനിക്കാൻ എന്തുണ്ട്? കർത്താവായ യേശുക്രിസ്തു ഇല്ലെങ്കിൽ അഭിമാനിക്കാൻ ഒന്നുമില്ല. യേശുക്രിസ്തു ഹൃദയത്തിലില്ലെങ്കിൽ സന്തോഷിക്കാൻ ഒന്നുമില്ല.

നമ്മുടെ ആത്മാവിനെക്കുറിച്ച് ദൈവത്തിന് കരുതലുണ്ട്. അതുകൊണ്ടാണ് നമ്മുടെ ആത്മാവിനെ രക്ഷിക്കാൻ കർത്താവായ യേശുക്രിസ്തു ഭൂമിയിലേക്കു വന്നത്. യേശുക്രിസ്തു മുപ്പത്തിമൂന്നരക്കൊല്ലം ഈ ഭൂമിയിൽ ജീവിച്ചു. ഒടുവിലത്തെ മൂന്നരവർഷം യേശുക്രിസ്തു പരസ്യശുശ്രൂഷ ചെയ്തു. ഇരുന്നൂറു നാഴിക ചുറ്റളവിനുള്ളിൽ സഞ്ചരിച്ചു.

യേശുക്രിസ്തു രോഗികളെ സൗഖ്യമാക്കി; പാപികൾക്ക് പാപമോചനം കൊടുത്തു; മനുഷ്യരുടെ കല്ലിച്ച ഹൃദയങ്ങളെ തകർച്ചയുള്ളതാക്കി മാറ്റി; യേശുക്രിസ്തു മനുഷ്യരോടുകൂടെ, അവരെപ്പോലെ ജീവിച്ചു. അവരെപ്പോലെ ഭക്ഷിച്ചു. അവരെപ്പോലെ പാനം ചെയ്തു. അവരെപ്പോലെ ഉറങ്ങി. എന്നാലോ, മനുഷ്യരെപ്പോലെ പാപം ചെയ്തില്ല.

യേശുക്രിസ്തു പാപമില്ലാത്തവനായിരുന്നു. പാപമില്ലാത്ത യേശുക്രിസ്തു എന്തിനാണ് ക്രൂശിക്കപ്പെട്ടത്? ഒരു പാപവും ചെയ്യാത്തവനായ യേശുക്രിസ്തുവിന് എന്താണ് ക്രൂശുമരണം ലഭിച്ചത്? മനുഷ്യൻ പാപം ചെയ്തു. പാപി

ശിക്ഷ അനുഭവിച്ചേ പറ്റൂ. പാപത്തിന്റെ ശമ്പളം മരണമാണ്.

പാപത്തിന്റെ ശമ്പളമായ മരണം കർത്താവ് ഏറ്റെടുത്തു. മനുഷ്യന്റെ പാപം മുഴുവൻ യേശുവിന്റെ തലമേലായി. എന്റെ സ്വഭാവദൂഷ്യം, എന്റെ ജീവിതത്തിലുള്ള മാലിന്യങ്ങൾ, എന്റെ ഹൃദയത്തിലുള്ള ചീത്ത വികാരങ്ങൾ, എന്റെ മനസ്സിലുള്ള ചീത്ത ചിന്തകൾ, എന്റെ ഹൃദയത്തിലുള്ള തിന്മകൾ ഇതെല്ലാം യേശു ഏറ്റെടുത്തു. മനുഷ്യജാതി മുഴുവന്റേയും പാപം യേശു ഏറ്റെടുത്തു. അതുകൊണ്ട് പാപത്തിന്റെ ശമ്പളമായ മരണം യേശു ഏറ്റെടുക്കേണ്ടിവന്നു. നമ്മുടെ ശിക്ഷ ഒഴിവാക്കിത്തന്നു; നമുക്ക് പാപമോചനം തന്നു. നമ്മെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കിത്തീർത്തു. ഈ മഹാസൗഭാഗ്യത്തിന്റെ കാര്യം അനേകർ അറിയുന്നില്ല. എന്റെ കർത്താവേ, നീ എന്റെ പാപം മോചിച്ചല്ലോ എന്നോർത്ത് ദൈവത്തെ സ്തുതിക്കുന്നില്ല.

ഓർമ്മവെച്ച കാലം മുതലുള്ള ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ എണ്ണിയാൽ തീരാത്ത പാപങ്ങളല്ലേ ഉള്ളത്! എന്തെല്ലാം പാപങ്ങളാണ്! നമ്മുടെ പെരുമാറ്റങ്ങളിൽ പാപം; സംസാരങ്ങളിൽ പാപം; പ്രവൃത്തികളിൽ പാപം; മനോഭാവങ്ങളിൽ പാപം; സ്വഭാവം മുഴുവൻ ഹീനമല്ലായിരുന്നുവോ? കോപവും വാശിയും അല്ലായിരുന്നോ? വഴക്കും പിണക്കവുമല്ലായിരുന്നോ? നല്ല വാശിയോടുകൂടി തർക്കിക്കുകയും തർക്കുത്തരം പറയുകയും ചെയ്യുമായിരുന്നില്ലേ?

അധ്യാപകരെ മാനിച്ചിട്ടുണ്ടോ? മാതാപിതാക്കളെ ആദരിച്ചിട്ടുണ്ടോ? നമ്മുടെ സ്നേഹം പൈശാചികമായ സ്നേഹമായിരുന്നില്ലേ? ഇങ്ങോട്ട് ഉപകാരം ചെയ്യുമ്പോഴും അങ്ങോട്ട് ഉപദ്രവം ചെയ്യുന്ന സ്നേഹം. മാനുഷികമായ സ്നേഹമുണ്ട്; ഇങ്ങോട്ട് ഉപകാരം ചെയ്താൽ അങ്ങോട്ട് ഉപകാരം ചെയ്യും. എന്നാൽ യേശുക്രിസ്തു കാണിച്ചുതന്നു, ഇങ്ങോട്ട് ഉപദ്രവം ചെയ്യുമ്പോഴും അങ്ങോട്ട് ഉപകാരം ചെയ്യുന്ന സ്നേഹം! അതാണ് ദൈവികമായ സ്നേഹം!

ദൈവികമായ സ്നേഹം കാണിച്ചുതന്ന് കർത്താവ് തന്റെ ജീവിതം മാതൃകയാക്കിത്തന്നു. ഇപ്പോൾ നിങ്ങൾക്കു തീരുമാനിക്കാം. കർത്താവേ, ഞാനിതാ എന്നെ നിനക്ക് തരുന്നു. കർത്താവേ, എന്റെ പാപക്കറകൾ കഴുകിത്തരണമേ. എന്നെ നീ വീണ്ടെടുക്കണമേ. എന്നെ രക്ഷിക്കണമേ. എന്റെ പാപങ്ങൾ കണക്കിടല്ലേ. ഇപ്പോൾ നാഥാ! നിന്റെ തൃക്കരം എന്റെമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ.

# നാല്

*“അവന്റെ കാവൽക്കാർ കുരുടന്മാർ; അവരെല്ലാവരും പരിജ്ഞാനമില്ലാത്തവർ, അവരെല്ലാവരും കുരപ്പാൻ വഹിയാത്ത ഊമനായ്ക്കൾ തന്നേ.”*

*യെശയ്യാവ് 56 : 10*

നായ്ക്കൾ കുരയ്ക്കുന്നില്ലെങ്കിൽ എന്തു പ്രയോജനം? നായ്ക്കളെ വളർത്തുന്നുണ്ട്. ആഹാരം കൊടുക്കുന്നുണ്ട്. കൊഴുത്തു വളരുന്നുണ്ട് പക്ഷേ, മിണ്ടില്ല. ഇന്ന് പലരും ഊമ നായ്ക്കളാണ്. യജമാനന്റെ സ്വത്ത് കാവൽ ചെയ്യാൻ മടിച്ചു നിൽക്കുന്നു.

നായ്ക്കൾ യജമാനന്റെ സ്വത്ത് കാവൽ ചെയ്യേണ്ടവരാണ്. യജമാനന്റെ സ്വത്ത് നമ്മുടെ ഓരോരുത്തരുടേയും ആത്മാക്കളാണ്. ആത്മാവിനെ കാവൽ ചെയ്യുന്നില്ല. ആത്മാവിന്റെ കാര്യം ആരും ചിന്തിക്കുന്നില്ല. ഇന്ന് ഞാൻ മരിച്ചാൽ ദൈവരാജ്യത്തിൽ പോകുമോ? ആരും ചിന്തിക്കാറില്ല. ആത്മാവിനെക്കുറിച്ചു ചിന്തിക്കണം. ആത്മാവിനെക്കുറിച്ച് കരുതൽ വേണം.

*“വേശ്യയുടെ കൂലിയും നായുടെ വിലയും നിന്റെ ദൈവമായ യഹോവയുടെ ആലയത്തിലേക്ക് യാതൊരു നേർച്ചയായിട്ടും കൊണ്ടുവരരുത്; ഇവ രണ്ടും നിന്റെ ദൈവമായ യഹോവയ്ക്ക് അറെപ്പാകുന്നു.”* *ആവർത്തനപുസ്തകം 23 : 18*

നായയെ ഒരു ഹീനജീവിയായിട്ടാണ് കർത്താവ് കാണു

ന്നത്. അതുകൊണ്ടാണ് സുറൊഫൊയീക്യ ജാതിയിലുള്ള സ്ത്രീയോട്: “മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല” എന്നാണ് യേശു പറഞ്ഞത്. ആ പുറജാതിസ്ത്രീ വന്നപ്പോൾ അവളെ ഒരു നായ്ക്കുട്ടി ആയിട്ടാണ് കാണുന്നത്. വൃത്തിയില്ലാത്ത ജീവി. അഴുക്കിൽ ആണ്ടുപോകുന്ന ഒരു ജീവി. ഒരു മടിയുമില്ലാതെ അഴുക്കിൽ ജീവിക്കുന്ന ജീവിയാണ് നായ്. തിരുവചനപ്രകാരം നായ് ഒരു നികൃഷ്ട ജീവിയാണ്.

> *“എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു.”* *2 പത്രൊസ് 2 : 22*

സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായ്! നായ്, ഛർദ്ദിച്ചു കളഞ്ഞത് പിന്നേയും തിരിഞ്ഞ് ഭക്ഷിക്കുന്നു. എത്ര അറപ്പുള്ള കാര്യം! അടുക്കാൻ വയ്യ. അത് ദുർഗന്ധം നിറഞ്ഞതാണ്. പക്ഷേ, നായയ്ക്ക് ഒരു പ്രയാസവുമില്ല. നായ് താൻ തന്നെ ഛർദ്ദിച്ചത് തിരിഞ്ഞ് ഭക്ഷിക്കുന്നു.

അനേകർ ഇന്ന് ഇതുപോലെയാണ്. മദ്യപാനം വെടിഞ്ഞതാണ്; പക്ഷേ, വീണ്ടും മദ്യപാനം തുടങ്ങി. അഴുക്കുജീവിതം വേണ്ട എന്നു വച്ചതാണ്; പക്ഷേ, പിന്നെയും അത് തുടങ്ങി. കോപവും വാശിയും ഇനി വരികയില്ല എന്നു തീരുമാനിച്ചതാണ്; പക്ഷേ, പിന്നെയും അതു തുടങ്ങി. ഇനി ഞാൻ വഴക്കടിക്കയില്ല; ഇനി ഞാൻ കോപിക്കയില്ല; ഇനി ഞാൻ ഭാര്യയോടു കലഹിക്കയില്ല; ഞാൻ അനുസരണക്കേടു കാണിക്കയില്ല; ഇനി ഞാൻ മാതാപിതാക്കളെ അനുസരിക്കും എന്നു തീരുമാനിച്ചതാണ്; പക്ഷേ, പിന്നെയും അനുസരണക്കേട് വരുന്നു.

ഇനി ഞാൻ കഞ്ചാവ് ഉപയോഗിക്കുകയില്ല; ഇനി മയക്കുമരുന്ന് ഉപയോഗിക്കുകയില്ല എന്നു തീരുമാനമെടുത്തതാണ്, പക്ഷേ, പിന്നെയും അത് ഉപയോഗിക്കുന്നു. ഇനി ഞാൻ പ്രേമ

ക്കുരുക്കിന്റെ പിന്നാലെ പോകുകയില്ല; പ്രേമബന്ധങ്ങളുടെ പിന്നാലെ പോകുകയില്ല; അതെല്ലാം എന്നെ നശിപ്പിക്കുന്ന കാര്യങ്ങളാണ്; വേണ്ട എന്നു തീരുമാനിച്ചു. പക്ഷേ, അനേകർ ഇന്ന് വീണ്ടും പ്രണയബന്ധത്തിന്റെ കുരുക്കിൽപ്പെട്ടു വലയുകയാണ്. നാശമാണെന്ന് അറിയുന്നില്ല.

കോളേജ് ഹോസ്റ്റലിലും മറ്റും നടക്കുന്ന റാഗിംഗ് എത്ര ഭീകരമാണ്! എത്ര ഭയാനകമാണ്! പാവപ്പെട്ട ഒന്നാം വർഷ വിദ്യാർത്ഥി പേടിച്ചു വിറച്ചു നിൽക്കുമ്പോൾ ദുഷ്ടന്മാരായ സീനിയർ വിദ്യാർത്ഥികൾ അവരെ കഠിനമായി മർദ്ദിക്കുന്നു; ഉപദ്രവിക്കുന്നു. മദ്യപിക്കാൻ രൂപകൊടുത്താൽ മതി, മർദ്ദനമുണ്ടാവുകയില്ല. ചെയ്യുന്ന കാര്യങ്ങൾ കേട്ടാൽ അറപ്പു തോന്നും. നിങ്ങളുടെ മക്കൾ അനുഭവിക്കുന്ന യാതനകൾ മാതാപിതാക്കളായ നിങ്ങളാരും അറിയുന്നില്ല. കോളേജ് ഹോസ്റ്റലുകളിൽ അനുഭവിക്കുന്ന യാതനകൾ. മനുഷ്യൻ മൃഗമായി മാറുന്ന രംഗങ്ങൾ.

നായ്ക്കൾ! വേണ്ട എന്നുവച്ചു, എന്നാൽ പിന്നെയും ആരംഭിക്കുന്നു. വേണ്ട എന്നുവച്ച പാപങ്ങൾ ഏതെങ്കിലും നിങ്ങളുടെ ജീവിതത്തിലേക്കു വീണ്ടും വന്നുവോ? അനേകർ ഇന്ന് ഛർദ്ദിക്കു തിരിഞ്ഞ നായയെപ്പോലെ ഉപേക്ഷിച്ചത് വീണ്ടും എടുത്ത് ഭക്ഷിച്ച് നശിച്ചുകൊണ്ടിരിക്കുകയാണ്. അപകടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. പാപത്തിലേയ്ക്ക് പോകരുത്. പാപം വിട്ട് മുന്നോട്ടു വരിക. അഥവാ പിന്മാറിപ്പോയോ? ഇന്ന് നിങ്ങൾ ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വ്യക്തമായ തീരുമാനമെടുക്കുക. കർത്താവേ, എന്റെ ജീവിതത്തിൽ പിന്മാറ്റം വന്നുപോയി. നായയെപ്പോലെ ഞാൻ ഛർദ്ദിച്ചതു ഭക്ഷിച്ചുപോയി. വേണ്ട എന്നു തീരുമാനിച്ച് ഉപേക്ഷിച്ചുകളഞ്ഞത് ഞാൻ പിന്നെയും സ്വീകരിച്ചുപോയി. കർത്താവേ, എന്നോടു ക്ഷമിക്കണമേ.

ഞാൻ അഹങ്കരിക്കുകയില്ല എന്ന് തീരുമാനിച്ചു. പിന്നെയും അഹങ്കാരം വന്നുപോയി. ദുരഭിമാനം വരികയില്ല എന്ന് തീരു

മാനിച്ചു. പിന്നെയും പൊങ്ങച്ചം വന്നുപോയി. ഞാൻ ഇനി നുണ പറയുകയില്ല എന്നു തീരുമാനിച്ചതാണ്. പക്ഷേ, പിന്നെയും ഞാൻ വ്യാജം പറഞ്ഞുപോയി. എന്റെ ദൈവമേ, തെറ്റുകൾ സംഭവിച്ചുപോയി. നാഥാ, നീ എന്നോടു ക്ഷമിക്കണം. നീ ക്ഷമിച്ചില്ലെങ്കിൽ ഞാൻ എന്തുചെയ്യും? ഞാൻ നിത്യ നരകാഗ്നിയിലേക്ക് പോകുമല്ലോ. സ്വർഗ്ഗരാജ്യത്തിനു പുറത്തായി പോകുമല്ലോ.

ക്ഷുദ്രക്കാർ, കൂടോത്രം ചെയ്യുന്നവർ; മന്ത്രവാദം ചെയ്യുന്നവർ; കവടി നിരത്തുന്നവർ; ലക്ഷണം നോക്കുന്നവർ; രാഹുകാലം നോക്കുന്നവർ; ശകുനം നോക്കുന്നവർ; മുഖലക്ഷണം നോക്കുന്നവർ; കൈരേഖനോക്കുന്നവർ; ഇതെല്ലാം ശാസ്ത്രമാണെന്നു പറഞ്ഞാണ് പലരും ചെയ്യുന്നത്.

അനേകർ ഇന്ന് അന്ധവിശ്വാസത്തിൽ കുടുങ്ങിക്കിടക്കുകയാണ്. രാഹുകാലം കഴിഞ്ഞിട്ടേ കല്യാണം കെട്ടിക്കുകയുള്ളൂ. രാഹുകാലം കഴിഞ്ഞിട്ടേ ജോലിക്കുവേണ്ടി പുറപ്പെടുകയുള്ളൂ. ഇങ്ങനെയുള്ള ചില തെറ്റായ പ്രവണതകളിൽ അനേകർ കുടുങ്ങിക്കിടക്കുകയാണ്.

> *‘‘അഞ്ചാം സംവത്സരത്തിലോ നിങ്ങൾക്ക് അതിന്റെ ഫലം തിന്നാം; അങ്ങനെ അതിന്റെ അനുഭവം നിങ്ങൾക്ക് വർദ്ധിച്ചുവരും; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. രക്തത്തോടു കൂടിയുള്ളത് തിന്നരുത്; ആഭിചാരം ചെയ്യരുത്; മുഹൂർത്തം നോക്കരുത്: നിങ്ങളുടെ തലമുടി ചുറ്റും വിളുമ്പു വടിക്കരുത്; താടിയുടെ അറ്റം വിരൂപമാക്കരുത്. മരിച്ചവന്നുവേണ്ടി ശരീരത്തിൽ മുറിവുണ്ടാക്കരുത്; മെയ്മേൽ പച്ച കുത്തരുത്; ഞാൻ യഹോവ ആകുന്നു.’’*
>
> *ലേവ്യപുസ്തകം 19 : 25 – 28*

> *“നിങ്ങൾ എന്റെ ശബ്ബത്തുകൾ പ്രമാണിക്കയും*

*എന്റെ വിശുദ്ധ മന്ദിരത്തോടു ഭയഭക്തിയുള്ളവരായിരിക്കയും വേണം; ഞാൻ യഹോവ ആകുന്നു. വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുത്. അവരാൽ അശുദ്ധരായ്ത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കയും അരുത്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു."*

*ലേവ്യപുസ്തകം 19 : 30, 31*

*"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്ക് വെറുപ്പ് ആകുന്നു."*

*ആവർത്തനപുസ്തകം 18 : 9 – 12*

കർത്താവ് എത്ര വ്യക്തമായിട്ടാണ് പറയുന്നത്! അന്ധവിശ്വാസത്തിൽ ആണ്ടു കിടന്ന കാലങ്ങളില്ലേ? അബദ്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കിടന്ന കാലങ്ങളില്ലേ? എത്രയോ വലിയ ദുരാചാരങ്ങളിൽപ്പെട്ട് നാം നശിച്ചുകൊണ്ടിരിക്കുകയായിരുന്നു! അവിടെനിന്നെല്ലാമല്ലേ കർത്താവ് നമ്മെ വീണ്ടെടുത്തത്? ഈ അന്ധവിശ്വാസങ്ങളിൽ നിന്ന് കർത്താവു നമ്മെ ഉയർത്തിയെടുത്തില്ലേ? പിന്നെയും അതിലേക്കു പോകരുത്. ക്ഷുദ്രക്കാർ പുറത്തായിരിക്കും.

ഇന്ന് മനുഷ്യൻ താല്ക്കാലികമായ ലാഭങ്ങൾക്കും സന്തോഷങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി ഇങ്ങനെയുള്ള വൃത്തികെട്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ ആ

വഴിക്ക് നിങ്ങൾ പോകരുത്. പോയാൽ നിങ്ങൾ ദൈവരാജ്യ ത്തിനു പുറത്തായിപ്പോകും.

ദുർന്നടപ്പുകാർ! ദുർന്നടപ്പുകാർ ദൈവരാജ്യത്തിൽ കടക്കുകയില്ല. അവർ പുറത്തു നില്ക്കേണ്ടി വരും.

*"സ്ത്രീയെ മോഹിക്കേണ്ടതിന്ന് അവളെ നോക്കു ന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭി ചാരം ചെയ്തുപോയി." മത്തായി 5 : 28*

സ്ത്രീയെ മോഹത്തോടെ നോക്കിയാൽ ഹൃദയത്തിൽ വ്യഭിചാരം വരുന്നു. അനേകർ തെറ്റിദ്ധരിക്കുന്ന ഒരു കാര്യമുണ്ട്. ഒരു ചീത്തപ്പടം കണ്ടുപോയി. അയ്യോ! എന്തുചെ യ്യും? അറിയാതെ ഒന്നു കണ്ടു എന്നുള്ളതുകൊണ്ട് പേടിക്ക ണ്ട. പക്ഷേ, കാണാൻവേണ്ടി നോക്കരുത്. കാണാൻ വേണ്ടി നോക്കുമ്പോൾ അവിടെ മോഹമുണ്ട്.

ബസ്സിൽ കയറി; നല്ലതിരക്കാണ്. സ്ത്രീകളും പുരുഷ ന്മാരും എല്ലാമുണ്ട്. ഒരുപക്ഷേ, ഒരു സ്ത്രീയുടെ ശരീരത്തിൽ ഒന്നുമുട്ടിപ്പോയി; പേടിക്കണ്ട. മുട്ടാൻവേണ്ടി ആഗ്രഹിച്ചാൽ അതുതെറ്റാണ്. മുട്ടാൻവേണ്ടി നിന്നുകൊടുത്താൽ അതു തെ റ്റാണ്. അഴുക്കായ ചിന്തയോടുകൂടി തൊടുന്നെങ്കിൽ പാപമാ ണ്. The second look is sinful. രണ്ടാമത്തെ നോട്ടം പാപമാണ്. അനേകർ ഇന്ന് sex –ന്റെ അടിമകളാണ്.

Sex എന്നു പറയുന്നത് ഒരു അനുഗ്രഹമാണ്. sex തെറ്റല്ല; sex ശാപമല്ല. Sex ആരോഗ്യമുള്ള ഏതു പുരുഷനും ഏതു സ്ത്രീക്കും നല്ലതാണ്, ആവശ്യവുമാണ്; തെറ്റില്ല. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ശാരീരിക ബന്ധം അശുദ്ധമാണ് എന്നു ചിന്തിക്കുന്ന ആളുകളുണ്ട്. ഒരിക്കലുമല്ല.

എന്നാൽ സ്വന്തം ഭാര്യയല്ലാതെ അന്യസ്ത്രീയെക്കുറിച്ച് ചിന്തയിലെങ്കിലും അശുദ്ധിവരുന്നെങ്കിൽ മഹാപാപമാണ്. സ്വന്തം ഭർത്താവല്ലാതെ അന്യപുരുഷനെക്കുറിച്ച് ചിന്ത യിലെങ്കിലും അശുദ്ധി വരുന്നെങ്കിൽ അത് പാപമാണ്.

*"വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മ ലവുമായിരിക്കട്ടെ."* *എബ്രായർ 13 : 4*

വിവാഹം എല്ലാവർക്കും മാന്യമാണ്. പക്ഷേ, നിന്റെ വിവാഹക്കിടക്കയിൽ അന്യൻ കിടക്കരുത്. വിവാഹക്കിടക്ക, അതു പരിശുദ്ധമാണ്. ഭാര്യയും ഭർത്താവും ഒരുമിച്ചു കിട ക്കുന്ന കിടക്ക പരിശുദ്ധമായിരിക്കണം. പക്ഷേ, അന്യൻ കിട ക്കുമ്പോൾ അത് അശുദ്ധമായിത്തീരും. അത് ചിന്തയിലാകാം; വാക്കിലാകാം; നോട്ടത്തിലാകാം; പ്രവൃത്തിയിലാകാം. എങ്ങ നെയാണെങ്കിലും അന്യൻ വരരുത്. Premarital sex - വിവാഹ ത്തിനുമുമ്പുള്ള ലൈംഗിക ബന്ധം - പാപമാണ്. Extra marital sex- വിവാഹശേഷമുള്ള വിവാഹ ഇതര ബന്ധം - പാപമാണ്. അവരാണ് ദുർന്നടപ്പുകാർ! അവർ ദൈവരാജ്യത്തിനു പുറത്തു നിൽക്കേണ്ടിവരും.

കൊലപാതകന്മാർ! കൊലപാതകന്മാർ പുറത്തുനിൽക്കേ ണ്ടിവരും. നിങ്ങൾ ഒരുപക്ഷേ ആരേയും നേരിട്ട് കൊന്നിട്ടു ണ്ടാകയില്ല. പക്ഷേ, നിങ്ങളുടെ ഹൃദയത്തിൽ പകയും വിദ്വേ ഷവും വന്നുപോയോ? കൊല്ലണമെന്നോ ആ ആള് ചാകണ മെന്നോ നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? വേറൊരാളെക്കുറിച്ച്, അവർ ചത്തുപോയാൽ കൊള്ളാമായിരുന്നു എന്നു ചിന്തിച്ചി ട്ടുണ്ടോ? പാപമാണ്. കൊലപാതകത്തിനു തുല്യമാണ്. അത്, ചിന്തയിൽ ഉള്ള കൊലപാതകം.

വാക്കാലുള്ള കൊലപാതകമുണ്ട്. ചിലരെ അധിക്ഷേപി ക്കുന്നു, ചിലരെ വാക്കുകൊണ്ട് കുറ്റം വിധിക്കുന്നു. ചിലർക്കെ തിരെ അപവാദം പറഞ്ഞുപരത്തുന്നു. അതെല്ലാം കൊലപാ തകം തന്നെയാണ്. മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം 21 മുതൽ 25 വരെ വായിച്ചാൽ അത് കാണാം. കോപിക്കുന്നവൻ കൊലപാതകം ചെയ്യുന്നു. കോപം കൊല പാതകമാണ്.

സ്ത്രീകൾ ഗർഭത്തിലുള്ള കുഞ്ഞിനെ കൊല്ലുന്നത് കൊല

പാതകമാണ്. ഒരു ശിശു ഉരുവായതിനുശേഷം അതിനെ കൊല്ലുന്നു എങ്കിൽ കൊലപാതകമാണ്.

എന്നാൽ, എല്ലാപാപവും ക്ഷമിക്കാൻ യേശുക്രിസ്തുവിന്റെ രക്തമുണ്ട്. ശാപം മാറ്റാൻ യേശുക്രിസ്തുവിന്റെ രക്തമുണ്ട്. ഉല്പത്തി പുസ്തകത്തിൽ ശാപമാണ്. എന്നാൽ, വെളിപ്പാടുപുസ്തകത്തിൽ ശാപം മാറുകയാണ്. ഒന്നാമത്തെ പുസ്തകത്തിൽ ശാപം തുടങ്ങുന്നു. ഒടുവിലത്തെ പുസ്തകത്തിൽ ശാപം തീരുന്നു. യാതൊരു ശാപവും ഇനി ഉണ്ടാകയില്ല എന്നാണ് വെളിപ്പാടു പുസ്തകം 22-ാം അദ്ധ്യായം 3-ാം വാക്യം പറയുന്നത്. ശാപകരമാണ് കൊലപാതകം. ആരുടെയും ജീവൻ അപഹരിക്കാൻ നമുക്ക് അവകാശമില്ല.

ആരുടെയും ശരീരത്തിൽ വേദന ഉണ്ടാക്കാൻ നമുക്ക് അവകാശമില്ല. ഭർത്താവാണെങ്കിലും ഭാര്യയുടെ ശരീരത്തെ വേദനിപ്പിക്കാൻ പാടില്ല. ഭാര്യയുടെ മനസ്സ് വേദനിപ്പിക്കാൻ പാടില്ല. ഭാര്യ ഭർത്താവിന്റെ മനസ്സ് വേദനിപ്പിക്കാൻ പാടില്ല. കുത്തുവാക്കുകൾ കൊണ്ട് ഹൃദയം മുറിവേൽപ്പിക്കരുത്. കൊലപാതകം ചെയ്യരുത്. കൊലപാതകന്മാർ ദൈവരാജ്യത്തിന് പുറത്തുതന്നേ.

ബിംബാരാധികൾ! വിഗ്രഹാരാധികൾ! യേശുക്രിസ്തുവിനേക്കാൾ കൂടുതൽ ഏതിനെ എങ്കിലും നീ സ്നേഹിക്കുന്നു എങ്കിൽ അത് ബിംബാരാധനയാണ്. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ ഭാര്യയെ സ്നേഹിച്ചാൽ, യേശുക്രിസ്തുവിനേക്കാൾ കൂടുതൽ ഭർത്താവിനെ സ്നേഹിച്ചാൽ അത് ബിംബാരാധനയാണ്.

യേശുക്രിസ്തുവിനേക്കാൾ കൂടുതൽ മകനെ അല്ലെങ്കിൽ മകളെ സ്നേഹിച്ചാൽ, നിന്റെ ജോലിയെ സ്നേഹിച്ചാൽ, നിന്റെ ശമ്പളത്തെ സ്നേഹിച്ചാൽ, നിന്റെ ബിസിനസ്സിനെ സ്നേഹിച്ചാൽ അതെല്ലാം വിഗ്രഹാരാധനയാണ്.

യേശുക്രിസ്തുവാണ് ആരാധനയ്ക്കു യോഗ്യൻ. യേശു

ക്രിസ്തുവിനേക്കാൾ കൂടുതൽ ഭൂമിയിലെ മനുഷ്യരെ ആരെയെങ്കിലും ശ്രേഷ്ഠരായി കരുതുന്നു എങ്കിൽ അത് വിഗ്രഹാരാധനയാണ്. കുട്ടിദൈവങ്ങളെ നിങ്ങൾ ഉണ്ടാക്കരുത്. മനുഷ്യരെ ദൈവങ്ങളായി കാണരുത്. കൂട്ടായ്മയിൽ വചനം പറയുന്നവർ കുട്ടിദൈവങ്ങളല്ല. ആരും കുട്ടിദൈവം ചമയരുത്. കുട്ടിദൈവം ചമയിക്കയുമരുത്. അനേകം ദൈവവേലക്കാർ കുട്ടിദൈവം ചമയുന്നു; അപകടമാണ്. അത് ബിംബാരാധനയാണ്.

ഭോഷ്ക്! വ്യാജം! വ്യാജത്തിൽ പ്രിയം വയ്ക്കുന്നു. എന്നെ ഏല്പിക്കാത്ത ഒരു ശുശ്രൂഷ ഞാൻ ചെയ്യുന്നു എങ്കിൽ അത് ഭോഷ്ക്കാണ്. സ്വർഗ്ഗത്തിൽനിന്ന് എനിക്ക് ഒരു ശുശ്രൂഷ തന്നിട്ടില്ലെങ്കിൽ ഞാൻ അത് ചെയ്യരുത്. ഏല്പിക്കാത്ത വേല ചെയ്യരുത്. ദൈവം ഏല്പിച്ചു എന്ന് ഉറപ്പുവേണം. വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കണം. വ്യാജം വരരുത്; മോഷണം വരരുത്; കവർച്ച വരരുത്; അന്യന്റെ സ്വത്ത് സ്വന്തം കൈയിൽ വന്നുപോകരുത്. വന്നാൽ നമുക്കു ദോഷമാണ്.

ചിന്തിക്കൂ. അന്യന്റേത് എന്തെങ്കിലും കൈവശമുണ്ടോ? കൈക്കൂലി അപകടമാണ്; കൈക്കൂലി പാപമാണ്. അഴിമതിയ്ക്കു കൂട്ടുനിൽക്കുന്നത് പാപമാണ്. അതിനു ശിക്ഷയുണ്ട്. ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തു തന്നേ.

> *"നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തുതന്നേ."*
>
> *വെളിപ്പാട് 22 : 15*

ഈ വാക്യം വച്ചുകൊണ്ട് നിങ്ങൾ ചിന്തിക്കൂ. ഇന്നത്തെ സ്ഥിതിയിൽ നിങ്ങൾ അകത്തായിരിക്കുമോ, പുറത്തായിരിക്കുമോ? നിങ്ങൾക്ക് കഴുകൽ കിട്ടിയോ? നിങ്ങൾക്കുവേണമെ

ങ്കിൽ അകത്തേയ്ക്കുവരാം.

*“യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ, അകത്തുവരിക; എന്തിനു പുറത്തു നില്ക്കുന്നു?”*

*ഉല്പത്തി 24 : 31*

നിനക്ക് അകത്തേയ്ക്കു വരാം. നീ എന്തിനു പുറത്തു നിൽക്കുന്നു? അകത്തേക്കുവരിക. നീ പുറത്തുനിൽക്കേണ്ടവനല്ല; നീ അന്യനല്ല; നീ സ്വന്തം ജാതിയാണ്; സ്വന്തം ജനമാണ്; യേശുവിന്റെ സ്വന്തം ഭവനക്കാരനാണ്.

പ്രിയരേ, നാം വിളിക്കപ്പെട്ടവരാണ്; നാം തെരഞ്ഞെടുക്കപ്പെട്ടവരാണ്; നാം നിയമിക്കപ്പെട്ടവരാണ്; നാം ഓരോരുത്തരും ദൈവത്തിന്റെ സ്നേഹത്താൽ ക്ഷണിക്കപ്പെട്ടവരാണ്; ദൈവം വീണ്ടെടുത്തവരാണ്; ദൈവം വിടുവിച്ചവരാണ്; നാം പുറത്തുനിൽക്കേണ്ടവരല്ല. നിങ്ങളാരും പുറത്തു നിൽക്കരുത്. അകത്തേക്കുവരിക. ക്ഷണിക്കുന്നത് പരിശുദ്ധാത്മാവാണ്. നിങ്ങൾ സ്വർഗ്ഗരാജ്യത്തിന് അകത്തേക്കുവരിക.

ദുഷ്ടന്റെ മരണത്തിൽ എനിക്ക് താത്പര്യമില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു. യെഹെസ്കേൽ 33 : 11. ആരും ആത്മാവിൽ മരിച്ചു പോകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ദൈവം വിളിക്കുകയാണ്: മകളേ, നീ അകത്തേക്കുവരിക. മകനേ, നീ അകത്തേക്കു വരിക. നീ മത്സരിച്ചു പുറത്തു നിൽക്കല്ലേ. നീ ചോദ്യം ചെയ്തു പുറത്തു നിൽക്കല്ലേ. മൂത്ത മുടിയൻപുത്രനെപ്പോലെ നീ പുറത്തു നില്ക്കല്ലേ. ഇളയ മുടിയൻപുത്രനെപ്പോലെ നീ അകത്തേക്കു വരിക. അകത്ത് വിരുന്നു മേശയിൽ ഇരിക്കുക.

*“നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു. മുമ്പെ*

*നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ.”* *1 പത്രൊസ് 2 : 9, 10*

അതുകൊണ്ട് നിങ്ങൾ അകത്തേക്കുവരിക. അകത്തേക്കു വരാൻ നിങ്ങളുടെ വസ്ത്രം കഴുകിയാൽ മതി. വസ്ത്രം അലക്കാൻ കുഞ്ഞാടിന്റെ രക്തമുണ്ട്. ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം! ആ തിരുരക്തമാണ് നിങ്ങളോട് സംസാരിക്കുന്നത്. ആർക്കും അകത്തേക്കുവരാം. ഊനമില്ലാത്ത കുഞ്ഞാടിന്റെ ചങ്കുപിളർന്നൊഴുകിയ രക്തം നിങ്ങൾക്കു മോചനം തരും. ആ രക്തം നിങ്ങളുടെമേൽ തളിക്കാൻ, നെറ്റിമേൽ പുരട്ടാൻ കർത്താവ് വന്നുനിൽക്കുന്നു. അടയാളമുള്ള ഒരുത്തനെയും തൊടരുത് എന്നു കർത്താവു കല്പിക്കുന്നു.

ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം നിന്റെ നെറ്റിമേൽ ചാർത്തിത്തരണമോ? ഒരു കാര്യം മാത്രം ചെയ്താൽ മതി. യേശുവേ, നിന്നെ എന്റെ രക്ഷിതാവും കർത്താവുമായി ഞാൻ ഇതാ സ്വീകരിക്കുന്നു. യേശുവേ, ഇന്നു മുതൽ ഞാൻ പുതിയ സൃഷ്ടിയായി ജീവിക്കും. യേശുവേ, എന്റെ പാപങ്ങൾ എല്ലാം കഴുകിത്തരണമേ. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം എനിക്കു തരണമേ. എന്നെ അനുഗ്രഹിക്കണമേ. നാഥാ! എന്റെ ജീവിതം ഇതാ ഞാൻ നിനക്കു തരുന്നു. എനിക്കുള്ളതെല്ലാം നിനക്കുതരുന്നു.

## അഞ്ച്

*“ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ.”* *വെളിപ്പാട് 16 : 15*

കർത്താവായ യേശുക്രിസ്തു പറയുകയാണ്: ഞാൻ വീണ്ടും വരും. പ്രതീക്ഷിക്കാത്ത സമയത്ത് വരും. കള്ളൻ മുൻകൂട്ടി അറിയിച്ചിട്ടല്ലല്ലോ വരുന്നത്. കള്ളൻ ആരും പ്രതീക്ഷിക്കാത്ത സമയത്താണു വരുന്നത്. വിശ്വാസിയുടെ പ്രത്യാശയാണ് കർത്താവിന്റെ രണ്ടാമത്തെ വരവ്. കർത്താവിന്റെ രണ്ടാമത്തെ വരവ് എന്നുകേൾക്കുമ്പോൾ നാം ഭയപ്പേടേണ്ടതില്ല.

ക്രിസ്തുവിനായി നമ്മുടെ ഹൃദയം തുറന്നുകൊടുത്തിട്ടുണ്ടെങ്കിൽ അത് നമുക്ക് പ്രമോദമായിരിക്കും. എന്റെ കണ്ണുനീര് തോരാൻപോകുന്നു; ദുരിതങ്ങൾ തീരാൻപോകുന്നു; എന്റെ യാതനകൾ മാറാൻപോകുന്നു; എന്റെ ജീവിതം സമാധാനദേശത്തേക്ക് എത്തിച്ചേരാൻ പോകുന്നു; കർത്താവ് എന്നെ ഭൂമിയിലെ ക്ലേശങ്ങളിൽനിന്ന് എടുത്തുകൊണ്ടു പോകാൻ പോകുന്നു. യേശുക്രിസ്തു വരുമ്പോൾ അവന്റെ രാജ്യത്തിലേക്ക് ഞാനും ചേർക്കപ്പെടും. ഇതാണു വിശ്വാസം. ആ ഉറപ്പുള്ളവർക്കു ഭയമില്ല.

യേശുക്രിസ്തു വീണ്ടും വരുമെന്ന് ക്രിസ്ത്യാനികൾപോലും വിശ്വസിക്കുന്നില്ല. “ജീവനുള്ളവരെയും മരിച്ചവരെയും ന്യായംവിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ

ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ ഏകകർത്താവിലും ഞാൻ വിശ്വസിക്കുന്നു" എന്ന് നാവുകൊണ്ട് ഏറ്റുപറയുന്ന അനേകമാളുകളും ക്രിസ്തു വീണ്ടുംവരും എന്നു വിശ്വസിക്കുന്നില്ല. ക്രിസ്ത്യാനികൾ പോലും വിശ്വസിക്കുന്നില്ല; ഒരുങ്ങുന്നില്ല; അതൊരു പ്രധാനവിഷയമാക്കുന്നതുമില്ല. യേശുക്രിസ്തു വീണ്ടും വരും.

യേശുക്രിസ്തു വീണ്ടുംവരും എന്നാണ് പിതാക്കന്മാർ എഴുതിവച്ചത്. അതാണ് ഇന്ന് നാം ഏറ്റുപറയുന്നത്. അതാണ് നാം പ്രാർത്ഥനയിൽ നിർബ്ബന്ധമായും ചൊല്ലുന്ന വിശ്വാസപ്രമാണം!

യേശുക്രിസ്തു വീണ്ടുംവരും എന്നുള്ളത് നമ്മുടെ ജീവിതത്തിന്റെ പ്രത്യാശയായി മാറണം. യേശുക്രിസ്തു വീണ്ടും വരുന്നത് എപ്പോഴാണ് എന്ന് നമുക്കറിഞ്ഞുകൂടാ. കർത്താവായ യേശുക്രിസ്തു വീണ്ടും വരുമെന്ന് ബൈബിളിൽ പല ഭാഗങ്ങളിലും പറഞ്ഞിരിക്കുന്നു. കർത്താവിന്റെ അപ്പൊസ്തലന്മാർ പറഞ്ഞിരിക്കുന്നു; യേശുക്രിസ്തുതന്നെയും അത് പറഞ്ഞിരിക്കുന്നു. മാലാഖമാർ അത് സാക്ഷിച്ചു പറഞ്ഞിരിക്കുന്നു.

> *"ഏദോമിൽനിന്ന്, രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്നു വരുന്നോരിവൻ ആർ? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ."*
>
> *യെശയ്യാവ് 63 : 1*

കർത്താവായ യേശുവിന്റെ ഒന്നാമത്തെ വരവും രണ്ടാമത്തെ വരവും ഈ വാക്യത്തിൽ സംക്ഷേപിച്ചു പറഞ്ഞിരിക്കയാണ്. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവ് രക്താംബരധാരിയായിട്ടാണ്. യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ കർത്താവ് തന്റെ സ്വന്തക്കാരിലേക്കു വന്നു. സ്വന്തക്കാർ

അവനെ പരിത്യജിച്ചു. അവനെ അവർ ക്രൂശിച്ചു.

രക്താംബരം, രക്തം പുരണ്ട വസ്ത്രം ധരിച്ചുകൊണ്ട് യേശുക്രിസ്തു വരുന്ന ഒന്നാമത്തെ വരവിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭവം ക്രൂശീകരണമാണ്. തൊട്ടടുത്ത് അതേവാക്യത്തിൽ തന്നെ പറയുകയാണ്: വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ? പ്രവാചകൻ കണ്ടു, ഒരാൾ ഏദോമിൽ നിന്ന് രക്തവസ്ത്രം ധരിച്ചുകൊണ്ട് കയറിവരുന്നു. ആരാണ്? പ്രവാചകന് മനസ്സിലായില്ല. നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്നത് എന്ത്? നീ രക്താംബരം ധരിക്കാൻ കാരണമെന്ത്?

ഉടനെ തന്നെ പ്രവാചകൻ മറ്റൊരു കാഴ്ച കാണുന്നു. ആ ആളുടെ വേഷം മാറുന്നു. ശരീരത്തിൽ വസ്ത്രാലംകൃതനായിട്ടാണു വരുന്നത്. അലങ്കാരവസ്ത്രം ധരിച്ചു കൊണ്ട്, തേജോമയമായ, ശോഭയുള്ള വസ്ത്രം ധരിച്ചുകൊണ്ട് വരുന്നു. ചോരപുരണ്ട വസ്ത്രം മാറി. രക്താംബരം മാറി. വസ്ത്രാലംകൃതനായി, ആഡംബര വിഭൂഷിതനായി ഇതാ വരുന്നു. അത് രണ്ടാമത്തെ വരവാണ്. ഒറ്റവാക്യത്തിൽ രണ്ടു വരവും ചേർത്തു പറഞ്ഞിരിക്കുന്നു. ഏദോമിൽനിന്ന് രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽനിന്നു വരുന്നോരിവൻ ആർ? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ?

തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നു. ശക്തിയോടെ വരുന്നു. തേജസ്സോടെ വരുന്നു; സകലരെയും ന്യായം വിധിപ്പാനായിട്ട് വരുന്നു. എല്ലാവരെയും സന്ദർശിക്കാൻ വരുന്നു. ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുകയും നീതിമാന്മാർ രക്ഷിക്കപ്പെടുകയും ചെയ്യുന്ന മനോഹരമായ സംഭവം.

എന്താണീ കാണുന്നത്? പ്രവാചകന് ഇതുരണ്ടും തമ്മിലുള്ള അകലം മനസ്സിലാകുന്നില്ല. ഒന്നാമത്തെ വരവും രണ്ടാമത്തെ വരവും ഒരുമിച്ചാണു പറഞ്ഞത്. പ്രവാചകന് കർത്താ

വായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അനേകം ദർശനങ്ങൾ കിട്ടിയിട്ടുണ്ട്. പക്ഷേ, യെശയ്യാപ്രവാചകനു മനസ്സിലായില്ല ഈ രണ്ടു വാക്യങ്ങൾ ചേർത്തുപറഞ്ഞത് എന്ത് എന്ന്.

നാം ഒരു സ്ഥലത്തു നിന്നുകൊണ്ട് നോക്കുമ്പോൾ ഒരു കുന്ന് കാണുന്നു. ഒരു മല അല്ലെങ്കിൽ പർവ്വതം നാം കാണുന്നു. നല്ല ഉയരത്തിൽ നിൽക്കുന്ന കുന്ന്. അവിടെത്തന്നെ നിന്നുകൊണ്ട് നാം നോക്കുമ്പോൾ ആ കുന്നിന്റെ അപ്പുറത്ത്, ചേർന്ന് വേറൊരു കുന്ന് തലയെടുപ്പോടെ നിൽക്കുന്നു. അതും നാം കാണുന്നു. ഇവിടെ നിന്നു നോക്കുന്ന മനുഷ്യൻ ഒരു കുന്നുകാണുന്നു. അതിനപ്പുറത്തു മറ്റൊരു കുന്നു കാണുന്നു.

എന്നാൽ ആദ്യത്തെ കുന്നിന്റെ അപ്പുറത്ത് വലിയൊരു താഴ്വര ഉണ്ടെന്നോ കുറെയേറെ മൈലുകൾ കഴിഞ്ഞാണ് മറ്റേ കുന്ന് നിൽക്കുന്നതെന്നോ അറിയുന്നില്ല. ദൂരെനിന്നു നോക്കുന്ന മനുഷ്യൻ ഉയർന്നു നിൽക്കുന്ന രണ്ടുകുന്നുകൾ മാത്രമേ കാണുന്നുള്ളൂ. അതിന്റെ ഇടയിൽ എന്തുദൂരമുണ്ട് എന്ന് ദൂരെനിന്നു നോക്കുന്ന ആൾക്ക് കാണാൻ പറ്റുകയില്ല എന്നതുപോലെ, കർത്താവായ യേശുവിന്റെ ഒന്നാമത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടക്ക് വലിയോരു സമയമുണ്ട് എന്ന് പ്രവാചകന് മനസ്സിലായില്ല.

പ്രവാചകൻ ചോദിച്ചു. ആരാണിത് ?

*“നീതിയെ അരുളിച്ചെയ്യുന്നവനും രക്ഷിപ്പാൻ വല്ലഭനുമായ ഞാൻ തന്നേ.”* *യെശയ്യാവ് 63 : 1*

ഞാനാകുന്നവൻ ഞാനാകുന്നു. മോശയോടു കല്പിച്ച അതേ ദൈവം മോശയോടു പറഞ്ഞ അതേ വാക്ക് പറയുകയാണ്. പുറപ്പാടുപുസ്തകം 3-ാം അദ്ധ്യായത്തിൽ ‘ഞാനാകുന്നവൻ ഞാനാകുന്നു’ എന്ന് ദൈവത്തിന്റെ നാമം പറഞ്ഞ അതേ ശബ്ദം തന്നെ പറയുന്നു: ഞാൻ തന്നേ. ഞാൻ നീതിയെ അരുളിച്ചെയ്യുന്നവനാണ്. രക്ഷിപ്പാൻ വല്ലഭനാണ്.

കർത്താവായ യേശുവിന്റെ ഒന്നാമത്തെ വരവ് നീതിയെ അരുളിച്ചെയ്യാനാണ്. നീതിയുടെ വചനം തരാനാണ്. മനുഷ്യനെ നീതീകരിക്കാനാണ്. തന്റെ രക്തത്താൽ, പാപിയായ മനുഷ്യനെ വിശുദ്ധീകരിച്ച് ദൈവരാജ്യത്തിന് അവകാശിയാക്കിത്തീർക്കാനാണ്.

യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവ് പാപിയെ രക്ഷിക്കാനാണ്. അശുദ്ധനെ വിശുദ്ധനാക്കാനാണ്. പാപിക്കുവേണ്ടി രക്തം ചിന്തുവാനാണ്. പാപിയെ തന്റെ രക്തത്താൽ വീണ്ടെടുക്കുവാനാണ്. പാപിയെ തന്റെ രക്തംകൊണ്ട് പൊതിയുവാനാണ്.

അപ്പോൾ പ്രവാചകൻ ചോദിക്കുകയാണ്: നീതിയെ അരുളിച്ചെയ്യുന്നവനാണെങ്കിൽ, രക്ഷിപ്പാൻ വല്ലഭനാണെങ്കിൽ നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്നതെന്ത്?

> *"നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്നതെന്ത്? നിന്റെ വസ്ത്രം മുന്തിരിച്ചക്ക് ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്ത്?"* *യെശയ്യാവ് 63 : 2*

നീ നീതിയെ അരുളിച്ചെയ്യുന്നവനാണ്. രക്ഷിപ്പാൻ വല്ലഭനാണ്. പിന്നെ നിനക്ക് ഈ പരുക്ക് പറ്റാൻ എന്താണു കാരണം? ഇത്രയും ചോര ചിന്താൻ എന്താണു കാരണം?

> *"ഞാൻ നോക്കി എങ്കിലും സഹായിപ്പാൻ ആരുമില്ലായിരുന്നു; ഞാൻ വിസ്മയിച്ചുനോക്കി എങ്കിലും തുണപ്പാൻ ആരെയും കണ്ടില്ല; അതുകൊണ്ട് എന്റെ ഭുജം തന്നേ എനിക്കു രക്ഷ വരുത്തി"*
>
> *യെശയ്യാവ് 63 : 5*

ഞാൻ നോക്കി എങ്കിലും സഹായിപ്പാൻ ആരുമില്ലായിരുന്നു. ശിഷ്യന്മാരുണ്ടായിരുന്നു. പക്ഷേ, അവർ എല്ലാവരും എവിടെപ്പോയി? എന്റെ അനുയായികളായി അനേകരുണ്ടായിരുന്നു. പക്ഷേ, ഇന്ന് ആരുമില്ല. രോഗസൗഖ്യത്തിന്നായി വന്നവരെവിടെ? രോഗസൗഖ്യം കിട്ടിയവരെവിടെ? ആരേയും

കാണുന്നില്ല. ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി. ഞാൻ നോക്കി എങ്കിലും സഹായിപ്പാൻ ആരുമില്ലായിരുന്നു.

ഞാൻ അത്ഭുതപ്പെട്ടുപോയി! എന്നെ തുണയ്ക്കാൻ എനിക്കാരുമില്ലല്ലോ! നൂറ്റാണ്ടുകൾക്കുമുമ്പ് കർത്താവു പറയുകയാണ്.

ക്രിസ്തു പിറക്കുന്നതിന് 750-ഓളം വർഷങ്ങൾക്കു മുമ്പ് യെശയ്യാപ്രവാചകൻ കാണുന്ന ദർശനമാണിത്. നിന്റെ വസ്ത്രം ചുവന്നിരിക്കുന്നു എന്ന്. ഏദോമിൽനിന്ന് രക്താംബരം ധരിച്ചുകൊണ്ട് ക്രിസ്തു കടന്നുവരുന്നത് പ്രവാചകൻ കാണുന്നു.

ആരും കൂടെ ഉണ്ടായിരുന്നില്ല. ക്രൂശു മരണത്തിൽ ആരും സഹായിപ്പാൻ ഉണ്ടായിരുന്നില്ല. പക്ഷേ, പിന്നീട് രണ്ടാമത്തെ വരവിനോട് ചേർത്ത് വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആര്? എന്ന ചോദ്യത്തിനു മറുപടിയായി പറയുന്നു:.

> *"ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി; ജാതികളിൽ ആരും എന്നോടു കൂടെ ഉണ്ടായിരുന്നില്ല; എന്റെ കോപത്തിൽ ഞാൻ അവരെ ചവിട്ടി, എന്റെ ക്രോധത്തിൽ അവരെ മെതിച്ചുകളഞ്ഞു; അവരുടെ രക്തം എന്റെ വസ്ത്രത്തിൽ തെറിച്ചു; എന്റെ ഉടുപ്പൊക്കെയും മലിനമായിരിക്കുന്നു."*
>
> *യെശയ്യാവ് 63 : 3*

രണ്ടാമത്തെ വരവ് കോപത്തോടെയാണ്. ഒന്നാമത്തെ വരവിൽ പാപിക്ക് രക്ഷപ്പെടാൻ അവസരം കൊടുത്തു. മനുഷ്യന് നീതീകരണം പ്രാപിക്കാൻ അവസരം കൊടുത്തു. ഈ അവസരം പ്രയോജനപ്പെടുത്താത്തതുകൊണ്ട് എന്റെ ക്രോധത്തിൽ ഞാൻ അവരെ മെതിച്ചുകളഞ്ഞു. എന്റെ കോപത്തിൽ ഞാൻ അവരെ ചവിട്ടി. അവരുടെ രക്തം എന്റെ വസ്ത്രത്തിന്മേൽ തെറിച്ചു. അങ്ങനെ എന്റെ ഉടുപ്പൊക്കെയും മലിനമായി

രിക്കുന്നു. ഞാൻ ഒരു പ്രതികാരദിവസം കരുതിയിരുന്നു.

ഒന്നാമത്തെ വരവ് പ്രതികാരമല്ല. ഒന്നാമത്തെ വരവിൽ ക്ഷമയും സ്നേഹവും മാത്രം. അവിടെ വിനയവും സൗമ്യതയും മാത്രം. അവിടെ സഹനം മാത്രം. അവിടെ ക്രൂശിലെ വേദന മാത്രം.

രണ്ടാമത്തെ വരവ് അങ്ങനെയല്ല. അത് ജാതികളെ മെതിക്കാനുള്ള വരവാണ്. തിന്മയിലേക്കു പോകുന്ന മനുഷ്യൻ. അവസരം കൊടുത്തിട്ടും മാനസാന്തരപ്പെടാത്ത മനുഷ്യൻ. അവസരം കൊടുത്തിട്ടും ദൈവത്തിങ്കലേക്ക് തിരിയാത്ത മനുഷ്യൻ! അവൻ ശിക്ഷ പ്രാപിക്കാൻ പോവുകയാണ്. വലിയ ശിക്ഷ വരാൻ പോകുന്നു!

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വളരെ ഗൗരവമേറിയ വിഷയമാണ്. ഒരുപക്ഷേ, നാം ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്താണോ കർത്താവു രണ്ടാമതു വരുന്നത് എന്ന് നമുക്കറിഞ്ഞുകൂടാ. നാം ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്ത് കർത്താവു വരുന്നില്ലെങ്കിൽ, നാം വിശുദ്ധരായി, നീതീകരണം പ്രാപിച്ച് മരിച്ച് കടന്നുപോയവരാണെങ്കിൽ, കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാം ഉയിർത്തെഴുന്നേൽക്കും.

സമുദ്രത്തിലാണോ? അവിടെനിന്ന് ഉയിർത്തെഴുന്നേൽക്കും. ധൂളിയായി മാറിയോ? എല്ലാം കൂടിച്ചേർന്ന് ഉയിർത്തെഴുന്നേൽക്കും. എല്ലാം തീർന്നുപോയി എന്നു നാം ധരിക്കുന്നു. പക്ഷേ, ഈ ശരീരം ഉയിർത്തെഴുന്നേൽക്കും. യേശുക്രിസ്തു രണ്ടാമതു വരുമ്പോൾ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. എല്ലാവരും അപ്പോൾ ഉയിർത്തെഴുന്നേൽക്കുകയില്ല. വിശുദ്ധന്മാർ മാത്രം! യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ മാത്രം ഉയിർത്തെഴുന്നേൽക്കും.

യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവർ മാത്രം, യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നീതീക

രണം പ്രാപിച്ചവർ, നീതിയിൻ വസ്ത്രം ധരിച്ചവർ മാത്രം ഉയിർത്തെഴുന്നേൽക്കും. ലംഘനങ്ങൾ ക്ഷമിച്ചു കിട്ടിയവർ, പാപങ്ങൾ മറച്ചു കിട്ടിയവർ മാത്രം ഉയിർത്തെഴുന്നേൽക്കും.

*"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ." സങ്കീർത്തനം 32 : 1*

നമ്മുടെ ജീവിതത്തിൽ ലംഘനങ്ങളുണ്ട്; പാപമുണ്ട്. പാപത്തിന്റെ പ്രകൃതിയുണ്ട്. പാപത്തിന്റെ പ്രകൃതിയുള്ള മനുഷ്യന് ചിലപ്പോൾ ലംഘനങ്ങൾ വരും. നുണ പറയും; മറ്റുള്ളവരെ ഉപദ്രവിക്കും; ചീത്തവാക്കുകൾ പറയും; കൊള്ളരുതാത്ത കാര്യങ്ങളിൽ ഇടപെടും. ചീത്ത കൂട്ടുകെട്ടുകളിൽ പോകും; വെറിക്കൂത്തിലും കൊള്ളരുതായ്മയിലും ജീവിക്കും; അശുദ്ധിയിൽ ജീവിക്കും.

കാരണം, പാപമുള്ളതുകൊണ്ട് പാപം മൂലമുള്ള ലംഘനങ്ങളും മനുഷ്യനുണ്ടാകും. മനുഷ്യൻ അനുതപിച്ച് മാനസാന്തരപ്പെടുമ്പോൾ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തം വന്ന് ഈ മനുഷ്യനെ ആകമാനം പൊതിയും. പാപം മറച്ചു തരും. പക്ഷേ, നമ്മുടെ രക്തത്തിലുള്ള പാപസ്വഭാവം പോയില്ല. മാനസാന്തരപ്പെട്ട് ജീവിതം കർത്താവിനു സമർപ്പിച്ചു. പക്ഷേ, പാപം പോയില്ല.

ലംഘനങ്ങൾ കർത്താവ് ക്ഷമിച്ചുതന്നു; നുണപറഞ്ഞത് ക്ഷമിച്ചുതന്നു; വഴക്കുകൂടിയത് ക്ഷമിച്ചുതന്നു; വൈരാഗ്യപ്പെട്ടത് ക്ഷമിച്ചുതന്നു; ഉപദ്രവിച്ചത് ക്ഷമിച്ചു തന്നു; ദോഷം വരുത്തിയത് ക്ഷമിച്ചുതന്നു; കോപിച്ചലറിയത് ക്ഷമിച്ചുതന്നു; ശപിച്ച് സംസാരിച്ചത് ക്ഷമിച്ചുതന്നു; എല്ലാ ലംഘനങ്ങളും ക്ഷമിച്ചുതന്നു.

എന്നാൽ പാപം മറച്ചുതരികയാണു ചെയ്തത്. നമ്മുടെ പാപംമൂലം വന്ന ലംഘനങ്ങൾ ക്ഷമിച്ചുതന്നു. എന്നാൽ പാപം – sinful nature – അത് തിരുരക്തം കൊണ്ട് പൊതിഞ്ഞുതന്നു. അതാണു നീതിയിൻ വസ്ത്രം. എന്നാൽ ഒരു സന്ദർഭം വരു

മ്പോൾ അകത്തുള്ള sinful nature പുറത്തുവരും. അകത്തുള്ള പാപപ്രകൃതി പിന്നെയും പുറത്തുവരും.

അത് ഇതുവരെയും മറച്ചുവച്ചിരിക്കയായിരുന്നു. പിശാചു കാണാതെ, ദുരാത്മാക്കൾ കാണാതെ പൈശാചികശക്തികൾ കാണാതെ കർത്താവിന്റെ രക്തത്താൽ മറച്ചുതന്നിരിക്കയായിരുന്നു. എന്നാൽ അത് അവിടെത്തന്നെ ഉണ്ട്. കോപിക്കുന്നില്ലെങ്കിലും കോപത്തിന്റെ വാസനയുണ്ട്. അശുദ്ധപ്രവൃത്തിക്കു പോകുന്നില്ലെങ്കിലും അശുദ്ധിയുടെ സ്വഭാവമുണ്ട്.

ജഡിക ഉല്ലാസങ്ങൾക്കുവേണ്ടി പോകുന്നില്ലെങ്കിലും അതിനുള്ള ആസക്തിയുണ്ട്. മദ്യപാനത്തിനു പോകുന്നില്ലെങ്കിലും മദ്യപാനത്തിനുള്ള ആസക്തിയുണ്ട്. തിന്മപ്രവൃത്തികൾക്കു പോകുന്നില്ലെങ്കിലും തിന്മയിലേക്കുള്ള ഒരു വശീകരണമുണ്ട്. അത് sinful nature ആണ്. പാപത്തിന്റെ പ്രകൃതിയാണ്.

അപ്പൊസ്തലനായ പൗലോസ് അതിന് ജഡം എന്നാണ് പറഞ്ഞിരിക്കുന്നത്. ജഡം എന്നത് ശരീരത്തിന്റെ കാര്യമല്ല, The old human nature – പഴയമനുഷ്യന്റെ സ്വഭാവം. അത് കർത്താവ് മറച്ചുതന്നു. എന്നാൽ പാപത്തിന്റെ സ്വഭാവം ഉള്ളതുകൊണ്ടു വന്ന മുളകൾ എല്ലാം കർത്താവ് അടർത്തിത്തന്നു. പക്ഷേ, ഇനിയും മുളകൾ വന്നു എന്നു വരാം. ഇനിയും പാപം വന്നു എന്നുവരാം. അതുകൊണ്ടാണ് രക്ഷിക്കപ്പെട്ടു എങ്കിലും മനുഷ്യൻ പാപം ചെയ്തുപോകുന്നത്.

മാനസാന്തരപ്പെട്ടവരാണ്. ജീവിതം കർത്താവിനു സമർപ്പിച്ചവരാണ്. പക്ഷേ, ഒരു സന്ദർഭം വരുമ്പോൾ കോപിച്ചലറുന്നു. സന്ദർഭം വരുമ്പോൾ വൈരാഗ്യം മനസ്സിൽ പുകയുന്നു.

ഒരു സമയം വരുമ്പോൾ നമ്മുടെ ഹൃദയത്തിൽ സ്ഥാനമോഹവും ദ്രവ്യാഗ്രഹവും എല്ലാം പുകഞ്ഞു പൊന്തുന്നു.

അവസരം വരുമ്പോഴാണ് ഈ പാപങ്ങൾ മുളച്ചു പൊങ്ങുന്നത്. അത് അടർത്തിക്കളയുന്നു. പിന്നെയും അടർത്തിക്കളയുന്നു. അതെല്ലാം പിന്നെയും കർത്താവു ക്ഷമിച്ചുതരുന്നു. പക്ഷേ, sinful nature, പാപത്തിന്റെ പ്രകൃതി അവിടെ ഉണ്ട്. പാപത്തിന്റെ സ്വഭാവം അവിടെ ഉണ്ട്.

ഇങ്ങനെ മനുഷ്യൻ നിരന്തരം അവന്റെ സ്വഭാവത്തിലുള്ള മാലിന്യങ്ങളോട് യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. സ്വഭാവത്തിലുള്ള മാലിന്യങ്ങളോട് യുദ്ധംചെയ്യുക എന്നു പറയുന്നത് ആ മാലിന്യങ്ങളുടെ പിന്നിൽ നിൽക്കുന്ന പിശാചിനോടുള്ള യുദ്ധമാണ്.

ഓരോ മാലിന്യത്തിന്റെയും പിന്നിൽ പൈശാചികനുണ്ട്. ഓരോ തിന്മയുടെയും പിന്നിൽ സാത്താൻ ഉണ്ട്. മനുഷ്യസ്വഭാവത്തിലുള്ള പാപത്തിനു പിന്നിൽ സാത്താനാണ് അവകാശം പറഞ്ഞുനിൽക്കുന്നത്.

ഇങ്ങനെ പൈശാചികൻ അവകാശം പറയുന്ന പാപം ഓർത്ത് നാം അനുതപിക്കുമ്പോൾ ലംഘനം കർത്താവു ക്ഷമിച്ചു തരും. പാപസ്വഭാവം പിന്നെയും അവിടെയുണ്ട്.

ചിന്തിച്ചു നോക്കൂ, നിങ്ങളുടെ ജീവിതത്തിൽ പാപത്തിന്റെ പ്രകൃതി പോയിട്ടില്ല എന്ന് മനസ്സിലാകും. ഇന്നും തിന്മയുടെ ചില ആസക്തികൾ വരുന്നുണ്ട്. ഇന്നും സന്ദർഭം വരുമ്പോൾ പാപം പത്തിവിടർത്തുന്നുണ്ട്. അല്ലാത്തപ്പോൾ പത്തി താഴ്ത്തി നീതിയിൻ വസ്ത്രത്തിനു പിന്നിൽ മറഞ്ഞിരിക്കുകയാണ്. എന്നാൽ ഒരു സന്ദർഭം വരുമ്പോൾ പത്തി താഴ്ത്തിയിരുന്ന പാമ്പ് ഇതാ തല പൊക്കുന്നു.

സ്നേഹിതരേ, അതുകൊണ്ട് നാം ചിന്തിക്കേണ്ടത് ഈ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ പാപപ്രകൃതി നമ്മിൽനിന്ന് മാറിപ്പോകാനായി നിരന്തരം പ്രാർത്ഥിക്കണം. അതിന് പിശാചിനോട് നിരന്തരം പടവെട്ടണം. സാത്താനോട് യുദ്ധം ചെയ്യണം. അപ്പൊസ്തലനായ പൗലൊസ് എഫെസ്യർക്ക്

ലേഖനം എഴുതുമ്പോൾ പറഞ്ഞു:

> *"ഒടുവിൽ കർത്താവിലും അവന്റെ അമിത ബല ത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങ ളോട് എതിർത്തു നില്പാൻ കഴിയേണ്ടതിന്ന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ. നമുക്കു പോരാട്ടമുള്ളത് ജഡരക്ത ങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വാ യുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടു ക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടു ത്തുകൊണ്ടും നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ."* *എഫെസ്യർ 6 : 10 – 17*

സർവ്വായുധവർഗ്ഗം ധരിച്ചുനിൽക്കണം. പിശാചിനോട് നിരന്തരം യുദ്ധമുണ്ട്. നിരന്തരം പടവെട്ടണം.

ഈ പാപപ്രകൃതി നമ്മിൽനിന്ന് മാറിപ്പോകുന്നതിനു വേണ്ടി യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവിന്റെ തീ നമ്മുടെ സിരകളിൽക്കൂടി ഒഴുകിയൊഴുകി നമ്മിലുള്ള പാപ ത്തിന്റെ പ്രകൃതി കത്തിച്ചു കളയുന്നതിനുവേണ്ടി നിരന്തരം യുദ്ധംചെയ്യണം. പാപത്തിന്റെ സ്വഭാവം നമ്മിലുണ്ട്. പാപം ചെയ്യാത്തപ്പോഴും ആ പ്രകൃതി അവിടെയുണ്ട്. ആ സ്വഭാവം കത്തിക്കത്തി പോകണം. അതു കത്തിക്കാനുള്ള തീ പരിശു

ദ്ധാത്മാവിന്റെ തീയാണ്.

അത് മരണത്തോളമുള്ള പ്രക്രിയയാണ്. പിശാചിനോടുള്ള യുദ്ധം മരണത്തോളമുണ്ട്. അവസാനസമയത്തും, മരണനേരത്തും, നമ്മെ തോൽപ്പിക്കാനും നമ്മെ പിടിച്ചുകൊണ്ടുപോകുവാനും അവൻ വരും. ആത്മാവിനെ കവർന്നു കൊണ്ടുപോകുവാൻ വരും. എന്നാൽ പിശാചിനോട് എതിർത്തു നിൽക്കുവാനുള്ള സർവ്വായുധവർഗ്ഗം ധരിച്ചു കൊണ്ടുനിന്നാൽ ഭയപ്പെടേണ്ടതില്ല. നമ്മുടെ കർത്താവ് നമുക്കു സംരക്ഷണം തരും.

നിങ്ങൾ ഇപ്പോൾ വാസ്തവമായി ദാഹിക്കണം: കർത്താവേ, അവിടുത്തെ തിരുരക്തം ഒരു തുള്ളി എന്റെ നെറ്റിമേൽ ഇപ്പോൾ പതിയണമേ. നിന്റെ തൃക്കരം എന്റെ തലമേൽ വയ്ക്കണമേ. യേശുവേ, എനിക്കു സ്വന്തമായി പാപത്തെ ജയിക്കാൻ സാധിക്കുകയില്ല. സ്വന്തമായൊരു കഴിവ് എനിക്കില്ല.

ആത്മാവിനാൽ മാത്രമേ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കാൻ സാധിക്കുകയുള്ളൂ. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ മാത്രമേ എന്റെ ശരീരത്തിലുള്ള ജഡിക ഇച്ഛകളെ മരിപ്പിക്കാൻ സാധിക്കുകയുള്ളൂ. പരിശുദ്ധാത്മാവ് എന്റെ ഉള്ളത്തിൽ വസിച്ചാൽ മാത്രമേ ഈ ജഡിക ഇച്ഛകൾ മാറുകയുള്ളൂ. കർത്താവേ, എനിക്ക് ദൈവരാജ്യത്തിൽ പോകണം. നിന്റെ രണ്ടാമത്തെ വരവിൽ നിന്നെ എതിരേൽക്കുന്ന വിശുദ്ധന്മാരുടെ നിരയിൽ എനിക്കും നിൽക്കണം.

കർത്താവേ, നിന്റെ വിശുദ്ധരക്തത്താൽ എനിക്കു നീതീകരണം തരണമേ. നീതിമാൻ എന്ന പേരിന് എനിക്കർഹത ഉണ്ടായിട്ടല്ല. എങ്കിലും ഞാൻ നിന്നിൽ ആശ്രയിക്കുന്നതു കൊണ്ട്, നിന്റെ നീതിയുള്ള രക്തം എനിക്കുവേണ്ടി വാദിക്കുന്നതുകൊണ്ട് ഞാൻ നിന്നോട് യാചിക്കുകയാണ്. നിന്റെ തിരുരക്തത്താൽ എന്നെ പൊതിയണമേ. നിന്റെ തിരുരക്തത്താൽ എന്നെ വിശുദ്ധീകരിക്കണമേ. നിന്റെ തിരുരക്തത്താൽ എന്നെ

ആവരണം ചെയ്യണമേ.

നാഥാ! നീ രണ്ടാമതു വരുമ്പോൾ എന്നെക്കൂടെ നീ ചേർത്തുകൊള്ളേണമേ.

നമുക്ക് പ്രാർത്ഥിക്കാം: കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അവിടുത്തെ മഹത്വമേറിയ വചനങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വചനത്തിന്റെ മർമ്മങ്ങൾ വെളിപ്പെടുത്തി തരുന്നതിനായി സ്തോത്രം. നാഥാ! ഈ വചനം വായിച്ച എല്ലാവരേയും നീ അനുഗ്രഹിക്കണമേ. എല്ലാവരുടേയും മേൽ തൃക്കരം വയ്ക്കണമേ. തിരുരക്തം പുരട്ടണമേ. തിരുവരവിനായി ഒരുക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുരാജന്റെ സ്നേഹം നിറഞ്ഞ നാമത്തിൽ തന്നേ, ആമ്മേൻ.

## ആറ്

*"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ" വെളിപ്പാട് 16 : 15*

വേദപുസ്തകത്തിലെ വെളിപ്പാടു പുസ്തകം 66 പുസ്തകങ്ങളിൽ ഒടുവിലത്തെ പുസ്തകമാണ്. ഒടുവിലത്തെ പുസ്തകമായി ചേർത്തിട്ടുണ്ടെങ്കിലും എഴുതപ്പെട്ട കണക്കു നോക്കിയാൽ ഒടുവിലത്തെ പുസ്തകം യോഹന്നാന്റെ സുവിശേഷമാണ്. ഒന്നാമത്തെ പുസ്തകം ഉല്പത്തി പുസ്തകം ആണെങ്കിലും എഴുതിയ കണക്കനുസരിച്ച് ഇയ്യോബിന്റെ പുസ്തകമാണ് എന്നാണ് വേദപണ്ഡിതന്മാരുടെ അഭിപ്രായം.

വേദപുസ്തകത്തിലെ എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവു തരുന്നതാണ്. മനുഷ്യന്റെ ആലോചനപ്രകാരം വരുന്നതല്ല. മനുഷ്യൻ ബുദ്ധികൊണ്ടോ അറിവുകൊണ്ടോ പാണ്ഡിത്യംകൊണ്ടോ എഴുതിയതല്ല. സ്വർഗ്ഗത്തിൽനിന്ന് നിത്യനായ ദൈവം നമുക്കയച്ചുതരുന്നതാണ്. അതുകൊണ്ട് വേദപുസ്തകം ഭയഭക്തിയോടെ, ആരാധനയോടെ നാം വായിക്കേണ്ടതാണ്. സ്തുതിയോടും സ്തോത്രത്തോടും കൂടെ വായിക്കേണ്ടതാണ്.

വേദപുസ്തകത്തിലെ വാക്യങ്ങൾ വായിക്കുമ്പോൾ നമുക്ക് ഉണർവ്വു ലഭിക്കും. തളർന്നിരിക്കുന്നവരുടെ തളർച്ച മാറി ഊർജ്ജസ്വലരായിത്തീരും. ക്ഷീണിച്ചിരിക്കുന്നവർ ബലശാലികളായിത്തീരും. ഉൾക്കരുത്തില്ലാതെ ഭീരുക്കളായിരിക്കു

ന്നവർ ധീരന്മാരായി മാറും. നിരാശയിലാണ്ടുപോയവർ നിരാശ മാറി പ്രസന്നവദനരായിത്തീരും. വേദപുസ്തകത്തിലെ വചനങ്ങൾ മനുഷ്യരെ രൂപാന്തരപ്പെടുത്തുന്നു.

ഈ ബൈബിൾ നശിപ്പിക്കാൻ ഓരോരോ കാലയളവിൽ അനേകർ ശ്രമിച്ചിട്ടുണ്ട്. തത്വചിന്തകന്മാർ ശ്രമിച്ചിട്ടുണ്ട്. ഭരണകർത്താക്കൾ ശ്രമിച്ചിട്ടുണ്ട്. വലിയ വലിയ വിജ്ഞാനികൾ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, വേദപുസ്തകം നശിപ്പിക്കാൻ ആർക്കും സാധിച്ചിട്ടില്ല. ഒരിക്കൽ നിരീശ്വരചിന്താഗതിയുള്ള വോൾട്ടയർ പറഞ്ഞു: "യേശുക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കാൻ പന്ത്രണ്ട് മുക്കുവന്മാർ വേണ്ടിവന്നു. എന്നാൽ ഞാൻ ഒരാൾ മതി, ഈ വേദപുസ്തകം നിശ്ശേഷം നശിപ്പിക്കാൻ. ഒരു അൻപതു വർഷത്തിനുശേഷം വേദപുസ്തകം ഈ ഭൂമിയിൽ കാണുകയില്ല"എന്ന്. വോൾട്ടയർ നിരീശ്വരനായിരുന്നു. ദൈവവചനത്തെ എതിർക്കുന്ന ആളായിരുന്നു.

എന്നാൽ എവിടെ ഇരുന്നുകൊണ്ടാണോ വോൾട്ടയർ ഇതു പറഞ്ഞത്, അതേ കെട്ടിടം ഇന്ന് ഫ്രാൻസിലെ ബൈബിൾ സൊസൈറ്റിയുടെ ഗോഡൗൺ ആണ്. അവിടെ വേദപുസ്തകങ്ങൾ നിറച്ചുവച്ചിരിക്കുന്നു. ഫ്രാൻസിലെ ബൈബിൾ സൊസൈറ്റിയുടെ ആസ്ഥാനവും ബൈബിൾ സൊസൈറ്റിയുടെ ഗോഡൗണും നശിപ്പിക്കാൻ പലരും നോക്കി. പക്ഷേ, തകർന്നില്ല.

ഒരിക്കൽ വേദപുസ്തകത്തെക്കുറിച്ച് ട്രെയിനിൽ വച്ച് ഒരു ചർച്ച നടന്നു. റോബർട്ട് ഇങ്കർസോൾ എന്ന നിരീശ്വരനായ ഒരു ചിന്തകൻ ട്രെയിനിൽ ഉണ്ടായിരുന്നു. ഒരു സ്റ്റേഷനിൽ നിന്ന് മാന്യനായ ഒരാൾ ട്രെയിനിൽ കയറി. ട്രെയിൻ വിട്ടുകഴിഞ്ഞയുടൻ അദ്ദേഹം വേദപുസ്തകം വായിക്കാൻ തുടങ്ങി. ഉടനെ റോബർട്ട് ഇങ്കർസോൾ ചോദിച്ചു: "നിങ്ങൾ ആരാണ്?" "ല്യൂവാലസ്." അദ്ദേഹം മറുപടി പറഞ്ഞു. "നിങ്ങൾ ആരാണ്?" "ഞാൻ റോബർട്ട് ഇങ്കർസോൾ. ഞാൻ ഒരു തത്വചിന്തകനാണ്."

"നിങ്ങൾ വായിക്കുന്ന പുസ്തകം എന്താണ്?"

"Holy Bible"

റോബർട്ട് ഇങ്കർസോൾ ചോദിച്ചു: "ഇപ്പോഴും നിങ്ങൾ ബൈബിൾ വായിക്കുന്നുണ്ടോ? മനുഷ്യന് സംസ്ക്കാരമുണ്ടായി. പരിഷ്ക്കാരമുണ്ടായി. വിദ്യാഭ്യാസമുണ്ടായി. എന്നിട്ടും ഈ പഴഞ്ചൻ പുസ്തകം വായിക്കുകയാണോ?"

ല്യൂവാലസ് പറഞ്ഞു: "അങ്ങനെ പറയല്ലേ. ഓരോദിവസം വായിക്കുമ്പോഴും പുതിയ ദൂതുകൾ കിട്ടുകയാണ്. ഓരോ പുതിയ അനുഭവങ്ങൾ കിട്ടുകയാണ്. ഇത് ദൈവത്തിന്റെ വചനമാണ്. ദൈവത്തിന്റെ അരുളപ്പാടാണ്."

"കഷ്ടം! നിങ്ങൾ വിശ്വസിക്കുന്നുണ്ടോ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന്?"

"വിശ്വസിക്കുന്നുണ്ടോ എന്നോ? അത് എന്റെ സജീവ അനുഭവമല്ലേ! ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു! ഞാൻ അനുഭവിക്കുന്നു! ഞാൻ പ്രാർത്ഥിക്കുമ്പോൾ കർത്താവ് കണ്ണീര് തുടക്കുന്നു!"

ഇങ്കർസോൾ പിന്നെയും സംസാരിച്ചു കൊണ്ടിരുന്നു. ഇങ്കർസോളിന്റെ സംസാരം കൊണ്ട് ല്യൂവാലസിന്റെ ഹൃദയത്തിൽ ഒരു ചെറിയ ചലനമുണ്ടായി. ഇങ്കർസോൾ ഈ ഒരേ കാര്യം തന്നെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ കുറച്ച് ല്യൂവാലസിന്റെ ഹൃദയത്തിൽ കയറി.

ശരിയായിരിക്കുമോ? അബദ്ധമാണോ ഈ വേദപുസ്തകം? ഇത്രയും മഹാനായ ഒരാൾ പറഞ്ഞപ്പോൾ എന്തെങ്കിലും കാര്യം കാണുമായിരിക്കുമല്ലോ. ല്യൂവാലസ് ചിന്തിക്കാൻ തുടങ്ങി. അവർ പിരിയുന്നതിനുമുമ്പ് ഇങ്കർസോൾ എഴുന്നേറ്റ് ല്യൂവാലസിന്റെ കൈയിൽ പിടിച്ചു പറഞ്ഞു: "നിങ്ങൾ ഒരു ഉന്നതനായ സാഹിത്യകാരനാണ്. നിങ്ങൾക്ക് ഒട്ടേറെ എഴുതാൻ സാധിക്കും. നിങ്ങൾ ഒരു കാര്യം ചെയ്യൂ: ക്രിസ്തു ഒരു മിഥ്യയാണെന്നും വേദപുസ്തകം വെറും അബദ്ധമാണെന്നും തെളിയിച്ചുകൊണ്ട് നിങ്ങൾ ഒരു പുസ്തകം എഴുതുക."

ല്യൂവാലസ് സമ്മതിച്ചു. വിശ്വാസിയായ ല്യൂവാലസ് പെട്ടെന്ന് ഇങ്കർ സോളിന്റെ വാക്കുകൾ കേട്ട് മനംമാറി. നോക്കൂ, അവിശ്വാസികളോടു കൂട്ടുകൂടുന്നത്, നിരീശ്വരന്മാരോട് സംസാരിക്കുന്നത് സൂക്ഷിച്ചുവേണം. കാരണം, അവരുടെ ഉള്ളിലുള്ള ചില ചീത്ത ആശയങ്ങൾ നമ്മിലേക്ക് കുത്തിവയ്ക്കുവാൻ അവർക്കു കഴിയും.

ല്യൂവാലസ് വീട്ടിലെത്തി. വേദപുസ്തകത്തിന്റെ പലതരത്തിലുള്ള editions അദ്ദേഹം വാങ്ങിച്ചു വായിക്കാൻ തുടങ്ങി. വേദപുസ്തകം നല്ലപോലെ പഠിച്ചു. വേദപുസ്തകം അബദ്ധമാണ് എന്നു തെളിയിക്കാനുള്ള ശ്രമത്തിൽ അദ്ദേഹം ഒട്ടേറെ പോയിന്റുകൾ കുറിച്ചെടുത്തു. നാലുവർഷം പഠിച്ചു. നാലുവർഷം കഴിഞ്ഞ് അദ്ദേഹം എഴുതാൻ ഇരുന്നു.

ഫയൽ മേശപ്പുറത്തുണ്ട്. എഴുതാനുള്ള കടലാസുകൾ മേശപ്പുറത്തുണ്ട്. പേനയുണ്ട്. അദ്ദേഹം എഴുതാൻ തുടങ്ങുകയല്ല, പെട്ടെന്ന് ചാടി എഴുന്നേറ്റു. ഒന്നും എഴുതിയില്ല. അദ്ദേഹം താഴെ മേശയുടെ മുമ്പിൽ മുട്ടുകുത്തി തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു: നാഥാ! എന്റെ യേശുവേ, നീ മിഥ്യയാണെന്നും നിന്റെ വചനം അബദ്ധമാണെന്നും ചിന്തിക്കുന്തോറും നീ എനിക്ക് ഒരു യാഥാർത്ഥ്യമായിത്തീരുന്നല്ലോ. നീ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നല്ലോ. നീ സ്നേഹിക്കുന്ന ദൈവമാണല്ലോ. എന്റെ കൈകൊണ്ട് നിന്നെ നിഷേധിക്കാൻ ശ്രമിക്കുന്തോറും നീ എനിക്ക് അനുഭവമായിത്തീരുന്നു. എന്നോടു ക്ഷമിക്കണമേ. ല്യൂവാലസ് കുറെനേരം കരഞ്ഞുപ്രാർത്ഥിച്ചു. എന്നിട്ട് ക്രിസ്തുവിൽ അടിയുറച്ച വിശ്വാസത്തോടെ എഴുതാൻ തുടങ്ങി.

അതാണ് 'ബെൻഹർ' എന്ന പുസ്തകം. ക്രിസ്തുവിലുള്ള വിശ്വാസത്തെ ഊട്ടി ഉറപ്പിക്കുന്ന പുസ്തകമാണ് ബെൻഹർ. അത് മനോഹരമായ ഒരു നല്ല നോവലാണ്. ഒരു ക്രൈസ്തവ സാഹിത്യകൃതിയാണ്. യേശുക്രിസ്തുവിനെ ഉയർത്തുകയും ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു

വിന്റെ അത്ഭുതകരമായ ശക്തിയെ വെളിപ്പെടുത്തുകയും ചെയ്യുന്ന അതിമനോഹരമായ ഒരു ക്രൈസ്തവ ഗ്രന്ഥം.

ഞാൻ ഏകാകിയായി വലഞ്ഞപ്പോൾ, അനാഥനാണല്ലോ എന്നോർത്ത് കരഞ്ഞപ്പോൾ, ദുഃഖിതനായി നിരാശയിൽ ആണ്ടുപോയപ്പോൾ, ജീവിതത്തിൽ നിരാശവന്ന് എന്തിനു ജീവിക്കുന്നു എന്നു തോന്നിയ സമയങ്ങളിൽ ഈ വേദപുസ്തകം എന്നെ തഴുകി. വേദപുസ്തകത്തിലെ വാക്കുകൾ എന്നെ ശക്തീകരിച്ചു. എനിക്ക് സമാധാനം തന്നു. വചനം എന്നെ ജീവിപ്പിച്ചു. വചനം എന്റെ നിരാശമാറ്റി. എന്റെ ബന്ധനങ്ങളെ അഴിച്ചു. എന്റെ പാപം മാറ്റി. എന്റെ അശുദ്ധി മാറ്റി. എന്റെ ചീത്ത വികാരങ്ങൾ മാറ്റി. എന്റെ ഹൃദയത്തിലുള്ള ദുരാഗ്രഹങ്ങൾ മാറ്റി. യേശുക്രിസ്തുവിന്റെ വചനം എന്നെ രൂപാന്തരപ്പെടുത്തി.

തികവിന്റെ പാതയിലൂടെ അവൻ എന്നെ നടത്തിക്കൊണ്ടിരിക്കുന്നു. മരണംവരെയും അവൻ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കും. ശുദ്ധീകരണം തന്നുകൊണ്ടിരിക്കും.

എന്റെ സഹോദരങ്ങളേ, നിങ്ങൾക്കുവേണമോ ഈ യേശുവിനെ? നിങ്ങൾക്കു വേണമോ യേശുവിന്റെ വചനം? യേശു വീണ്ടും വരുമെന്ന് നിങ്ങൾക്ക് വിശ്വസിക്കാൻ പറ്റുന്നുണ്ടോ? യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. യേശു നിങ്ങളെ ഓരോരുത്തരേയും കാണുന്നു. നിങ്ങളുടെ ഹൃദയം മുഴുവൻ കാണുന്നു. നിങ്ങളുടെ പഴയ കാലങ്ങൾ കാണുന്നു. എല്ലാം കാണുന്നവനായ യേശു!

ഒരു ദിവസം നാം അവന്റെ അരികിൽ പോയി നിൽക്കേണ്ടിവരും. അന്ന് നമ്മുടെ മുട്ടുവിറയ്ക്കുമോ? നാം നിരാശയോടെ നിൽക്കേണ്ടിവരുമോ? അയ്യോ! നല്ലകാലങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ എന്നോർത്ത് കരയേണ്ടിവരുമോ? ഇനി എനിക്ക് തിരിയാൻ അവസരമില്ലല്ലോ എന്നോർത്ത് നിരാശപ്പെടേണ്ടി വരുമോ? നരകത്തീയിലേക്ക് ഞാൻ പോകുന്നല്ലോ എന്നോർത്തു കരയേണ്ടിവരുമോ?

പ്രിയരേ, ഇന്നു നിങ്ങൾക്ക് ദൈവത്തിന്റെ വചനം തരികയാണ്. കർത്താവായ യേശുക്രിസ്തു നിങ്ങളുടെ അരികിലേക്ക് വന്നിരിക്കുന്നു. ഇന്നു കൃപയുടെ വാതിൽ തുറന്നിട്ടു കൊണ്ട് കർത്താവു വിളിക്കുകയാണ്.

ഇന്ന് കൃപാസനത്തിൽ ഇരിക്കുന്നവൻ അന്ന് ന്യായാസനത്തിലേക്ക് മാറും.

> *"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക."*
>
> *എബ്രായർ 4 : 15, 16*

ഇന്ന് കൃപാസനത്തിനടുത്തേക്ക് ചെല്ലാം. ധൈര്യത്തോടെ ചെല്ലാം. അവൻ വിളിക്കുന്നു. യാചകനെപ്പോലെ ഹൃദയവാതിൽക്കൽ മുട്ടുന്നു. അവൻ ഓരോരുത്തരുടെയും അടുത്തുവന്നു കെഞ്ചി നിൽക്കുകയാണ്.

സക്കായിയേ, വേഗം ഇറങ്ങിവാ. നീ പാപിയാണെങ്കിലും പാപിയെ സ്നേഹിക്കുന്ന യേശു നിന്റെ അരികിലേക്കു വരികയാണ്. മകനേ, നിന്റെ ജീവിതത്തിൽ വന്ന തെറ്റുകൾ അവനറിയാം. പാകപ്പിഴകൾ അവനറിയാം. തിന്മകൾ അവനറിയാം. അവൻ അറിയാതെ ഒന്നും ബാക്കിയില്ല. പക്ഷേ, എല്ലാം കണ്ടിട്ടും ഒന്നും കാണാത്തവനെപ്പോലെ അവൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിക്കുന്നു.

മകനേ, യേശുവിന് നിന്നെ അനുഗ്രഹിക്കണമെന്നുണ്ട്. നിന്റെ ഭാവി ശോഭനമാക്കണമെന്നുണ്ട്. നിന്റെ നിരാശ മാറ്റണമെന്നുണ്ട്. കണ്ണുനീർ തുടയ്ക്കണമെന്നുണ്ട്. ഹൃദയത്തിന്റെ വിഷാദഭാവം മാറ്റണമെന്നുണ്ട്. നിന്റെ ഹൃദയത്തിലെ ദുരിത

ങ്ങൾ അകറ്റണമെന്നുണ്ട്. നിന്റെ കുടുംബത്തിലെ സ്വൈര്യ ക്കേടു മാറ്റണമെന്നുണ്ട്.

ഇന്ന് വാതിൽ തുറന്നിട്ടിരിക്കുന്നു. എന്നാൽ എപ്പോഴാണ് ഈ വാതിൽ അടയ്ക്കുന്നതെന്ന് ആരറിഞ്ഞു? യേശുക്രിസ്തു വീണ്ടും വരും. അവൻ കള്ളനെപ്പോലെ വരും. ആരും നിന യ്ക്കാത്ത സമയത്ത് യേശുക്രിസ്തു വരും. ഇത് സംഭവി ക്കാൻ പോകുന്ന കാര്യമാണ്.

ഒരു ദിവസം ഈ ഭൂമിയിൽ നിന്ന് നാം മാറ്റപ്പെടും എന്നു ള്ളതിന് സംശയമില്ല. കടന്നുപോയതിനുശേഷം ഒരു നിത്യത യുണ്ട്. നിത്യതയെ നാം എങ്ങനെ അഭിമുഖീകരിക്കും? നിത്യത യിൽ നാഥന്റെ മുമ്പിൽ നമ്മുടെ ജീവിതത്തിന്റെ ഏടുകളെല്ലാം തുറന്നുകാണിക്കുന്ന സമയത്ത് നാം എന്തുപറയും?

അവിടെ കൂട്ടായ്മക്കാർ ഉണ്ടായെന്നു വരും. ആത്മീയ ഗുരുക്കന്മാർ ഉണ്ടായെന്നു വരും. അവർക്ക് ഒന്നും ചെയ്യാൻ സാധിക്കയില്ല. ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല. യേശുക്രിസ്തു ഇന്നു നിന്റെ ഹൃദയത്തിൽ നാഥനായി വന്നി ല്ലെങ്കിൽ മകനേ, നിന്റെ കാര്യം അപകടത്തിലാണ്. മകളേ, നിന്റെ കാര്യം വളരെ അപകടത്തിലാണ്. യേശുവിനായി നിന്റെ ഹൃദയം തുറക്കൂ.

'ഞാൻ കള്ളനെപ്പോലെ വരും' എന്നു കർത്താവു പറയു ന്നു. മരണം ഒരു യാഥാർത്ഥ്യമായിരിക്കുന്നതുപോലെ യേശു ക്രിസ്തുവിന്റെ രണ്ടാമത്തെ വരവും ഒരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തെ നാം ഒരു ദിവസം നേരിടുകതന്നെ ചെയ്യും. മരിച്ചതിനു ശേഷമാണെങ്കിലും ആ യാഥാർത്ഥ്യത്തെ നാം നേരിടും. അന്ന് മരിച്ച് കല്ലറയിൽ അടക്കപ്പെട്ടവർ ഏതാനും പേർ മാത്രമെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉയിർത്തെ ഴുന്നേൽക്കുകയുള്ളൂ. എല്ലാവരും ഉയർത്തെഴുന്നേൽക്കയില്ല. വിശുദ്ധന്മാർ മാത്രം, നീതിമാന്മാർ മാത്രം, തിരുരക്തത്താൽ നീതീകരണം കിട്ടിയവർ മാത്രം ഉയർത്തെഴുന്നേൽക്കും.

ഇത് നിങ്ങൾക്കറിയാമോ? അറിയാമെങ്കിൽ പിന്നെ എന്തുകൊണ്ട് നിങ്ങൾ പാപത്തെ വിടുന്നില്ല? എന്തുകൊണ്ട് വിശുദ്ധരായിത്തീരുന്നില്ല? എന്തുകൊണ്ട് നിങ്ങളുടെ ജീവിതം മാറ്റുന്നില്ല?

സ്നേഹിതാ, ഈ ലോകമെല്ലാം മായ. എല്ലാം മാറിപ്പോകും; എല്ലാം നീങ്ങിപ്പോകും; എല്ലാവരും മാറിപ്പോകും; മാറാത്തവൻ ഒരുവൻ മാത്രം. അതെന്റെ നാഥനായ യേശുക്രിസ്തു ആണ്. അവന്റെ അത്ഭുതകരം നിന്റെ നേരെ നീട്ടിയിരിക്കുന്നു. അവന്റെ സ്നേഹമുള്ള കരം നിന്നെ തലോടുന്നു. നിന്റെ കണ്ണുനീരു തുടയ്ക്കാൻ, നിന്റെ ദുരിതം മാറ്റാൻ, ശോഭനമായ ഭാവി നിനക്കുതന്ന് നിന്നെ അനുഗ്രഹിക്കാൻ അവൻ ആഗ്രഹിക്കുന്നു. അവൻ സ്നേഹം മാത്രമാണ്.

ആരും പ്രതീക്ഷിക്കാത്ത സമയത്ത് കർത്താവ് വീണ്ടും വരും. അത് രാത്രിയാണോ പകലാണോ; രാവിലെയാണോ വൈകുന്നേരമാണോ; ജോലിചെയ്യുന്ന സമയത്താണോ ആർക്കറിയാം?

> *"രണ്ടുപേർ വയലിൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ കിടക്കയിൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും. രണ്ടുപേർ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും."*
>
> *മത്തായി 24 : 41, 42; ലൂക്കോസ് 17 : 34 – 37*

ഒരേ സമയത്താണ് കർത്താവു വരുന്നത്. അമേരിക്കയിലും ഇംഗ്ലണ്ടിലും യൂറോപ്പിലും ആസ്ട്രേലിയയിലും ന്യൂസിലന്റിലും ചൈനയിലും ജപ്പാനിലും ഈ ഭാരതഭൂമിയിലും, കർത്താവായ യേശു വരുന്നത് ഒരു സമയത്താണ്. ചിലയിടത്ത് പകലായിരിക്കും, ചിലയിടത്ത് രാത്രിയായിരിക്കും.

യേശുക്രിസ്തു ആരും പ്രതീക്ഷിക്കാത്ത സമയത്തു വരുന്നു എന്നുള്ളതുകൊണ്ട് എപ്പോഴും ഒരുങ്ങിയിരിപ്പിൻ. വളരെ വ്യക്തമായിട്ടാണു വചനം പറയുന്നത്. എപ്പോഴും ഒരുങ്ങിയിരിക്കണം. മരിച്ചു മൺമറഞ്ഞു പോയവർക്ക് ഇനി ഒരുങ്ങാൻ സാധിക്കയില്ല. ഭൂമിയിൽ ജീവിച്ചിരിക്കുന്ന നമുക്ക് ഇന്ന് ഒരുങ്ങാം.

ഈ ഭൂമിയിലെ ആയുഷ്ക്കാലം ഒരേ ഒരു കാര്യത്തിനു വേണ്ടി മാത്രം ചെലവഴിക്കേണ്ടതാണ്. കർത്താവിനുവേണ്ടി നമ്മെത്തന്നെ ഒരുക്കുക. സ്വർഗ്ഗരാജ്യത്തിനുവേണ്ടി ഒരുങ്ങുക. ആകെ നിലനിൽക്കുന്നത് അതേ ഉള്ളൂ. ബാക്കിയുള്ളതെല്ലാം മാറിപ്പോകും. എല്ലാവരും മാറും. എല്ലാം മാറും. ആർക്കും ഒന്നും ചെയ്യാൻ സാധിക്കയില്ല. ഞാൻ എന്നു പറയുന്ന മനുഷ്യൻ ഏകനായി അക്കരെക്കു കടന്നുപോകും.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ, ഇവിടെ കഴിയുന്ന കാലത്ത്, ഇവിടെവച്ച് നാം ഒരുങ്ങണം. ഇവിടെവച്ച് ഒരുങ്ങിയില്ലെങ്കിൽ തീരാനഷ്ടം. കർത്താവ് നമുക്ക് ഒരുങ്ങാൻ അവസരം തരികയാണ്.

പരിശുദ്ധാത്മാവിന്റെ തീ നമ്മുടെമേൽ പകർന്ന്, നമ്മുടെ ഹൃദയത്തിന്റെ പാപവശങ്ങളെ കത്തിച്ച്, നമ്മെ രൂപാന്തരപ്പെടുത്തി വിശുദ്ധരാക്കാൻ പരിശുദ്ധാത്മാവ് അദ്ധ്വാനിക്കുകയാണ്. നമ്മൾ ഭാഗ്യശാലികളാണ്. നമുക്ക് വചനം കിട്ടുന്നു; കർത്താവ് നമ്മുടെ അരികത്തേക്ക് ഇറങ്ങിവരുന്നു. ചേർന്നുനിൽക്കുന്നു; കർത്താവ് കരം നീട്ടുന്നു; കർത്താവ് തലോടുന്നു; നാം ഒരുപക്ഷേ, അറിയുന്നില്ല, കാണുന്നില്ല.

ഇപ്പോൾ നിങ്ങൾ ഒരു കാര്യം മാത്രം വിശ്വസിക്ക. കർത്താവ് കള്ളനെപ്പോലെ വരും. എപ്പോഴാണു വരുന്നത് എന്നറിയാൻ വയ്യാതെയിരിക്കുമ്പോൾ, പലരും ഒരുങ്ങാതിരിക്കുന്ന സമയത്ത് വരുന്ന യേശുവിനെ എതിരേല്പാൻ നമുക്കൊരുങ്ങാം.

# ഏഴ്

*“ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ”* *വെളിപ്പാട് 16 : 15*

തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ! യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്ന അനേകം വേദഭാഗങ്ങളുണ്ട്. ദാനീയേൽ പ്രവാചകന്റെ പുസ്തകം 11-ാം അദ്ധ്യായവും സെഖര്യാപ്രവാചകന്റെ പുസ്തകം 12-ഉം 14-ഉം അദ്ധ്യായങ്ങളും വെളിപ്പാടു പുസ്തകം മുഴുവനും കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും ഭാവികാല സംഭവങ്ങളെക്കുറിച്ചും ഉള്ള പ്രവചനഭാഗങ്ങളാണ്.

വേദപുസ്തകത്തിലെ 66 പുസ്തകങ്ങളിലുമുള്ള ഓരോ വാക്കും ഓരോ അക്ഷരവും ദൈവശ്വാസീയമാണ്. ബുദ്ധിയില്ലാത്ത മനുഷ്യൻ ഒരുപക്ഷേ, അതിൽ നോക്കുമ്പോൾ പലതും തെറ്റാണെന്ന് തോന്നിപ്പോകാം. ഒരുപക്ഷേ, തർജ്ജമയിൽ തെറ്റുണ്ടായിരിക്കാം. പക്ഷേ, അതിന്റെ മൂലഭാഷയിൽ നോക്കുമ്പോൾ അതിൽ തെറ്റുകൾ കാണുകയില്ല എന്നതാണു സത്യം. ചില കാര്യങ്ങൾക്കു വിരുദ്ധമായി വേദപുസ്തകത്തിൽ ചില പ്രസ്താവനകളുണ്ട് എന്നു പറയുന്ന ആളുകളുണ്ട്. അങ്ങനെയുള്ള ആശയഗതികളിലേക്കോ ചിന്താഗതികളിലേക്കോ നാം ആരും വഴുതിപ്പോകരുത്. വേദപുസ്തകത്തിലെ ഓരോ

വാക്കും ഓരോ അക്ഷരവും കർത്താവായ യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവു തന്ന സ്വർഗ്ഗീയ വചനങ്ങളാണ്. എല്ലാം നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ളതാണ്.

എന്നാൽ ഈ ആധുനികകാലത്ത് ചില സുവിശേഷകന്മാർ ചില ഭയാനകമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത് അടുത്തയിടെ ഞാൻ വായിക്കുകയുണ്ടായി. വളരെ പ്രസിദ്ധനായ ഒരു സുവിശേഷകൻ വേദപുസ്തകത്തിലെ ചിലഭാഗങ്ങൾ മാറ്റേണ്ടതുണ്ട് എന്ന് അഭിപ്രായപ്പെട്ടതായിട്ടാണ് വായിച്ചത്. വളരെ സങ്കടകരമായിപ്പോയി. അദ്ദേഹത്തോട് കൂട്ടുചേർന്ന ചില സുവിശേഷകന്മാർ ഈ ഭാരത ഭൂമിയിലുമുണ്ട്.

വേദപുസ്തകത്തിൽ മാറ്റം വരുത്തണമെന്നും വേദപുസ്തകത്തിലെ ആശയങ്ങൾ ഈ ആധുനിക കാലത്തിന് യോജിച്ചതല്ല എന്നുമുള്ള ചില നൂതനചിന്താഗതികൾ ഉയർന്നുവരുന്നുണ്ട്. അതെല്ലാം അന്തിക്രിസ്തുവിന്റെ തന്ത്രങ്ങളാണ്; പൈശാചികന്റെ തന്ത്രങ്ങളാണ്. എതിർക്രിസ്തു – Anti-Christ വെളിപ്പെടാറായിരിക്കുന്നു. എതിർ ക്രിസ്തുവിന്റെ ചില തന്ത്രങ്ങളും സൂത്രങ്ങളും അവന്റെ ഉപായങ്ങളുമാണ് ഇങ്ങനെ വേദപുസ്തകത്തിൽ മാറ്റങ്ങൾ വരുത്തണമെന്നും ചില വാക്യങ്ങൾ മാറ്റണമെന്നും ആശയങ്ങൾ മാറ്റണമെന്നും എല്ലാം പറഞ്ഞുകൊണ്ടിരിക്കുന്നത്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്.

എന്തിനാണ് താൻ ഈ സുവിശേഷം എഴുതിയത് എന്ന് യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായത്തിന്റെ ഒടുവിലത്തെ വാക്യം വായിക്കുമ്പോൾ കാണാം.

> *"ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേക അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ*

*നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിന്നും ഇത് എഴുതി യിരിക്കുന്നു.” യോഹന്നാൻ 20 : 30, 31*

ഈ വചനം എഴുതിയിരിക്കുന്നത് യേശുക്രിസ്തു ദൈവ ത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്ന് നിങ്ങൾ വിശ്വ സിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് നിങ്ങൾക്ക് ജീവനുണ്ടാകേണ്ട തിനുമാണ്.

വെളിപ്പാടു പുസ്തകത്തിൽ എല്ലാം വ്യക്തമായി എഴുതി യിരിക്കുന്നു. ഇതിൽനിന്ന് ആരും എടുത്തുമാറ്റാൻ പാടില്ല. ആരും ഇതിലേക്ക് ഒന്നും കൂട്ടിച്ചേർക്കാനും പാടില്ല.

ദൈവത്തിന്റെ വചനം ഇപ്രകാരമാണു പറയുന്നത്.

*“ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യ വാന്മാർ; സമയം അടുത്തിരിക്കുന്നു”*

*വെളിപ്പാട് 1 : 3*

ഇതു വായിച്ചു കേൾപ്പിക്കുന്നവൻ ഭാഗ്യവാനാണ്; ഇതിൽ എഴുതിയിരിക്കുന്നതു കേൾക്കുന്നവർ ഭാഗ്യവാന്മാരാ ണ്; എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവർ ഭാഗ്യവാന്മാരാ ണ്. വളരെ വ്യക്തമായ ചില നിർദ്ദേശങ്ങളാണ് ഈ വാക്കുക ളിൽ നാം കാണുന്നത്. ഈ വാക്യങ്ങളെ വായിച്ചു കേൾപ്പി ക്കാൻ നമുക്കുത്തരവാദിത്വമുണ്ട്. കേൾക്കാൻ നമുക്ക് ഉത്തര വാദിത്വമുണ്ട്. ഇതിൽ എഴുതിയിരിക്കുന്ന പ്രമാണങ്ങൾ നമ്മുടെ ജീവിതത്തിൽ അനുവർത്തിക്കാൻ നമുക്ക് ഉത്തരവാ ദിത്വമുണ്ട്.

അത് ഭാഗ്യകരമായ കാര്യമാണെന്നാണ് പറയുന്നത്.

*“ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെ ന്നാൽ: അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം*

*അവനു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽനിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും"*

*വെളിപ്പാട് 22 : 18, 19*

ഭയങ്കരമാണ്. ഇതിൽനിന്ന് ആരും നീക്കാൻപാടില്ല. അവന് ശിക്ഷവരും. അവനു കിട്ടേണ്ട അനുഗ്രഹം നഷ്ടപ്പെടും. അതുകൊണ്ട് ഒന്നും കൂട്ടിച്ചേർക്കാൻ പാടില്ല, ഒന്നും മാറ്റിക്കളയാനും പാടില്ല.

മനുഷ്യന് അവന്റെ അറിവുപോലെ മാത്രമേ ചിന്തിക്കാൻ പറ്റുകയുള്ളൂ. നിത്യനായ ദൈവത്തിന്റെ മഹാജ്ഞാനത്തിനു മുമ്പിൽ മനുഷ്യന്റെ ജ്ഞാനം എത്രയോ നിസ്സാരം! തെറ്റ് എന്നു മനുഷ്യൻ കാണുന്നത്, ശരി എന്ന് വേദപുസ്തകത്തിലുണ്ടെങ്കിൽ അതു സത്യം തന്നെ. വിശ്വസിക്കുക. വിശ്വസിച്ചാൽ ഭാഗ്യം.

യോനായുടെ പുസ്തകത്തിൽ ഒരു മഹാമത്സ്യം യോനയെ വിഴുങ്ങി എന്ന് പറഞ്ഞിരിക്കുന്നു. അതു സത്യമായിരിക്കയില്ല, ആലങ്കാരികഭാഷയിൽ എഴുതിയതായിരിക്കും എന്നെല്ലാം വേദപണ്ഡിതന്മാർ പോലും പറഞ്ഞിരുന്നു. ഒരു മത്സ്യത്തിന് ഒരാളെ വിഴുങ്ങാൻ പറ്റുകയില്ലെന്നും ഒരു മഹാമത്സ്യം വിഴുങ്ങിയാൽത്തന്നെ ആ മത്സ്യത്തിന്റെ വയറ്റിൽ മൂന്നുദിവസം ഒരാൾ ജീവനോടെ കിടക്കുകയില്ല എന്നും ശാസ്ത്രജ്ഞന്മാർ പോലും പറയുകയുണ്ടായി.

എന്നാൽ 1967-ൽ നോർവ്വേയുടെ സമുദ്രതീരത്ത് രണ്ടുപേർ മീൻ പിടിക്കാൻ പോയി. അവർ പോയ ബോട്ടുമുങ്ങി. അവരെ ഒരുപാടു തെരഞ്ഞിട്ടും കണ്ടുകിട്ടിയില്ല. ഏതാനും ദിവസം കഴിഞ്ഞ് ഒരു മഹാമത്സ്യം കരയിൽ ചത്തടിഞ്ഞു.

അങ്ങനെ ഒരു മത്സ്യം സമുദ്രത്തിന്റെ അന്തർഭാഗത്തുണ്ട്

എന്ന് അതുവരേയും ശാസ്ത്രജ്ഞന്മാർ അറിഞ്ഞിരുന്നില്ല. ഒരു ആനയുടെ മുപ്പത്തിയാറ് ഇരട്ടി വലിപ്പമുള്ള മത്സ്യം. അതിന്റെ വയറുകീറി നോക്കിയപ്പോൾ നഷ്ടപ്പെട്ടുപോയ രണ്ടു മീൻപിടുത്ത തൊഴിലാളികൾ ജീവനോടെ അതിനകത്തിരിക്കുന്നു. അവർ ജീവനോടിരിക്കാൻ Oxygen ഉള്ള ഒരു ബ്ലാഡർ മത്സ്യത്തിന്റെ വയറിനകത്തുണ്ട് എന്നു മനസ്സിലായി. ഈ Oxygen bladderൽ നിന്ന് ആ മനുഷ്യർ ശ്വാസോച്ഛ്വാസം ചെയ്തിരുന്നു.

നോഹയുടെ കാലത്തുണ്ടായ ജലപ്രളയം ഭൂമിയിൽ ആ ഭാഗത്ത് മാത്രം ഉണ്ടായതാണ് എന്ന് ചിന്തിക്കുന്ന ശാസ്ത്ര ജ്ഞന്മാർ ഉണ്ടായിരുന്നു. എന്നാൽ ഭൂമിയുടെ ഏറ്റവും ഉയർന്ന ഭാഗങ്ങളായ ചില പർവ്വതത്തിന്റെ കുന്നുകളിൽ, കൊടുമുടിക ളിൽ, മത്സ്യങ്ങളുടെ അസ്ഥിപഞ്ജരം പിന്നീട് കണ്ടെടുക്കുക യുണ്ടായി. റഷ്യയുടെ വടക്കുള്ള സൈബീരിയൻ പ്രദേശത്തെ മഞ്ഞുമലകളിൽ മത്സ്യത്തിന്റെ അസ്ഥിപഞ്ജരങ്ങൾ കണ്ടെ ടുത്തു. അവിടെ മത്സ്യത്തിന്റെ അസ്ഥികൂടം എങ്ങനെ വരും? ഒരുകാലത്ത് അവിടെ വെള്ളം പൊങ്ങിക്കിടന്നിരുന്നു എന്നർത്ഥം.

ശാസ്ത്രം, എല്ലാം പഠിച്ചു കഴിഞ്ഞിട്ടില്ല. നിത്യനായ ദൈവത്തിന്റെ വചനമോ, എല്ലാം തികഞ്ഞതാണ്. മനുഷ്യന്റെ കാൽ എണ്ണയിൽ മുക്കും എന്ന് ആവർത്തനപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. അവൻ മണലാരണ്യത്തിൽനിന്ന് സമ്പത്തു വലിച്ചെടുക്കും എന്ന് പറഞ്ഞിരിക്കുന്നു. എണ്ണയുടെ സമ്പത്ത് ഗൾഫ്‌രാജ്യങ്ങളിൽ ഉണ്ടെന്ന് മനുഷ്യൻ ആദ്യമായിട്ടറിയു ന്നത് വേദപുസ്തകത്തിൽ ആവർത്തനപുസ്തകത്തിലെ ഈ വാക്യം വച്ചുകൊണ്ടാണ്. ആവർത്തനപുസ്തകം 33 : 19, 24 അങ്ങനെയാണ് ഭൂഗർഭശാസ്ത്രജ്ഞന്മാർ ഖനനം ചെയ്ത് എണ്ണ കണ്ടെടുത്തത്.

ദൈവത്തിന്റെ വചനം പൂർണ്ണമാണ്. ദൈവത്തിന്റെ വചനം ശക്തിയുറ്റതാണ്. ദൈവത്തിന്റെ വചനം ജീവദായക മാണ്. അതു മുഴുവൻ വിശ്വസിക്കാൻ സാധിച്ചാൽ ഭാഗ്യം.

കർത്താവായ യേശുവിന്റെ വരവ് ഒരിക്കലും പ്രതീക്ഷി

ക്കാത്ത സമയത്തായിരിക്കുമെന്ന് വെളിപ്പാടുപുസ്തകം പറയുന്നു. നാളും നാഴികയും അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ എന്നു കർത്താവ് ലൂക്കൊസിന്റെ സുവിശേഷം 12-ാം അദ്ധ്യായത്തിൽ പറയുന്നു. ഈ അടുത്തയിടെ നേപ്പാളിൽ ഭൂകമ്പമുണ്ടായി. അനേകർ ഓടിയിറങ്ങി; അനേകം കെട്ടിടങ്ങൾ നിലംപരിചായി; അനേകർ മരിച്ചു. നിമിഷങ്ങൾക്കുള്ളിലാണ് ഇതെല്ലാം സംഭവിച്ചത്.

ഭാവിയിൽ ഇതുപോലെ ഒരുപക്ഷേ, ഒരു ഭൂകമ്പം, വലിയ ഭൂമികുലുക്കം ഉണ്ടാകുമായിരിക്കും. വേദപുസ്തകം പറയുന്നു, ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും എന്ന്. ആരും പ്രതീക്ഷിക്കാത്ത നേരത്ത് യേശുക്രിസ്തു വീണ്ടും വരും. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് എപ്പോഴാണെന്ന് ആർക്കും അറിഞ്ഞുകൂടാ. അതുകൊണ്ട് എപ്പോഴും ഉണർന്നിരിപ്പിൻ.

ഞാൻ കള്ളനെപ്പോലെ വരും. അപ്രതീക്ഷിതമായ സമയത്തു ഞാൻ വരും. ആർക്കും ഊഹിക്കാൻ പറ്റുകയില്ല.

കർത്താവായ യേശുവിന്റെ ഐഹിക ജീവിതകാലത്ത് കർത്താവു പറഞ്ഞു: ഞാൻ പോകുന്നതു നല്ലത്. ഞാൻ പോയാൽ കാര്യസ്ഥനെ നിങ്ങൾക്ക് അയച്ചുതരും.

> *"ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കുസ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." യോഹന്നാൻ 14 : 2, 3*

പിന്നെയും വരും എന്നാണ് കർത്താവു പറഞ്ഞത്. ശിഷ്യന്മാർക്കു വലിയ പ്രത്യാശയായിരുന്നു. അവൻ പിന്നെയും വരും. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.

അനേകർ ഈ കാര്യങ്ങളെല്ലാം കേൾക്കുന്നുണ്ട് എങ്കിലും ക്രിസ്തു വീണ്ടുംവരുമെന്നുള്ള യാഥാർത്ഥ്യ ബോധത്തിലേക്കു വരുന്നില്ല. നേപ്പാളിലെ ഭൂകമ്പം, അത് ഉണ്ടായിക്കഴിഞ്ഞപ്പോഴല്ലേ ആളുകൾ ഞെട്ടലോടെ ആ സത്യം ഗ്രഹിച്ചത്.

ഒട്ടും പ്രതീക്ഷിക്കാതെ സുനാമിത്തിരകൾ കേരളക്കരയിൽ പെരുമ്പറ മുഴക്കിക്കൊണ്ടു വന്നു കഴിഞ്ഞപ്പോഴാണ് ആളുകൾ അറിയുന്നത്. മുൻകൂട്ടി അറിഞ്ഞിരുന്നില്ല. എന്താണ് സംഭവിക്കുന്നത് എന്ന് ആർക്കറിയാം?

ആർക്കും അറിയാൻ വയ്യ എപ്പോഴാണ് ഇതെല്ലാം സംഭവിക്കുന്നത് എന്ന്. നിനച്ചിരിയാത്ത സമയത്ത് ഇത് സംഭവിക്കും. കർത്താവായ യേശുക്രിസ്തു വീണ്ടും വരും. അപ്പൊസ്തലന്മാർ അത് പറഞ്ഞു: പഴയകാല പ്രവാചകന്മാർ പറഞ്ഞു. കർത്താവിന്റെ സ്വർഗ്ഗാരോഹണസമയത്ത് മാലാഖമാർ പറഞ്ഞു.

> *"ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നതെന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു."*
>
> *അപ്പൊസ്തലപ്രവൃത്തികൾ 1 : 11*

വെള്ളവസ്ത്രധാരികളായ മാലാഖമാർ ആകാശമദ്ധ്യത്തിൽ നിന്നുകൊണ്ട് മുകളിലേയ്ക്ക് അത്ഭുതത്തോടെ നോക്കി നിൽക്കുന്ന ശിഷ്യന്മാരോടായി പറഞ്ഞു: ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും. യേശു എവിടെ നിന്ന് സ്വർഗ്ഗാരോഹണം ചെയ്തുവോ അവിടെത്തന്നെ കർത്താവു വീണ്ടും വരും. ഒലിവുമലയിൽ നിന്നാണ് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത് അതുകൊണ്ട്, ഒലിവുമലയിൽതന്നെ

വീണ്ടുംവരും എന്ന്. അതുകൊണ്ടാണ് സെഖര്യാപ്രവാചകന്റെ പുസ്തകം 14-ന്റെ 4-ാം വാക്യത്തിൽ പറയുന്നത്.

> *"അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയോരു താഴ്വര ഉളവായ്വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും."*
>
> *സെഖര്യാവ് 14 : 4*

പ്രിയപ്പെട്ടവരേ, ഈ ഭൂതലത്തിൽ മാറ്റങ്ങൾ വരുന്നില്ലേ? നേപ്പാളിൽ ഉണ്ടായ ഭൂകമ്പത്തെത്തുടർന്ന് എവറസ്റ്റിന്റെ പൊക്കം അല്പം കുറഞ്ഞു എന്നും എവറസ്റ്റ് അല്പംമാറി എന്നും നാം പത്രത്തിൽ വായിച്ചത് നിങ്ങൾക്ക് ഓർമ്മകാണും.

സുനാമിത്തിരകൾ ഉണ്ടായതിനുശേഷം ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ചില ഭാഗങ്ങൾ വെള്ളത്തിനടിയിലായിപ്പോയി. അനേകം കെട്ടിടങ്ങളുണ്ടായിരുന്ന മാലിദ്വീപിന്റെ ചില ഭാഗങ്ങൾ വെള്ളത്തിനടിയിലായിപ്പോയി. ഈ ഭൂമിയിൽ മാറ്റങ്ങൾ ഉണ്ടാകാൻ പോകുന്നു.

യേശു വീണ്ടും വരും. "ഞാൻ കള്ളനെപ്പോലെ വരും. തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ." ഭാഗ്യം വേണമോ? ഉടുപ്പ് കാത്തുകൊള്ളണം. ഏദൻതോട്ടത്തിൽ വച്ച് മനുഷ്യന് ഉടുപ്പു നഷ്ടപ്പെട്ടു. അവൻ നഗ്നനായിപ്പോയി.

ഏദൻതോട്ടത്തിൽ വച്ച് ആദിമമനുഷ്യൻ നഗ്നനായപ്പോൾ അവൻ അവന്റെ ബുദ്ധിയിൽ നഗ്നത മറയ്ക്കാൻ അത്തിയില കൂട്ടിത്തുന്നി. പക്ഷേ, അതുകൊണ്ടു മറയുന്നതല്ല നഗ്നത. അവന്റെ നഗ്നത മറച്ചിരുന്നത് ദൈവത്തിന്റെ തേജസ്സായിരുന്നു.

നിങ്ങളെ ദൈവത്തിന്റെ തേജസ്സ് വലയം ചെയ്തിരുന്ന ഒരു നല്ലകാലം മാനസാന്തരപ്പെട്ടകാലത്ത് നിങ്ങൾക്കു കിട്ടിയിരുന്നില്ലേ? ജീവിതം ക്രിസ്തുവിനുകൊടുത്തകാലത്ത് വലിയൊരു കൃപ നിങ്ങളെ പൊതിഞ്ഞിരുന്നത് അനുഭവമായിരുന്നില്ലേ? ആദ്യസ്നേഹം!

ആ കൃപയുടെ തേജസ്സിൽ നിങ്ങൾ മറഞ്ഞിരുന്നു. ദേഷ്യം വരുന്നില്ല. ആരോടും നീരസം വരുന്നില്ല.പരിഭവം വരുന്നില്ല. പിണക്കം വരുന്നില്ല. അശുദ്ധ വികാരങ്ങൾ വരുന്നില്ല. അരുതാത്ത ചിന്തകൾ വരുന്നില്ല. അങ്ങനെ ഒരു നല്ലകാലം! ആദ്യസ്നേഹത്തിന്റെ കാലത്ത് സംസാരിക്കാൻ തുടങ്ങുമ്പോഴേക്കും നിങ്ങൾ ഏങ്ങലടിച്ചു തുടങ്ങുമായിരുന്നു. ദൈവമക്കളെ കാണുമ്പോഴേക്കും കണ്ണു നിറയുമായിരുന്നു. ഉള്ളം വിതുമ്പുമായിരുന്നു. സന്തോഷത്തിന്റെ കണ്ണുനീർ! ആ കാലം എന്തൊരു സന്തോഷമായിരുന്നു! ആകുലങ്ങൾ തൊടാത്ത, ആവലാതികൾ സ്പർശിക്കാത്ത ശക്തിയുറ്റ കാലങ്ങൾ!

എന്നാൽ കർത്താവ് ഇന്നുപറയുന്നു: നിങ്ങൾ ആ ശക്തിയുടെയും സ്നേഹത്തിന്റെയും കാലങ്ങൾ മടക്കി വാങ്ങുവിൻ. സന്തോഷത്തിന്റെ കാലങ്ങൾ മടക്കിവാങ്ങുവിൻ. ഒറ്റക്കാര്യം മതി, പാപത്തെ ഓർത്ത് നെടുവീർപ്പിടുക. പാപത്തെ ഓർത്ത് അനുതപിക്കുക. നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങൾ തിരിച്ചു കിട്ടാൻ വേണ്ടി പ്രാർത്ഥിക്കുക.

കർത്താവേ, എനിക്കു നഷ്ടപ്പെട്ടുപോയ എന്റെ ജീവിതത്തിലെ സ്നേഹവും എന്റെ ജീവിതത്തിലെ വിശുദ്ധിയും മടക്കിത്തരണമേ. എന്നെ നീ ഒരു ദൈവപൈതലാക്കി മാറ്റണമേ. എന്നെ നിന്റെ ഓമനപുത്രനാക്കി മാറ്റണമേ. എന്നെ നിന്റെ തിരുമാറോട് അടക്കിപ്പിടിക്കണമേ. ആ സ്നേഹത്തിന്റെ നിർവൃതിയിൽ എനിക്ക് അലിഞ്ഞാൽ മതി. നാഥാ! എന്റെ മേൽ നിന്റെ തൃക്കരം വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ.

# എട്ട്

നോക്കിപ്പാർത്തിരിക്കണമെങ്കിൽ വസ്ത്രം ധരിച്ചിരിക്കണം; നഗ്നനായിരിക്കരുത്. നിന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ. ഇതുപോലൊരു ദിവസം കർത്താവു വീണ്ടും വരും. അനുതപിക്കുവാനും ഒരുങ്ങുവാനും യേശുക്രിസ്തു സമയം തരികയാണ്. കർത്താവ് മുന്നറിയിപ്പുകൾ തരികയാണ്.

എല്ലാം പുതുതാകുന്ന ഒരു ദിവസമുണ്ട്. അന്തരീക്ഷം പുതുതാകും! സമുദ്രം ഇല്ലാതാകും! തിരുവചനം അക്ഷരപ്രകാരം നമുക്കു വിശ്വസിക്കാം. ഇതെല്ലാം സംഭവിക്കാൻ പോകുന്നു. കർത്താവ് കള്ളനെപ്പോലെ വരും.

ഏദെൻതോട്ടത്തിൽ വച്ച് ആദിമ മനുഷ്യന്റെ ഉടുപ്പ് നഷ്ടപ്പെട്ടു. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആയിരുന്നു. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും ദൈവത്തിന്റെ വിശുദ്ധിയാണ്. ദൈവത്തിന്റെ സ്നേഹമാണ്. ദൈവത്തിന്റെ സ്വഭാവമാണ്. മനുഷ്യന് ദൈവത്തിന്റെ തേജസ്സു നൽകി. ദൈവത്തിന്റെ തേജസ്സ് അവനെ ഉടുപ്പിച്ചു.

തേജസ്സുടുത്തിരുന്ന മനുഷ്യൻ പാപം ചെയ്തുപോയി. ഏദൻതോട്ടത്തിൽ സർവ്വത്തിന്നും അധിപതിയാക്കി അവരെ നിയമിച്ചപ്പോൾ ദൈവം പറഞ്ഞിരുന്നു, തോട്ടത്തിന്റെ നടുവിലുള്ള നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നാൽ, തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്ന്.

ദൈവത്തിന്റെ ശത്രുവായ പിശാച് ദൈവത്തോടുള്ള വൈരാഗ്യം തീർക്കുവാൻ ദൈവത്തിന്റെ മോഹനസൃഷ്ടിയായ മനുഷ്യനെ ആക്രമിക്കുവാൻ തീരുമാനിച്ചു. മകനെ ആക്രമിച്ചാൽ അപ്പന് വേദന വരുമല്ലോ. മകനെ നശിപ്പിച്ചാൽ അപ്പൻ ദുഃഖിക്കുമല്ലോ.

മനുഷ്യൻ ഏദൻതോട്ടത്തിന്റെ സൗഖ്യത്തിലും സമാധാനത്തിലും സൗഹൃദത്തിലും നിൽക്കരുത് എന്ന് പിശാച് തീരുമാനിച്ചു. വൈരാഗ്യത്തോടെ, മനുഷ്യനെ എങ്ങനെ നശിപ്പിക്കേണ്ടൂ എന്നു തീരുമാനിച്ചു വന്ന പിശാച് ഒരു തന്ത്രം കണ്ടുപിടിച്ചു. ദൈവത്തിന്റെ വചനം തന്നെ ഉപയോഗിച്ച് മനുഷ്യനെ വീഴിക്കാമെന്ന് തീരുമാനിച്ച് പിശാച് തന്ത്രശാലിയായി ഏദൻതോട്ടത്തിന്റെ സൗഭാഗ്യത്തിലേക്ക് കടന്നുചെന്നു.

സ്ത്രീയെ സമീപിച്ചിട്ട് അവൻ പറഞ്ഞു: നിങ്ങൾക്ക് ഇതെല്ലാം ദൈവം തന്നിരിക്കുന്നല്ലോ. നിങ്ങൾ ഭാഗ്യശാലികളാണ്. ഹവ്വ അഭിമാനം പൂണ്ടു പറഞ്ഞു: അതെ, ഞങ്ങൾ ഭാഗ്യശാലികളാണ്. ഞങ്ങളുടെ കർത്താവ് ഇതെല്ലാം ഞങ്ങൾക്കു തന്നതാണ്.

പിശാച് പിന്നെയും ചോദിച്ചു: എല്ലാ ഫലങ്ങളും നിങ്ങൾക്കു തിന്നാമോ? ഉടനെ ഹവ്വ പറഞ്ഞു: ഇല്ല, നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നാൽ മരിക്കും എന്നാണു ദൈവം പറഞ്ഞത്. ഉടനെ പിശാച് പൊട്ടിച്ചിരിച്ചു. കൊള്ളാം, ദൈവത്തിനറിയാം ഇതു തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്ന്. വെറുതെയാണോ ദൈവം തിന്നരുതെന്ന് പറഞ്ഞത്?

ആ ഒരൊറ്റവാക്കിൽക്കൂടി സാത്താൻ ഹവ്വയുടെ ഉള്ളത്തിലേക്ക് വളരെ തന്ത്രപൂർവ്വം കടന്നുചെന്നു. ദൈവത്തെപ്പോലെ ആകും എന്നുമാത്രമല്ല പറഞ്ഞത്, ദൈവത്തെപ്പോലെ ആകുമെന്ന് ദൈവത്തിനറിയാം എന്നാണു പറഞ്ഞത്. നിങ്ങൾ ഈ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്ന് ദൈവത്തി

നറിയാം. നിങ്ങൾ ദൈവത്തെപ്പോലെ ആകരുത് എന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന്. എന്തൊരു കെണി!

ഹവ്വ, ആ വൃക്ഷത്തിലേക്കു നോക്കി. തിന്മാൻ നല്ലത്. കാണ്മാൻ ഭംഗിയുള്ളത്. ജ്ഞാനം പ്രാപിപ്പാൻ കാമ്യം. കൊള്ളാം. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം. ഹവ്വായുടെ നാക്കിൽ കൊതി ഊറി. അവളുടെ ഹൃദയത്തിൽ ആകർഷണം വർദ്ധിച്ചു. അവൾ മറ്റൊന്നും പിന്നെ ചിന്തിച്ചില്ല. ദൈവത്തിന്റെ വചനത്തിന് അപ്പുറമായി ഒരു വചനം കിട്ടിയപ്പോൾ അതാണ് ശരി എന്ന് അവൾക്കു തോന്നിപ്പോയി.

പിശാച് അവന്റെ വചനം തരുമ്പോൾ ദൈവത്തിന്റെ വചനത്തോട് സാദൃശ്യമുള്ളതേ പറയൂ. ദൈവത്തിന്റെ വചനത്തിൽ ചെറിയ മാറ്റം വരുത്തിയേ അവൻ പറയൂ. മാറ്റം വന്നത് ആരും മനസ്സിലാക്കുകയുമില്ല. ദൈവത്തിന്റെ വചനത്തിൽ ചെറിയ മാറ്റം വരുത്തി പിശാച് ഹവ്വയെ ആകർഷിച്ചു. ഹവ്വ ആ വൃക്ഷത്തിലേക്ക് നോക്കി നിൽക്കെ ഇവൻ ഒരുപഴം പറിച്ച് ഹവ്വയ്ക്കു കൊടുത്തു. ഒട്ടും മടിച്ചില്ല അവൾ ആ പഴംതിന്നു. എന്നിട്ട് ഒരു പഴം പറിച്ച് ഭർത്താവായ ആദാമിനും കൊടുത്തു. അങ്ങനെ ദൈവത്തിന്റെ കല്പന ലംഘിക്കപ്പെട്ടു.

ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായി, ദൈവകല്പന ലംഘിച്ചപ്പോൾ ദൈവത്തിന്റെ തേജസ്സ് അവരിൽ നിന്ന് ഉരിഞ്ഞുപോയി. ദൈവത്തിന്റെ സാദൃശ്യം നഷ്ടപ്പെട്ടുപോയി. ദൈവത്തിന്റെ സ്വരൂപം നഷ്ടപ്പെട്ടു. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സ്വരൂപവും സാദൃശ്യവും നഷ്ടപ്പെട്ടുപോയി. തേജോവസ്ത്രം ഉരിഞ്ഞുപോയി. പെട്ടെന്ന് മനുഷ്യന് ലജ്ജതോന്നി.

മനുഷ്യൻ ഓടി എവിടെയെങ്കിലും ഒളിക്കാൻ നോക്കി. വസ്ത്രം പോയി. അവന്റെ ശരീരം മറയ്ക്കണമെന്ന് അവനു തോന്നി. മനുഷ്യൻ സ്വന്തശക്തി കൊണ്ടല്ല വസ്ത്രം ഉടുത്തിരുന്നത്. ദൈവത്തിന്റെ വസ്ത്രമാണ് അവൻ ധരിച്ചിരുന്നത്. എന്നാൽ അത് ഉരിഞ്ഞുപോയപ്പോൾ ഇനി എന്താണ് പോംവഴി?

അവൻ അത്തിയില പറിച്ചെടുത്തു. അത് കൂട്ടിക്കൂട്ടി തുന്നി. എന്നിട്ട് വസ്ത്രമായി ഉടുത്തു.

യഹോവയായ ദൈവം ഏദൻതോട്ടത്തിലേക്ക് ഇറങ്ങി വന്നു. ദൈവം വന്നപ്പോൾ മനുഷ്യനെ കാണുന്നില്ല. വെയിലാറുന്ന സമയത്ത് ദൈവം തോട്ടത്തിൽ ഇറങ്ങി വരാറുള്ളതാണ്. ദൈവം മനുഷ്യനെ വിളിച്ചു: “നീ എവിടെ?” മനുഷ്യൻ വിളി കേട്ടു: “ഞാൻ ഇവിടെയുണ്ട്, ഒളിച്ചിരിക്കയാണ്.” “എന്താണ് ഒളിച്ചത്?” “ഞാൻ നഗ്നനായിപ്പോയി.” “എങ്ങനെ നഗ്നനായി?” “ഞാൻ കല്പന ലംഘിച്ചു.” മനുഷ്യൻ ഏറ്റുപറയുന്നുണ്ട്. വചനം വെറുത്തു; വചനം ഉപേക്ഷിച്ചു; വചനം ധിക്കരിച്ചു; ഞാൻ നഗ്നനായിപ്പോയി. എനിക്ക് നീ തന്ന വസ്ത്രം ഉരിഞ്ഞുപോയി; നഷ്ടപ്പെട്ടുപോയി.

ദൈവം ദുഃഖത്തോടെ, വേദനയോടെ മനുഷ്യനെ നോക്കി. നീ എന്തിന് അങ്ങനെ ചെയ്തു? മനുഷ്യൻ പറഞ്ഞു: എന്നോടുകൂടെ ഇരിപ്പാൻ നീ തന്ന സ്ത്രീ പറിച്ചു തന്നു; ഞാൻ തിന്നു. ദൈവമേ, ഞാൻ ഈ പഴം തിന്നണമെന്ന് വിചാരിച്ചിരുന്നതല്ല. അവൾ എനിക്ക് പറിച്ചുതന്നപ്പോൾ ഞാൻ തിന്നില്ലെങ്കിൽ അവൾ പിന്നെ എന്നോടുകൂടെ ഇരിക്കയില്ലല്ലോ. ഞാൻ ഈ തോട്ടത്തിൽ നിൽക്കും, അവൾ തോട്ടത്തിൽ നിന്ന് പുറത്തു പോകും. നിന്റെ വചനം നിറവേറുകയില്ലല്ലോ. ആദാം തന്ത്രപൂർവ്വം ദൈവത്തെ കുറ്റപ്പെടുത്തുകയാണ്. എന്നോടുകൂടെ ഇരിപ്പാൻ നീ തന്ന സ്ത്രീ പറിച്ചു തന്നു; ഞാൻ തിന്നു.

ദൈവം സ്ത്രീയോട്: നീ എന്താണിങ്ങനെ ചെയ്തത്? എന്നു ചോദിച്ചു. “എന്നെ പാമ്പ് വഞ്ചിച്ചു. ഞാൻ ബലഹീന സ്ത്രീയാണ്, പിശാച് എന്നെ വഞ്ചിച്ചു.”

ദൈവം പിശാചിനോടു പറഞ്ഞു: “സ്ത്രീയുടെ സന്തതി നിന്റെ തല ചതയ്ക്കും. നീ മൂലം മനുഷ്യന് നാശം വന്നിരിക്കുന്നു. മനുഷ്യന് ശാപം വന്നിരിക്കുന്നു. നീ ചെയ്ത കെടുതി നിസ്സാരമല്ല. അതുകൊണ്ട് നീ നിലത്തിഴഞ്ഞ് നിന്റെ ഭക്ഷണം തേടും. അതുവരെയും പാമ്പ് ഇഴയുന്നവനായിരുന്നില്ല,

നിവർന്നു നില്ക്കുകയായിരുന്നു എന്നാണ് വേദപണ്ഡിത ന്മാർ അഭിപ്രായപ്പെടുന്നത്. പാമ്പ് അതുവരെയും ഇന്നത്തെ രൂപത്തിൽ ആയിരുന്നില്ല. ദൈവത്തിന്റെ ശാപം പാമ്പിന്റെമേൽ വന്നപ്പോൾ പാമ്പ് ഇഴയുന്നവനായി മാറി, ഇന്നത്തെ രൂപത്തി ലായി.

ഇന്ന് ഈ വാക്കുകൾ വായിക്കുന്ന അനേകർ പാമ്പിന്റെ ആലോചനയ്ക്കു ചെവികൊടുത്തവരാണ്. ദൈവത്തിന്റെ ശത്രുവായ പിശാചിന്റെ ആലോചനയ്ക്കു ചെവികൊടുത്ത് നഗ്നരായി നിൽക്കുന്ന അനേകർ. ലോകത്തിൽ അനേകമ നേകം മനുഷ്യർ ദൈവതേജസ്സു നഷ്ടപ്പെട്ടവരായി, ദൈവ സ്വരൂപം നഷ്ടപ്പെട്ടവരായി, ദൈവത്തിന്റെ സ്നേഹം നഷ്ട പ്പെട്ടവരായി, ദൈവത്തിന്റെ സ്വഭാവം നഷ്ടപ്പെട്ടവരായി, ദൈവത്തിന്റെ ആളത്വം നഷ്ടപ്പെട്ടവരായി ഉണ്ട്. നഷ്ടത്തിന്റെ കണക്കാണു പറയാനുള്ളത്.

കർത്താവേ, നഷ്ടപ്പെട്ടു. ഒരുകാലത്ത് വിശുദ്ധിയുണ്ടാ യിരുന്നു, നഷ്ടപ്പെട്ടു. ഒരുകാലത്തു സ്നേഹമുണ്ടായിരുന്നു, നഷ്ടപ്പെട്ടു. ഒരുകാലത്തു സന്തോഷമുണ്ടായിരുന്നു, നഷ്ട പ്പെട്ടു. ഒരുകാലത്ത് ചില തീരുമാനങ്ങൾ ഉണ്ടായിരുന്നു, നഷ്ട പ്പെട്ടു. ഒരു കാലത്ത് ചില സമർപ്പണങ്ങളുണ്ടായിരുന്നു, നഷ്ട പ്പെട്ടു. ഒരു കാലത്ത് ജീവിതത്തിൽ ചില വ്രതങ്ങൾ ഉണ്ടായിരു ന്നു, നഷ്ടപ്പെട്ടു. കർത്താവേ, നഷ്ടത്തിന്റെ കാലം മാത്രം.

ജീവിതത്തിൽ ചില പ്രതിഷ്ഠകളും നിഷ്ഠകളും പുലർത്തി യിരുന്നവർ ഈ വാക്കുകൾ വായിക്കുന്നുണ്ടോ? എങ്കിൽ നിങ്ങൾ ഇപ്പോൾ തിരിഞ്ഞുവരിക. നിങ്ങളുടെ വ്രതസ്ഥജീവി തത്തിലേക്ക് മടങ്ങിവരിക. നിങ്ങളുടെ പ്രതിഷ്ഠാജീവിതത്തി ലേക്ക് മടങ്ങിവരിക. നിങ്ങളുടെ വിശുദ്ധജീവിതത്തിലേക്ക് മട ങ്ങിവരിക. അതിവേഗം മടങ്ങിവരിക.

നിങ്ങളെ മടക്കിവരുത്താനാണ് കർത്താവാഗ്രഹിക്കുന്നത്. “നീ എവിടെ?” എന്ന ചോദ്യം നൂറ്റാണ്ടുകളായി മനുഷ്യഹൃദയ ങ്ങളിൽ മുഴങ്ങുകയാണ്. നീ എവിടെ ഒളിച്ചിരിക്കുന്നു? മനു

ഷ്യൻ ഒളിച്ചിരിക്കുകയാണ്. ഇന്ന് ഈ വാക്കുകളെ വായിച്ചു കൊണ്ടിരിക്കുമ്പോൾ "നീ എവിടെ?" എന്ന ചോദ്യം നിങ്ങ ളുടെ ഹൃദയഭിത്തികളിൽ അലയടിക്കട്ടെ.

നീ എവിടെയാണ് ഒളിച്ചിരിക്കുന്നത്? ഏതുപാപത്തി ലാണ് നീ മറഞ്ഞിരിക്കുന്നത്? വൃക്ഷത്തിന്റെ ഇല കൂട്ടിത്തുന്നി സ്വയം നഗ്നത മറയ്ക്കാൻ നീ ശ്രമിക്കുന്നുണ്ട്, സാദ്ധ്യമല്ല. നിന്റെ നഗ്നത അങ്ങനെ മറയുകയില്ല. നീ പലപല കാര്യങ്ങൾ ചെയ്യുന്നുണ്ട് നഗ്നത മറയ്ക്കാൻ. നിന്റെ പാപം മാറ്റാൻ നീ പുണ്യപ്രവൃത്തികൾ ചെയ്യുന്നുണ്ട്. സ്നേഹിതാ, പാപം മാറ്റാൻ പുണ്യപ്രവൃത്തികൾ സഹായകമല്ല. നീ ചില തീർത്ഥാ ടനങ്ങൾ നടത്തുന്നുണ്ട്, ഫലമില്ല.

നിന്റെ പുണ്യപ്രവൃത്തികൾകൊണ്ടോ തീർത്ഥാടനങ്ങൾ കൊണ്ടോ നീ സ്വർഗ്ഗരാജ്യത്തിൽ പോവുകയില്ല. നിന്റെ പാപം ക്ഷമിക്കപ്പെടുകയില്ല. ജീവന്റെ വസ്ത്രം തിരികെ കിട്ടുകയില്ല. വിശുദ്ധവസ്ത്രം തിരികെ കിട്ടുകയില്ല. വിശുദ്ധവസ്ത്രം, ദൈവത്തിന്റെ തേജസ്സിന്റെ വസ്ത്രം തിരികെ കിട്ടണം. ദൈവ ത്തിന്റെ സ്വരൂപവും തേജസ്സും മഹത്വവും തിരികെ കിട്ടണം. ദൈവിക മഹത്വം-Glory of God-തിരികെ കിട്ടണം.

ഈ മഹത്വം തിരികെ കിട്ടാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? നിങ്ങൾക്ക് ഈ വിശുദ്ധി തിരികെ കിട്ടണമോ? എത്രയോ വർഷ ങ്ങൾ വിശുദ്ധിയോടെ ജീവിച്ചവർ, കോപംവരാതെ കാത്ത വരുണ്ട്. എത്രയോ വർഷങ്ങൾ മദ്യം തൊടാതിരുന്നവരുണ്ട്. ഭർത്താവിന് വിനയപ്പെട്ട്, അനുസരിച്ച് കീഴ്പ്പെട്ട് സ്നേഹ ത്തിൽ അധിഷ്ഠിതമായ ഒരു കുടുംബജീവിതം നയിച്ചവരുണ്ട്.

എന്നാൽ ഇന്നത്തെ അവസ്ഥയെന്താണ്? ഇന്നു ചില പരിഭവങ്ങൾ വന്നിരിക്കയല്ലേ? ചില പരാതികൾ വന്നിരിക്കയ ല്ലേ? ഇന്നു ക്ഷമിക്കാൻ പറ്റാതെ, പൊറുക്കാൻ പറ്റാതെ ഇരിക്ക യല്ലേ? കോപം പൊന്തിപ്പൊന്തിവരികയല്ലേ? ക്രോധം പത ഞ്ഞുപൊങ്ങുകയല്ലേ? ഇന്ന് സ്വഭാവം എങ്ങനെയായിരിക്കു ന്നു? തേജസ്സ് നഷ്ടപ്പെട്ടു പോയല്ലോ.

യൗവ്വനക്കാരാ, നിന്റെ മഹത്വം നഷ്ടപ്പെട്ടുപോയല്ലോ. സഹോദരീ, നിന്റെ ജീവിതത്തിൽ വന്ന എല്ലാ അനുഗ്രഹ ങ്ങളും നീ നഷ്ടപ്പെടുത്തിയല്ലോ. ദൈവം നിനക്കു തേജസ്സു തന്നതല്ലായിരുന്നുവോ? എന്തു വലിയ സമർപ്പണമായിരുന്നു നീ എടുത്തത്. അന്ന് നീ ആനന്ദിച്ചു തുള്ളുകയല്ലായിരുന്നു വോ? ആത്മാവിന്റെ ആനന്ദത്തിൽ തുള്ളിക്കളിച്ച കാലങ്ങൾ!

17-ാമത്തെ വയസ്സിൽ മാനസാന്തരപ്പെടുമ്പോൾ ഞാൻ വളരെ നിരാശനായിരുന്നു; ദുഃഖിതനായിരുന്നു. എന്നാൽ മാന സാന്തരപ്പെട്ടുകഴിഞ്ഞപ്പോൾ എന്തോ വലിയ നിധി കിട്ടിയതു പോലെയായി. എന്താണ് സംഭവിച്ചത് എന്നെനിക്കറിഞ്ഞുകൂ ടാ. മാനസാന്തരപ്പെട്ടു, യേശു ഈ ഹൃദയത്തിലേക്ക് എഴു ന്നള്ളി വന്നു. അന്ന് എന്തൊരു സന്തോഷമായിരുന്നു!

അന്ന് ഞങ്ങളുടെ പള്ളിയിൽ ചെറിയൊരു പ്രാർത്ഥനാ യോഗമുണ്ട്. അന്ന് ചില അനുഗൃഹീതരായ ദൈവദാസന്മാരു ണ്ടായിരുന്നു. അവർക്കാർക്കും വലിയ വിദ്യാഭ്യാസ മൊന്നുമുണ്ടായിരുന്നില്ല. ഞാൻ അത്ഭുതത്തോടെ ഓർക്കു ന്നു. അവരുടെ പിറകെ അവർ പറയുന്നതെല്ലാം കേട്ടുനടന്ന കാലങ്ങൾ. അവരിൽ ഒരാളെ ഇടയ്ക്കൊന്നു കണ്ടാൽ എന്റെ ഹൃദയം നിറയും. സന്തോഷംകൊണ്ട് എന്റെ കണ്ണുനിറയും. അത്ര സ്നേഹമായിരുന്നു. ദൈവമക്കളോടു വലിയ സ്നേഹം. അവരോടുകൂടെയുള്ള നടപ്പ് എനിക്ക് സന്തോഷമായിരുന്നു. അവർ പോകുന്നിടത്ത് പോകുന്നത് സന്തോഷമായിരുന്നു.

വർഷങ്ങൾ മുന്നോട്ടുപോയി. തേജസ്സിന്റെ വസ്ത്ര ത്തിൽ അഴുക്കുപറ്റി. ആദ്യമാദ്യം വസ്ത്രം മുഷിഞ്ഞുപോയി എന്നു ഞാൻ അറിഞ്ഞില്ല. 17-ാമത്തെ വയസ്സിൽ മാനസാന്തര പ്പെട്ട് 19 കൊല്ലം ദൈവവേല ചെയ്തതിനുശേഷം 36-ാമത്തെ വയസ്സിലാണ് വസ്ത്രം മുഷിഞ്ഞുപോയി എന്ന് അറിയുന്നത്.

വസ്ത്രം മുഷിഞ്ഞുപോയപ്പോൾ ഭാഗ്യവശാൽ ദൈവ ത്തിന്റെ അത്ഭുത കൃപാവരമുള്ള ദൈവത്തിന്റെ ഒരു വിശു ദ്ധനിൽക്കൂടി അതെനിക്ക് മനസ്സിലായി. ഞാൻ വീണ്ടും

മാനസാന്തരപ്പെട്ടു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, മാനസാന്തരപ്പെട്ടവരുടെ മാനസാന്തരമാണ് ഇന്നത്തെ അടിയന്തിരാവശ്യം എന്ന്. 17-ാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടവനായ ഞാൻ 36 -ാമത്തെ വയസ്സിൽ വീണ്ടും മാനസാന്തരപ്പെട്ടു. എന്റെ ജീവിതം ആകെ കഴുകണം എന്നു മനസ്സിലായി. ആകെ ഒന്നഴിച്ചുപണിയണം, മുഴുവനായിട്ടു മാറണം എന്നുമനസ്സിലായി.

എന്തൊരു ഭാഗ്യകാലം! പഴയ സന്തോഷത്തേക്കാൾ വലിയ സന്തോഷം മടക്കിക്കിട്ടി. 17-ാമത്തെ വയസ്സിൽ കിട്ടിയതിനേക്കാൾ എത്രയോ വലിയ സന്തോഷം 36-ാമത്തെ വയസ്സിൽ തിരികെ കിട്ടി. പുനർസമർപ്പണത്തിൽ കിട്ടിയ ആ വലിയ സന്തോഷം പേറിക്കൊണ്ട് ഓടിനടക്കുകയാണ്. ആ സ്നേഹത്തിന്റെ സ്വർഗ്ഗീയവചനങ്ങൾ പേറിക്കൊണ്ട് ഈ ലോകത്തെ മ്പാടും ഓടാൻ ശ്രമിക്കുകയാണ്.

ഇന്ന് നിങ്ങൾക്കാർക്കുവേണം ഈ സന്തോഷം? സ്വർഗ്ഗത്തിന്റെ സ്നേഹം ആർക്കുവേണം? വസ്ത്രം തിരികെവാങ്ങാൻ, നഷ്ടപ്പെട്ടുപോയ വസ്ത്രം തിരികെക്കിട്ടാൻ ആർക്കാഗ്രഹമുണ്ട്? വസ്ത്രം നഷ്ടപ്പെട്ട് നഗ്നരായിരിക്കുന്നവരുണ്ട്. ആൾക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ നഗ്നനായി നിൽക്കുന്നു. പക്ഷേ, അറിയുന്നില്ല.

എല്ലാവരും അറിയുന്നുണ്ട്. പക്ഷേ, നീ അറിയുന്നില്ല. എല്ലാവരും കാണുന്നുണ്ട് നീ നഗ്നനാണെന്ന്. പക്ഷേ, നീ അറിയുന്നില്ല. ലജ്ജാകരമായ പലതും നിന്നിലുണ്ട് എന്നു മറ്റുള്ളവർ കാണുന്നുണ്ട്. നീ അറിയുന്നില്ല. മ്ലേച്ഛകരമായ കാര്യങ്ങൾ, മദ്യപാനാസക്തി, കഞ്ചാവിലേക്കുള്ള ആസക്തി, കൊള്ളരുതാത്ത ബന്ധങ്ങളിലേക്കുള്ള ആസക്തി, ഇതെല്ലാം നിന്നിലുണ്ട്.

നിങ്ങൾ വ്യക്തമായ പ്രതിഷ്ഠകളെടുക്കണം. പാപത്തോട് എന്നന്നേയ്ക്കുമായി യാത്രപറയണം. യേശുക്രിസ്തു ക്രൂശിൽ മരിച്ചത് മകനേ, നിന്നെ വിശുദ്ധനാക്കാനാണ്. മകളേ, നിന്നെ ശുദ്ധിമതിയാക്കാനാണ്. അശുദ്ധനെ വിശുദ്ധനാക്കുന്ന ക്രിസ്തുവിന്റെ വചനം നിന്റെ ഹൃദയത്തെ തൊടട്ടെ. യേശു

ക്രിസ്തുവിന്റെ വചനം നിന്നിലുള്ള അശുദ്ധിയെ നീക്കിക്കളയട്ടെ. പരിശുദ്ധാത്മാവിന്റെ വചനം നിന്റെ അകത്തുള്ള മ്ലേച്ഛതകളെ ദൂരീകരിക്കട്ടെ. പാപത്തിന്റെ ബന്ധനങ്ങൾ അഴിക്കട്ടെ. തിന്മയെല്ലാം മാറ്റി സമാധാനജീവിതം നിനക്കു തരട്ടെ.

നിങ്ങളുടെ ഹൃദയത്തെ ശോധനചെയ്യാം. പാപത്തോടു യാത്രപറയാം. ദൈവ സ്വരൂപം നഷ്ടപ്പെട്ടവർ, ദൈവസാദൃശ്യം നഷ്ടപ്പെട്ടവർ ദൈവത്തോടു പറയണം: കർത്താവേ, എനിക്കു നഷ്ടപ്പെട്ടതു തിരികെ തരണം. എനിക്കു വസ്ത്രം മടക്കിത്തരണം. നഷ്ടപ്പെട്ടുപോയ സൗഭാഗ്യം, നഷ്ടപ്പെട്ടുപോയ വിശുദ്ധി, നഷ്ടപ്പെട്ടുപോയ ദൈവസ്നേഹം മടക്കിത്തരണം. എനിക്ക് നഷ്ടപ്പെട്ടുപോയ ദൈവിക സാദൃശ്യവും ദൈവിക സ്വരൂപവും മടക്കിത്തരണം.

നമുക്കു പ്രാർത്ഥിക്കാം: കരുണയുള്ള കർത്താവേ, നിന്റെ ഈ മക്കളെ അനുഗ്രഹിക്കണമേ. നഷ്ടസൗഭാഗ്യങ്ങൾ മടക്കിത്തരുന്ന നാഥന്റെ സന്നിധിയിലേക്കു വന്ന് എല്ലാം മടക്കിവാങ്ങുന്ന സൗഭാഗ്യം ഈ മക്കൾക്കെല്ലാവർക്കും നൽകണമേ. വചനം വായിച്ച എല്ലാവരേയും അനുഗ്രഹിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി ഞങ്ങളെ ഒരുക്കണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധനാമത്തിൽ തന്നേ, ആമ്മേൻ.

## ഒൻപത്

*"ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം കേട്ടു; അതു പറഞ്ഞത്: എഴുതുക, ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവു പറയുന്നു."*

*വെളിപ്പാട് 14 : 13*

സ്വർഗ്ഗത്തിലെ ശബ്ദം ഭൂമിയിൽ മുഴങ്ങിക്കേൾക്കുകയാണ്. "ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ." പലപ്പോഴും നാം അത്രത്തോളം ചിന്തിക്കാറില്ല. മരിക്കുക എന്നതിനെക്കുറിച്ച് ചിന്തിക്കുന്നതുപോലും പലർക്കും പേടിയാണ്. മരണം ഒരു ഭയവിഷയമാണ്. എന്നാൽ ദൈവത്തിന്റെ വചനം പറയുന്നു: പേടിക്കണ്ട, കർത്താവിൽ മരിക്കാൻ ഇടയായാൽ മതി. അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു.

കർത്താവിലാണു മരിക്കുന്നതെങ്കിൽ അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരും. ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ! ഈ ഭാഗം വെളിപ്പാടു പുസ്തകത്തിൽ ഒരു മൃഗത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് തുടങ്ങുന്നത്. ഏതാണ് ഈ മൃഗം?

മൃഗം, Anti-Christ-നെ സൂചിപ്പിക്കുന്നു. അന്തിക്രിസ്തു. എതിർക്രിസ്തു. മൃഗം അനേകരെ ഉപദ്രവിക്കുകയും വിശ്വാ

സത്തിൽ നിന്ന് വ്യതിചലിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ദൈവവിശ്വാസത്തിൽ നിന്നു മനുഷ്യനെ പിന്തിരിപ്പിക്കുന്നതിനുള്ള ശ്രമമാണു മൃഗം ചെയ്യുന്നത്.

മൃഗം, അതൊരു ഘോരമൃഗമാണ്. മനുഷ്യനെ ഹിംസിക്കുന്ന, മനുഷ്യനെ നശിപ്പിക്കുന്ന, മനുഷ്യരുടെ ആത്മാവിനെ നശിപ്പിക്കുന്ന മൃഗമാണ്. മനുഷ്യനെ നിത്യജീവനിൽ നിന്ന് അകറ്റിക്കളയുന്ന ആ മൃഗം എതിർക്രിസ്തുവാണ്.

2 തെസ്സലൊനികൃർ 2-ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്. അധർമ്മമൂർത്തിയായ എതിർക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇപ്പോൾ ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് തടുത്തുകൊണ്ട് നിൽക്കുന്നു. അതുകൊണ്ടാണ് അവൻ വെളിപ്പെട്ടുവരാത്തത്.

> *"അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും."*
>
> *2 തെസ്സലൊനികൃർ 2 : 7*

ഈ അധർമ്മമൂർത്തിയാണ് മൃഗം!

നാം ഇന്ന് ഇത്രയെങ്കിലും വിശ്വാസമുള്ളവരായി നിൽക്കാൻ കാരണം പരിശുദ്ധാത്മാവ് അധർമ്മമൂർത്തിയെ തടുത്തുകൊണ്ടു നിൽക്കുന്നതുകൊണ്ടാണ്. ഇന്നു വചനമുണ്ട്; പരിശുദ്ധാത്മാവിന്റെ ശബ്ദമുണ്ട്.

> *അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും.*
>
> *2 തെസ്സലൊനികൃർ 2 : 8*

തന്റെ രണ്ടാമത്തെ വരവിന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ യേശുക്രിസ്തു അവനെ നശിപ്പിക്കും. എന്നാൽ

അവനു വരുന്ന നാശത്തെക്കുറിച്ച് അവന് വിചാരമില്ല. അവൻ മനുഷ്യനെ നശിപ്പിക്കുകയാണ്. ആദികാലം മുതൽ മനുഷ്യനെ നശിപ്പിക്കുന്നതിന് അവനെ പ്രേരിപ്പിക്കുന്ന കാരണം നിത്യനായ ദൈവത്തോടുള്ള മത്സരമാണ്. ദൈവത്തിന്റെ മനോഹരസൃഷ്ടിയാണ് മനുഷ്യൻ.

നിത്യനായ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചാക്കി. ഈ മനുഷ്യൻ നാശത്തിലേക്കു പോകുമ്പോൾ ദൈവത്തിന്റെ ഉള്ളം നോവും. ദൈവത്തിന്റെ സ്നേഹം, തന്റെ സൃഷ്ടിയായ മനുഷ്യനു കേടുവരുമ്പോൾ പിടയും. ആ ദൈവത്തിന്റെ സ്നേഹത്തിനു വേദന ഏല്ക്കുന്നതാണ് പിശാചിനു സന്തോഷം.

പിശാചിനുമുണ്ട് ത്രിത്വം. സാത്താൻ, എതിർക്രിസ്തു, കള്ളപ്രവാചകൻ. സാത്താന്യത്രിത്വം മനുഷ്യനെ ഹിംസിക്കാൻ, വഴിതെറ്റിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്.

അവിശ്വാസചിന്തകൾ മനുഷ്യന്റെ ഹൃദയത്തിലേക്ക് തൊടുത്തു വിടുന്നു. അശുദ്ധിയിലേക്കും തിന്മയിലേക്കും മനുഷ്യനെ നയിച്ചുകൊണ്ടുപോകുന്നു. ഇതെല്ലാം അധർമ്മമൂർത്തിയുടെ പ്രവർത്തനപദ്ധതികളാണ്. മനുഷ്യനെ നശിപ്പിക്കുക, പാപത്തിൽ കുടുക്കുക, തിന്മയിൽ അവനെ വശീകരിച്ചു നിർത്തുക, തിന്മയുടെ പ്രാബല്യംകൊണ്ട് മനുഷ്യനെ സ്വാധീനിക്കുക, അവന്റെ ഭാവിമുടിച്ചുകളയുക ഇതെല്ലാമാണ് പിശാചിന്റെ പ്രവൃത്തികൾ.

> *"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല"*
>
> *1 കൊരിന്ത്യർ 2 : 9*

മഹത്തായ അനുഗ്രഹങ്ങളാണ് ദൈവം നമുക്കു വച്ചിരിക്കുന്നത്. കണ്ണു കാണാത്തതും ചെവികേൾക്കാത്തതും ഒരു മനുഷ്യനും നിരൂപിക്കാത്തതുമായ സ്വർഗ്ഗീയ അനുഗ്രഹങ്ങ

ളുടെ കലവറ നമുക്കുവേണ്ടി തുറന്നു വച്ചിരിക്കുന്നു. എന്നാൽ നാം അത് അനുഭവിക്കാതിരിക്കുവാൻ പിശാച് നമ്മെ പാപത്തിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്നു. തിന്മയിലേക്ക് ആകർഷിച്ചുകൊണ്ടുപോകുന്നു. മ്ലേച്ഛവികാരങ്ങൾക്ക് നാം അടിമകളായിത്തീരുന്നു. മലിനമായ മോഹങ്ങൾക്കു നാം വിധേയരായിത്തീരുന്നു.

ദ്രവ്യാഗ്രഹത്തിന്റെ ഭീകരമായ വശീകരണംകൊണ്ട് നമ്മുടെ ആത്മാവ് നശിക്കുന്നു. വ്യക്തിബന്ധങ്ങൾ ഉലയുന്നതുകൊണ്ടും സ്നേഹബന്ധങ്ങൾ തകരുന്നതുകൊണ്ടും നാം പിശാചിന് ഇടം കൊടുത്തുപോകുന്നു. ഇങ്ങനെ സാത്താൻ നമ്മെ വശീകരിച്ചുകൊണ്ടിരിക്കുന്നു.

ഇതു വാസ്തവമായി ഗ്രഹിക്കുമ്പോൾ നാം ജാഗ്രതയുള്ളവരായിരിക്കും. എന്നെ നശിപ്പിക്കാൻ, എന്നെ വീഴിക്കാൻ, ഞാൻ എത്തേണ്ട സൗഭാഗ്യ സമ്പത്തു നേടാതിരിക്കാൻ, എന്നെ നശിപ്പിക്കുവാനും എന്റെ ഭാവി തകർത്തു കളയുവാനും ഒരുവൻ മാറാതെ നിൽക്കുന്നുണ്ട്.

പലപ്പോഴും മനുഷ്യൻ ജാഗ്രതയുള്ളവനല്ല. ഭൗതികമായ കാര്യങ്ങളിൽ മാത്രം ശ്രദ്ധവച്ചും ആശവച്ചും ലക്ഷ്യംവച്ചും ജീവിക്കുന്നതുകൊണ്ട് അവനെ പിടികൂടാൻ പിശാചിന് എളുപ്പം സാധിക്കും. വശീകരണവാക്കുകൾകൊണ്ട് മനുഷ്യനെ പിശാച് വഞ്ചിക്കും. അന്നു വശീകരണവാക്കുകൾ കൊണ്ടാണ് സാത്താൻ ഹവ്വയെ വഞ്ചിച്ചത്.

സാത്താൻ പറഞ്ഞത് ഹവ്വ ശ്രദ്ധവച്ചുകേട്ടുപോയി. അവൻ വന്നപ്പോൾ അവനെ ആദരിച്ചതു തെറ്റിപ്പോയി. അവനെ സ്വീകരിച്ചതു തെറ്റിപ്പോയി. അതെല്ലാം അപകടമായിപ്പോയി. പക്ഷേ, ഹവ്വ അതൊന്നും അത്ര ചിന്തിച്ചില്ല. കാരണം, വിവേകം തോൽക്കുകയായിരുന്നു. വികാരം ജയിക്കുകയായിരുന്നു.

ഇതല്ലേ നമ്മിൽ പലർക്കും വരുന്നത്? നമുക്കു വിവേകം ഇല്ലാഞ്ഞിട്ടല്ല. നന്മയേത് തിന്മയേത് എന്നു നമുക്കറിയാം.

പക്ഷേ, നമ്മുടെ വിവേകം തോറ്റുപോകുന്നു, വികാരം ജയിക്കുന്നു. അങ്ങനെ നാം പാപത്തിന് അടിമപ്പെട്ടുപോകുന്നു. പാപത്തിന്റെ വശീകരണത്തിൽപെട്ടു പോകുന്നു. അങ്ങനെ മനുഷ്യനെ നശിപ്പിക്കുക എന്നുള്ളതാണ് പിശാചിന്റെ ഉദ്യമം.

പിശാച്, ആദിമകാലം മുതലേയുള്ള പരിശ്രമം ഇന്നും തുടർന്നു കൊണ്ടിരിക്കയാണ്. ചിലരിൽ ഏറിയിരിക്കും ചിലരിൽ കുറഞ്ഞിരിക്കും. സാത്താനറിയാം, ആരെ? എങ്ങനെ? എവിടെയാണ് പിടിക്കേണ്ടതെന്ന്. ഒരുപക്ഷേ, ഓരാളെ വീഴിക്കുന്നതുപോലെ ആയിരിക്കുകയില്ല മറ്റൊരാളെ വീഴിക്കുന്നത്. ഓരോരുത്തരുടേയും weak point, മനസ്സാക്ഷിയുടെ ബലഹീനത എവിടെയാണെന്ന് പിശാചിനറിയാം. അവിടെ അവൻ ശ്രദ്ധ കേന്ദ്രീകരിക്കുകയും മനുഷ്യനെ വീഴിക്കുകയും ചെയ്യും.

വെളിപ്പാടു പുസ്തകം 13-ാം അദ്ധ്യായത്തിൽ കാണുന്ന മൃഗം എതിർക്രിസ്തുവാണ്.

> *"അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണ നാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽ പോലെയും വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു" വെളിപ്പാട് 13 : 1, 2*

ഈ മൃഗത്തിന്റെ വർണ്ണന - അതിനെല്ലാം ആന്തരികാർത്ഥങ്ങളുണ്ട്. ഈ മൃഗം ഉച്ചത്തിൽ അലറിക്കൊണ്ട് മനുഷ്യനെ സമീപിക്കുന്നു. ഈ മൃഗം ഇന്നും നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മൃഗം പ്രവർത്തിക്കുന്നതുകൊണ്ടാണ് നമ്മുടെ ഭവനങ്ങളിൽ വഴക്കുണ്ടാകുന്നത്. കൂട്ടായ്മകളിൽ ശണ്ഠ ഉണ്ടാകുന്നത്. ഓഫീസുകൾ പ്രവർത്തനരഹിതമായിപ്പോകുന്നത്. മനുഷ്യഹൃദയങ്ങളിൽ നെടുവീർപ്പുകളും വേദന

കളും നിരാശകളും പൊങ്ങിവന്നുകൊണ്ടിരിക്കുന്നത്.

ജീവിതത്തിൽ തോൽവികൾ വരുന്നു. മനുഷ്യന് മനുഷ്യനെ ഹിംസിക്കാൻ തോന്നുന്നു. ഒരാൾ ഒരാളെ കൊല്ലുവാൻ നോക്കുന്നു. ഒരാൾ ഒരാൾക്ക് നഷ്ടംവരുത്തുവാൻ നോക്കുന്നു. കവർച്ചകൾ നടക്കുന്നു. കൊള്ളകൾ നടക്കുന്നു. അതിന്റെയെല്ലാം പിന്നിൽ പിശാചാണ്, ഇപ്പോൾ മറഞ്ഞിരിക്കുന്ന അധർമ്മമൂർത്തിയാണ്.

എന്നാൽ ഇവൻ അക്ഷരികമായി വെളിപ്പെടും. എതിർക്രിസ്തു ഒരു മനുഷ്യരൂപമായിട്ട് വെളിപ്പെടുന്ന സമയം വരാൻപോകുന്നു. ഇപ്പോൾ പരിശുദ്ധാത്മാവു തടുത്തുകൊണ്ട് നിൽക്കുകയാണ്. പരിശുദ്ധാത്മാവ് തടുത്തുകൊണ്ട് നിൽക്കുന്നതുകൊണ്ട് ഈ മൃഗത്തിനു വരാൻ പറ്റുന്നില്ല; നേരിട്ടു പ്രവർത്തിക്കാൻ പറ്റുന്നില്ല. അവൻ ഒളിഞ്ഞും പാത്തുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ പരിശുദ്ധാത്മാവു മാറിയാൽ അവൻ രംഗത്തുവന്നു കഴിയും. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി മണവാട്ടിയെ ഒരുക്കുക എന്നുള്ളതാണ്. പരിശുദ്ധാത്മാവ് തന്റെ പ്രവൃത്തി തികച്ചു കഴിയുമ്പോൾ ഈ ഭൂമിയിൽ നിന്നു മാറും.

ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന മണവാട്ടി സഭയെ, ഒരു കൂട്ടം വിശുദ്ധന്മാരെ ഒരുക്കിക്കൊണ്ടിരിക്കുകയാണ് പരിശുദ്ധാത്മാവ്. സഭ എന്നുപറയുമ്പോൾ യാക്കോബായസഭയെന്നോ ഓർത്തഡോക്സ്സഭയെന്നോ കത്തോലിക്കാസഭയെന്നോ മർത്തോമ്മാസഭയെന്നോ പറയുന്ന സഭയല്ല. എല്ലാം സമുദായങ്ങളാണ്; സഭകളാണ്. പക്ഷേ, അതല്ല യേശുക്രിസ്തുവിന്റെ മണവാട്ടിസഭ.

നൂറ്റാണ്ടുകൾക്കുമുമ്പ് അബ്രാഹംപിതാവിന്റെ മകനായ യിസ്ഹാക്കിനുവേണ്ടി മണവാട്ടിയായി പുറപ്പെട്ട റിബേക്കയെപ്പോലെ എന്നെ ദൈവം വിളിച്ചിരിക്കുന്നു, ക്രിസ്തുവിന്റെ മണവാട്ടിയാകുവാൻ. എന്നാൽ നിർഭാഗ്യവശാൽ അനേകരിന്ന് എതിർക്രിസ്തുവിന്റെ മണവാട്ടിയാണ്. അനേക

രിന്ന് സാത്താന്റെ പിണിയാളുകളാണ്. സാത്താന്റെ ചൊൽപ്പടിക്കു നിൽക്കുന്നവരാണ്.

അതുകൊണ്ടല്ലേ വഴക്കുണ്ടാകുന്നത്. അതുകൊണ്ടല്ലേ ദ്രവ്യാഗ്രഹമുണ്ടാകുന്നത്. അതുകൊണ്ടല്ലേ അനർത്ഥങ്ങൾ നടക്കുന്നത്.

നിങ്ങളുടെ ജീവിതത്തിൽ പാപമുണ്ടോ? അസൂയയുണ്ടോ? അത്യാഗ്രഹമുണ്ടോ? മുൻവിധികളുണ്ടോ? സ്നേഹമില്ലായ്മയുണ്ടോ? എപ്പോഴെങ്കിലും ദുഃഖിക്കുന്നവരുടെ ദുഃഖത്തിൽ പങ്കുചേരാൻ സാധിക്കാതെ പോയിട്ടുണ്ടോ? ചിന്തിക്കൂ. യേശുക്രിസ്തുവിന്റെ മനസ്സ് നിങ്ങൾക്കു കിട്ടുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ അന്തിക്രിസ്തുവിന്റെ മണവാട്ടിയാണ്.

അന്തിക്രിസ്തുവിന്റെ മണവാട്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. സാക്ഷാൽ ക്രിസ്തുവിന്റെ മണവാട്ടിയും ഒരുങ്ങിക്കൊണ്ടിരിക്കുന്നു. എതിർക്രിസ്തുവിനുവേണ്ടി ഒരുങ്ങുന്ന സംഘത്തിലാണോ ഞാൻ? അതോ സാക്ഷാൽ ക്രിസ്തുവിന്റെ മണവാട്ടിസഭയിലാണോ? എല്ലാ സമുദായങ്ങളിലും ക്രിസ്തുവിന്റെ മണവാട്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. സമുദായം ഏത് എന്നതിനു പ്രസക്തിയില്ല.

അതിനു സഭ മാറേണ്ട ആവശ്യമില്ല. നിങ്ങളുടെ ഹൃദയം ദൈവം മാറ്റിത്തരും. ഇതുവരെയും സാത്താന്റെ അഭിമതത്തിനുവേണ്ടി നിന്നുപോയ നമ്മുടെ ജീവിതം ക്രിസ്തുവിനുവേണ്ടി വിട്ടുകൊടുക്കാൻ നാം തയ്യാറാകുമെങ്കിൽ ഇന്നു നമുക്ക് ഈ മഹാഭാഗ്യം ലഭിക്കും. ഇന്ന് നമുക്ക് ഈ മഹാസന്തോഷം ലഭിക്കും. ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന, ക്രിസ്തുവിന്റെ മണവാട്ടിസഭയുടെ അംഗമാകുന്ന സന്തോഷം സൗജന്യമായി ലഭിക്കും.

സ്വർഗ്ഗീയ തേജസ്സിന്റെ വസ്ത്രം ധരിച്ചുകൊണ്ട് സ്വർഗ്ഗീയ മണിയറയിലേക്കു കയറുന്ന മഹാസന്തോഷം. ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ! ക്രിസ്തു

വിൽ മരിച്ചാൽ ക്രിസ്തുവിന്റെ മണവാട്ടി സഭയുടെ അംഗമായി ക്രിസ്തുവിന്റെ മണവറയിലേക്കു പ്രവേശിക്കാം.

നിങ്ങൾ ഇന്ന് ക്രിസ്തുവിന്റെ മണവാട്ടിയാണോ? നിങ്ങളിൽ വിശുദ്ധിയാണോ ഉള്ളത്? യേശുക്രിസ്തുവിന്റെ വിശുദ്ധി നിങ്ങളുടെ സ്വഭാവത്തിൽ നിറഞ്ഞു നിൽക്കുന്നുണ്ടോ? യേശുക്രിസ്തുവിന്റെ മനോഭാവമാണോ എനിക്കുള്ളത്? യേശുക്രിസ്തുവിന്റെ സ്നേഹമാണോ എന്റെ ഹൃദയത്തിലുള്ളത്? ഏവരെയും സ്നേഹിക്കുന്ന സ്നേഹം! എതിരാളികളെയും സ്നേഹിക്കുന്ന സ്നേഹം! എതിർക്കുന്നവരെപ്പോലും സ്നേഹിക്കുന്ന സ്നേഹം! തന്നെ ഒറ്റിക്കൊടുക്കാൻ വരുന്നവനോട്: സ്നേഹിതാ, നീ വന്നകാര്യം എന്ത് എന്ന് ചോദിക്കുന്ന സ്നേഹം! ആ സ്നേഹമാണോ നമ്മുടെ ഉള്ളിലുള്ളത്?

എന്റെ കർത്താവേ, ആ സ്നേഹം എനിക്ക് തരണമേ. ആ സ്വഭാവം എനിക്ക് തരണമേ. ഇത്രയും കാലം ഞാൻ മാനസാന്തരജീവിതം നയിച്ചു എങ്കിലും എനിക്ക് യേശുക്രിസ്തുവിന്റെ സ്വഭാവം കിട്ടിയില്ലെങ്കിൽ, “പോകുവിൻ ഞാൻ നിന്നെ അറിയുന്നില്ല” എന്ന ശബ്ദം ഞാനും കേൾക്കേണ്ടിവരുമല്ലോ.

സ്നേഹിതരേ, അതിവേഗം ക്രിസ്തുവിന്റെ വിശുദ്ധ മണവാട്ടിയായിത്തീരുക. അന്തിക്രിസ്തുവിന്റെ മണവാട്ടി എന്ന സ്ഥാനത്തുനിന്നുമാറി യേശുക്രിസ്തുവിന്റെ മണവാട്ടിയായിത്തീരാം. ഇന്ന് അതിനുള്ള സമയമാണ്. നിങ്ങളെത്തന്നെ സമർപ്പിക്കൂ. നിങ്ങളെത്തന്നെ യേശുവിന്റെ കരങ്ങളിലേക്ക് ഏല്പിച്ചു കൊടുക്കൂ. കർത്താവേ, ഇന്നുമുതൽ ഞാൻ ക്രിസ്തുവിന്റെ മണവാട്ടി. ഇന്നുമുതൽ ഞാൻ ഒരു വിശുദ്ധമനുഷ്യൻ.

# പത്ത്

*"ഞാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞത്: എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു."*

*വെളിപ്പാട് 14 : 13*

കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. യേശുക്രിസ്തുവിൽ മരിക്കണമെങ്കിൽ ക്രിസ്തുവിന്റെ മണവാട്ടിയായിത്തീരണം. 2 കൊരിന്ത്യർ 11-ാം അദ്ധ്യായം 2-ാം വാക്യം വായിക്കുമ്പോൾ നമ്മെ ക്രിസ്തുവിനുവേണ്ടി വിവാഹനിശ്ചയം ചെയ്തവരാണെന്നു കാണുന്നു.

*"ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്നു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു."*

*2 കൊരിന്ത്യർ 11 : 2, 3*

അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യസഭയെ നോക്കി പറയുകയാണ്: ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ

നിർമ്മലകന്യകയായി ഏൽപ്പിപ്പാൻ ഞാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. വിവാഹനിശ്ചയം കഴിഞ്ഞെങ്കിലും വിവാഹം നടക്കുമോ ഇല്ലയോ എന്ന് ഇപ്പോൾ ഞാൻ ഭയപ്പെടുകയാണ്.

ക്രിസ്തുവിന്റെ മണവാട്ടിയായി വിളിക്കപ്പെട്ടവരായ നാം എതിർക്രിസ്തുവിന്റെ മണവാട്ടിയാകുവാൻ സാദ്ധ്യതയുണ്ട്. നാം ക്രിസ്തുവിന്റെ മണവാട്ടിയായി വിളിക്കപ്പെട്ടവരാണ്. പക്ഷേ, യേശുക്രിസ്തുവിന്റെ മണവാട്ടി എന്ന പദവിയിലേക്കു വരുന്നതിനു തടസ്സമായി നമ്മിൽ എതിർക്രിസ്തുവിന്റെ സ്വാധീനങ്ങൾ വല്ലതും വരുന്നുണ്ടോ?

സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുന്നുണ്ടോ?

സഭ നൂറ്റാണ്ടുകളായി പ്രാർത്ഥിക്കുന്നു:

ഏദൻതോട്ടം നട്ടോനേ
നീയാണെൻ യുവമണവാളൻ
നിൻ തോട്ടത്തീന്നെൻപേർക്കായ്
വീശിച്ചീടുക കുളിർ തെന്നൽ
    നാഥാ! ദൂരെപ്പോകരുതേ
    ഈയുള്ളോളെ തള്ളരുതേ
    മാനിപ്പാൻ മടികാണിച്ചാൽ
    ക്ഷീണിച്ചയ്യോ ഞാൻ ചാകും.
നാളും മാസവുമാണ്ടും ഞാൻ
പാപപ്പാഴിരുളിൽ പോക്കി
നിൻ ജീവധ്വനി കേട്ടപ്പോൾ
കണ്ണുതെളിഞ്ഞാനന്ദിച്ചേൻ.

സഭ, മണവാട്ടി പറയുകയാണ്: നാഥാ! ദൂരെ പോകരുതേ. നീ എന്നെ വിട്ടുപോകരുതേ. ഞാൻ നാളുകൾ, മാസങ്ങൾ, ആണ്ടുകൾ പാപത്തിന്റെ പാഴിരുളിൽ പോക്കിയവളാണ്.

നിന്റെ ജീവധ്വനി കേട്ടതുകൊണ്ടാണ് എന്റെ കണ്ണ് തെളിഞ്ഞത്; എനിക്ക് സാക്ഷാൽ ജീവൻ ലഭിച്ചത്; സമാധാനം ലഭിച്ചത്; ആനന്ദം ലഭിച്ചത്.

സഭയാകുന്ന ക്രിസ്തുവിന്റെ മണവാട്ടി ഹൃദയവേദനയോടെ തന്റെ അവസ്ഥ തുറന്നു പറയുകയാണ്. നന്മയുടെ കണികയില്ലാതെ ദുഷ്ടമനുഷ്യനായി ഞാൻ ജീവിച്ചവനാണ്. സ്നേഹം എന്തെന്നറിയാതെ, ഞാൻ ജീവിച്ചവനാണ്. എന്നെ സ്നേഹിച്ചവരെ ഞാൻ സ്നേഹിച്ചു എന്നാൽ എന്നെ ദ്വേഷിച്ചവരെ സ്നേഹിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഞാൻ കേവലം മാനുഷികമായ ചിന്താഗതിയിൽ നിന്നവളാണ്. മൃഗീയമായ വാസനയോടുകൂടി ജീവിച്ചിരുന്നവളാണ്. നാളുകളും മാസങ്ങളും ആണ്ടുകളും പാപത്തിന്റെ പാഴിരുളിൽ ഞാൻ പോക്കി.

പക്ഷേ, ഒരു ദിവസം ഞാൻ ജീവധ്വനി കേട്ടു! ഞാൻ പാപത്തിന് അടിമയായി കിടക്കുകയായിരുന്നു. പക്ഷേ, എന്നെ വിളിക്കുന്ന എന്റെ പ്രിയന്റെ സ്വരം ഞാൻ കേട്ടു. എന്നെ പേർചൊല്ലി വിളിക്കുന്ന എന്റെ നാഥന്റെ സ്വരം; എന്നെ സ്നേഹത്തോടെ, വാത്സല്യത്തോടെ വിളിക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ സ്വരം ഞാൻ കേട്ടു. അന്ന് എന്റെ കണ്ണ് തെളിഞ്ഞു. എനിക്ക് ആനന്ദം ലഭിച്ചു.

ഭൗതികമായ സൗന്ദര്യമല്ല ഒരു വിശ്വാസിയുടെ സൗന്ദര്യം. ഭൗതികമായ മേന്മകളല്ല ഒരു വിശ്വാസിയുടെ മേന്മ. അത് ആന്തരികമായ സൗന്ദര്യമാണ്. അത് ഹൃദയത്തിന്റെ സൗന്ദര്യമാണ്. ഹൃദയത്തിന്റെ സൗന്ദര്യം സ്നേഹമാണ്, വിശുദ്ധിയാണ്. അതായിരിക്കട്ടെ നമ്മുടെ കൈവശമുള്ളത്. മണവാട്ടി വിശുദ്ധിയുടെ തേജസ്സ് അണിയുന്നതാണ് അവളെ സുന്ദരി എന്നു വിളിക്കാൻ കാരണം. അതുകൊണ്ടാണ് വിവാഹകൂദാശയിൽ പിതാക്കന്മാർ പാടുന്നത്:

സുന്ദരികളിലതി സുന്ദരി നീ–ജാതികളിൽ സൂ–നൂ!
നൃപതി ശലോമോൻ വിമലസഭേ!–നിന്നെ ലാളിപ്പൂ

നിന്നധരങ്ങൾ-മധുവർഷിക്കുന്നു.
വസന സുഗന്ധം- നീസാൻ കുസുമസമം
സഭയേ! സകലവിധം സുമുഖീ-നീ കറതീണ്ടാത്തോൾ
സ്ലീബായെ വന്ദിപ്പതിനാൽ-രാജാവാം മശിഹാ!
ഹാലേലുയ്യാ-കാക്കുന്നു നിന്നെ."

കറ തീണ്ടാത്തവളാണ് ഈ കന്യക. മണവാട്ടി കറ തീണ്ടാത്തവളാണ്. നിന്റെ അധരം മധു വർഷിക്കുന്നു. നിന്റെ ചുണ്ടുകളിൽനിന്ന് തേൻ കിനിഞ്ഞൊഴുകുന്നു. ഏതാണ് ഈ തേൻ? തേനിലും തേൻകട്ടയിലും മധുരമായ തിരുവചനം! സുന്ദരിയായ സഭയുടെ ചുണ്ടുകളിൽനിന്ന് തിരുവചനം, മധുവചനം ഒഴുകുകയാണ്.

നിന്റെ വസനത്തിന്റെ പ്രത്യേകത എന്താണ്? വസനം-വസ്ത്രം- വസ്ത്രത്തിന്റെ സുഗന്ധം നീസാൻ കുസുമസമമാണ്. ശാരോനിലെ പനിനീർപുഷ്പത്തിനു തുല്യമായ വിശുദ്ധസുഗന്ധമാണ് നിന്റെ വസ്ത്രത്തിൽനിന്ന് ഒഴുകിക്കൊണ്ടിരിക്കുന്നത്. ഏതാണീ സുഗന്ധം? അത് വിശുദ്ധിയുടെ സുഗന്ധമാണ്; വിശുദ്ധിയുടെ പരിമളമാണ്; വിശുദ്ധിയുടെ സുരഭിലസുഗന്ധം!

പിതാക്കന്മാർ ഇതെല്ലാം അറിഞ്ഞിരുന്നു; അനുഭവിച്ചിരുന്നു. ഭക്തന്മാരായ പിതാക്കന്മാർ ഇതെല്ലാം അനുഭവിച്ചതുകൊണ്ടാണ് അങ്ങനെയെല്ലാം പാടാൻ കഴിഞ്ഞത്. സാഹിത്യപരമായി പറഞ്ഞാൽ മികച്ച കവിതയാണിതെല്ലാം. ജീവിതത്തിന്റെ ആത്മീയ മൂല്യങ്ങൾ നോക്കുമ്പോൾ ഏറ്റവും മികവാർന്ന ആത്മീയ മൂല്യങ്ങളുള്ള കാവ്യഭാഗങ്ങൾ.

സഭ സാക്ഷാൽ ക്രിസ്തുവിന്റെ മണവാട്ടിയായി, കറ തീണ്ടാത്തവളായി നിൽക്കുന്നു. എന്നാൽ അതേസമയം അനേകരെ പിശാച് വഞ്ചിച്ച് അവന്റെ വചനം കൊടുത്ത്, അവന്റെ വാക്കു കൊടുത്ത് അന്തിക്രിസ്തുവിന്റെ മണവാട്ടിയാക്കുന്നു. ഇന്ന് ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ

ചിന്തിക്കണം, ഞാൻ ക്രിസ്തുവിന്റെ മണവാട്ടിയാണോ, എതിർക്രിസ്തുവിന്റെ മണവാട്ടിയാണോ?

നിങ്ങൾ പറയുമായിരിക്കും: ഞാൻ മനസ്സറിഞ്ഞ് പാപ ത്തിനൊന്നും പോകുന്നില്ലല്ലോ. പിന്നെ എങ്ങനെയാണ് എതിർക്രിസ്തുവിന്റെ മണവാട്ടിയാകുന്നത്?പള്ളിയിൽ പോകുന്നുണ്ട്; ആരാധനയുണ്ട്; വിശുദ്ധകുർബ്ബാന അനുഭവി ക്കുന്നുണ്ട്. എനിക്കെന്താണ് കുഴപ്പം? രണ്ടുനേരം വീട്ടിൽ നമ സ്ക്കാരമുണ്ട്, ഞാൻ കഴിവുള്ള ഉപകാരങ്ങളൊക്കെ ചെയ്യു ന്നുണ്ട്, എനിക്കെവിടെയാണ് കുഴപ്പം? പലർക്കും മനസ്സിലാ കുന്നില്ല.

അനേകരും സത്യം അറിയാതെ നാശത്തിലേക്ക് ഒഴുകി ക്കൊണ്ടിരിക്കുന്നു. സാക്ഷാൽ ക്രിസ്തുവിന്റെ മണവാട്ടി യായി കഴിയേണ്ടവർ എതിർക്രിസ്തുവിന്റെ മണവാട്ടിയായി കഴിയുന്നു. എന്നാൽ ക്രിസ്തുവിൽ ജീവിച്ചാൽ മാത്രമേ ക്രിസ്തുവിന്റെ മണവാട്ടിയാകാൻ സാധിക്കയുള്ളൂ. ക്രിസ്തു വിൽ ജീവിക്കണം.

വെളിപ്പാടുപുസ്തകം 13-ാം അദ്ധ്യായം മുതൽ കാണുന്നത് എതിർക്രിസ്തുവിന്റെ വാഴ്ചയെക്കുറിച്ചാണ്. അന്തിക്രിസ്തു വിന്റെ വാഴ്ചയെക്കുറിച്ചാണ്. അന്തിക്രിസ്തുവിന്റെ വാഴ്ച യിൽ അവന്റെ പ്രലോഭനങ്ങളിൽനിന്നു രക്ഷപ്പെട്ടു നിൽക്കുന്ന ദൈവത്തിന്റെ സഭ, സാക്ഷാൽ മണവാട്ടിസഭ ചുരുക്കം പേരേ യുള്ളൂ. അവർ മാത്രം രക്ഷിക്കപ്പെടും.

ഒരു ദിവസം നാം മരിക്കുമ്പോൾ, നിത്യജീവന്റെ സ്വർഗ്ഗീയ കവാടത്തിലേക്ക് ചെല്ലണമെങ്കിൽ ഇവിടെവച്ച് ക്രിസ്തുവിൽ ആയിരിക്കണം -Be in Christ- ഇവിടെവച്ച് ക്രിസ്തുവിൽ ആയി രിക്കുന്നവർക്കു മാത്രമേ അന്ന് നിത്യകൂടാരത്തിലേക്ക് പ്രവേ ശനമുള്ളൂ.

ഇവിടെ നമുക്കു മരണമുണ്ട്. ഒരു ദിവസം നാമെല്ലാം കട ന്നുപോകും. എപ്പോഴോ, എന്നോ ഒരു ദിവസം. അക്കാര്യം ഉറ

പ്പാണ്, സംശയമില്ല. ഓരോരുത്തരും ഒരു ദിവസം നിശ്ചല മായി കിടക്കും. ഈ ശരീരത്തിലെ ഹൃദയം സ്പന്ദിക്കാതാ കും. ശരീരം നിർജ്ജീവമാകും നാവ് നിശബ്ദമാകും. കൈകൾ ചലനരഹിതാകും. ഈ കണ്ണ് അന്ധമാകും.

ഒരു ദിവസം നാം കടന്നുപോകും. എന്നാണ് എന്നേ അറിയാൻ വയ്യാതുള്ളൂ. മരിക്കുമ്പോൾ ക്രിസ്തുവിൽ മരിക്കു മോ? എങ്കിൽ നാം ഭാഗ്യശാലികളായിരിക്കും.

എപ്പോഴും, എനിക്കു മരണമുണ്ട്, ഇന്ന് എന്റെ അവ സാന ദിവസമായിരിക്കുമോ? എന്നൊരു ചിന്തയുണ്ടെങ്കിൽ നമുക്ക് പാപം വരികയില്ല. ഇന്ന് ഒരുപക്ഷേ എന്റെ അവസാന ദിവസമാണോ, ആർക്കറിയാം?

പ്രിയപ്പെട്ടവരേ, നമുക്ക് ഒരുങ്ങണ്ടേ? നമുക്കു ക്രിസ്തു വിലാകണ്ടേ? "എഴുതുക: ഇന്നുമുതൽ ക്രിസ്തുവിൽ മരി ക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ." അതാണ് ഭാഗ്യം. യേശുക്രി സ്തുവിൽ മരിക്കാൻ ഇടയാകുന്നതാണു ഭാഗ്യം. മരിക്കു മ്പോൾ യേശുക്രിസ്തു കൂടെ ഉണ്ടായിരിക്കുന്നതാണ് ഭാഗ്യം. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നതാണു ഭാഗ്യം.

നിങ്ങൾ ചിന്തിക്കൂ. യേശുക്രിസ്തു ഇപ്പോൾ ഹൃദയത്തി ലുണ്ടോ? ഉണ്ടെങ്കിൽ അശുദ്ധചിന്തകൾക്കവിടെ സ്ഥാനമില്ല. ഉണ്ടെങ്കിൽ വൈരാഗ്യത്തിനവിടെ സ്ഥാനമില്ല. ദുർമോഹ ങ്ങൾക്ക് സ്ഥാനമില്ല. അവിടെ പിണക്കത്തിനോ അസൂയ യ്ക്കോ കലഹത്തിന്നോ യാതൊരു സ്ഥാനവുമില്ല. അഹങ്കാര ത്തിനും സ്വാർത്ഥതയ്ക്കും സ്ഥാനമില്ല. യേശുക്രിസ്തു ഹൃദ യത്തിലുണ്ടെങ്കിൽ അവിടെ വിശുദ്ധചിന്തകൾ മാത്രം. സ്നേഹചിന്തകൾമാത്രം. അവിടെ വിശ്വാസചിന്തകൾമാത്രം.

യേശുവിനു പ്രസാദകരമായ ജീവിതമാണോ ഞാൻ നയിക്കുന്നത്? എന്റെ പെരുമാറ്റത്തിൽ, എന്റെ സംസാര ത്തിൽ, എന്റെ ഭർത്താവിനോടുള്ള പെരുമാറ്റത്തിൽ എന്റെ

ഭാര്യയോടുള്ള ഇടപാടുകളിൽ യേശുക്രിസ്തു സന്തോഷിക്കുന്നുണ്ടോ? അവളെ വാസ്തവമായി ഞാൻ സ്നേഹിക്കുന്നുണ്ടോ? വാസ്തവമായും അവളുടെ നന്മ ഞാൻ ആഗ്രഹിക്കുന്നുണ്ടോ?

നിങ്ങൾ പറയും, ഞാൻ അവളുടെ നന്മ ആഗ്രഹിക്കുന്നുണ്ട് എന്ന്. സ്നേഹിതാ, പിന്നെ നീ എങ്ങനെ അവളെ തരംതാഴ്ത്തും? നിന്റെ ഭാര്യയെ നീ ബഹുമാനിക്കുന്നില്ലെങ്കിൽ അവളെ സ്നേഹിക്കുന്നില്ല. ഭാര്യയെ ബഹുമാനിക്കണം. നിന്നെക്കാൾ ഉപരിയായി നീ ബഹുമാനിക്കണം. ഭാര്യയെ ഉന്നതസ്ഥാനത്തു നീ കാണണം. ഭാര്യ ഒരു നികൃഷ്ടജീവിയല്ല. ഭാര്യ നിന്നെക്കാൾ തരംതാണ വ്യക്തിയല്ല. നിന്റെ ഭാര്യയെ നീ ബഹുമാനിക്കണം; അവളെ ആദരിക്കണം.

സഹോദരിമാരേ, നിങ്ങളുടെ ഭർത്താവിനെ നിങ്ങൾ മാനിക്കുന്നുണ്ടോ? മറ്റുള്ളവരുടെ മുമ്പിൽ തരം താഴ്ത്തി കാണിക്കുന്നുണ്ടോ? മറ്റുള്ളവരുടെ മുമ്പിൽ ഭർത്താവിനെക്കുറിച്ച് ഇടിച്ചു സംസാരിക്കുന്നുണ്ടോ? ഭർത്താവിന്റെ ആളുകളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ടോ? ചിന്തിക്കൂ.

ഭാര്യയെ സ്നേഹിക്കുന്നെങ്കിൽ ഭാര്യയുടെ ആളുകളേയും സ്നേഹിക്കും. ഭർത്താവിനെ സ്നേഹിക്കുന്നെങ്കിൽ ഭർത്താവിന്റെ ആളുകളേയും സ്നേഹിക്കും. ഇങ്ങനെ നാം നമ്മുടെ ജീവിതത്തിലേക്കു നോക്കണം. ഇന്നു രാവിലെ ഞാൻ എഴുന്നേറ്റതുമുതൽ ഇപ്പോൾ ഈ സമയംവരെയും ഞാൻ യേശുക്രിസ്തുവിനെ പ്രസാദിപ്പിച്ചുവോ? എന്റെ സംസാരം യേശുക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നതായിരുന്നുവോ? ഞാൻ ആരോടെല്ലാം ഇടപെട്ടു, ആരോടെല്ലാം സംസാരിച്ചു. അപ്പോഴെല്ലാം യേശു കാണുന്നുണ്ടെന്ന് ഞാൻ ചിന്തിച്ചുവോ? യേശു അറിയുന്നുണ്ട് എന്നു ഞാൻ ചിന്തിച്ചുവോ? യേശുവിന്റെ അതേ മനോഭാവത്തോടെയാണോ ഞാൻ സംസാരിച്ചത്?

അപ്പോഴാണ് നിങ്ങൾ ഞെട്ടിപ്പോകുന്നത്. അല്ലല്ലോ, കർത്താവേ ക്ഷമിക്കണമേ. യേശുവേ, എന്റെ തീരുമാനങ്ങൾ ഞാൻ മറന്നു പോയല്ലോ. നിന്നോടു പറഞ്ഞ വാക്കുകൾ ഞാൻ മറന്നുപോയല്ലോ. നിന്റെ സന്നിധിയിൽ ഞാൻ ചെയ്ത ഉടമ്പടികൾ മറന്നുപോയല്ലോ.

ഞാൻ കോപിച്ചുപോയല്ലോ. ഞാൻ അമർഷത്തോടെ സംസാരിച്ചുപോയല്ലോ. ഞാൻ വൈരാഗ്യത്തോടെ ഇടപെട്ടു പോയല്ലോ. എന്റെ ഹൃദയത്തിൽ ദുഷ്ടതയും പൈശൂന്യവും വച്ചുകൊണ്ട് ഞാൻ പെരുമാറിപ്പോയല്ലോ. കർത്താവേ, നീ എന്റെ ഹൃദയത്തിൽ വസിക്കുന്നില്ലയെന്ന് എനിക്കിപ്പോൾ മന സ്സിലായി.

ഇങ്ങനെ നാം നമ്മെത്തന്നെ ശോധന ചെയ്യണം. അപ്പോൾ ഞാൻ ക്രിസ്തു സദൃശ്യനായിട്ടില്ല എന്നു മനസ്സിലാ കും. അപ്പോഴാണ് നാം മനം തിരിയുന്നത്. എന്റെ കർത്താവേ, നാളും മാസവും ആണ്ടും ഞാൻ പാപപ്പാഴിരുളിൽ പോക്കി. എന്റെ കർത്താവേ, നിന്റെ ജീവധ്വനി ഞാൻ ഇപ്പോൾ കേൾക്കുന്നു. ഞാൻ ഇപ്പോൾ തീരുമാനിക്കുന്നു. ഇനിയുള്ള ദിവസങ്ങൾ, ഇനിയുള്ള സമയങ്ങൾ, ഇനിയുള്ള നിമിഷങ്ങൾ യേശുവിനുവേണ്ടി മാത്രമായി ഞാൻ മാറ്റിവയ്ക്കുന്നു.

യേശു പ്രസാദിക്കുന്നതല്ലാതെ വേറെയൊന്നും ഞാൻ എന്റെ ജീവിതത്തിൽ അനുവദിക്കയില്ല, ഉറപ്പ്. ഇത് നമുക്ക് സാധിക്കണം. ഇല്ലെങ്കിൽ നാം പുറത്തായിപ്പോകും. പുറത്തു നിൽക്കേണ്ടിവരും.

സ്നേഹിതാ, നീ മദ്യത്തിന് അടിമയായി ജീവിക്കുന്നു ണ്ടോ? മദ്യവും മയക്കുമരുന്നും നിന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നുണ്ടോ? നിന്റെ ജീവിതത്തിൽ ദുശ്ശീല ങ്ങൾ വല്ലതുമുണ്ടോ? നീ വൃത്തികെട്ട രംഗങ്ങളിൽ പോയി നിൽക്കാറുണ്ടോ? കാണാറുണ്ടോ? കേൾക്കാറുണ്ടോ? സംബ ന്ധിക്കാറുണ്ടോ? നിന്റെ ഹൃദയത്തിൽ അശുദ്ധമായ ആഗ്രഹ

ങ്ങൾ മൊട്ടിട്ടു വരാറുണ്ടോ? മ്ലേച്ഛമായ മോഹങ്ങൾക്കു നീ ഇടം കൊടുക്കാറുണ്ടോ? ചിന്തിക്കൂ. അപ്പോൾ കാണാം ഹൃദ യത്തിൽ യേശുക്രിസ്തു വസിക്കുന്നില്ല എന്ന്.

യേശുവിൽ വസിക്കുന്നുവെങ്കിൽ യേശുവിൽ ജീവി ക്കും. യേശുവിൽ ജീവിക്കുന്നുവെങ്കിൽ യേശുവിൽ മരിക്കാം. യേശുവിൽ ജീവിക്കുന്നുണ്ടോ, ഞാൻ ക്രിസ്തുവിൽ ആണോ എന്ന് എങ്ങനെ അറിയാം.

> *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതി ന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ."*
>
> *2 കൊരിന്ത്യർ 5 : 17*

നിത്യനായ ദൈവം ആണ് എല്ലാത്തിനും കാരണക്കാ രൻ. ദൈവത്തിന് എന്നോടു കരുണ തോന്നി. എത്രയോ ജന ങ്ങളുണ്ട് ഈ ലോകത്തിൽ! ഈ നിസ്സാരനായ എന്നെ കർത്താവ് കണ്ടല്ലോ! എനിക്കുവേണ്ടി യേശുക്രിസ്തു തന്റെ രക്തം ചിന്തിയല്ലോ! എന്റെ കർത്താവേ, എന്നെ നീ വ്യക്തിപര മായി അറിഞ്ഞ്, വ്യക്തിപരമായി സ്നേഹിച്ച്, എന്നെ രക്ഷി ക്കാൻ വ്യക്തിപരമായി നീ ആഗ്രഹിച്ച്, എനിക്കുവേണ്ടി കുരി ശിൽ മരിച്ചല്ലോ. ഞാൻ വിശ്വസിക്കുന്നു.

ഇന്നു നിങ്ങൾക്ക് പുതിയ സൃഷ്ടി ആകാം. ഒറ്റയ്ക്കൊരു കാര്യം മാത്രം മതി. യേശുവേ, നിന്റെ തിരുരക്തത്താൽ എന്നെ ഇപ്പോൾ മുദ്രയിടണമേ. യേശുവിന്റെ തിരുരക്തം ഇപ്പോൾ മുദ്രയായി അണിയിച്ചു തരേണമേ. എന്റെ കർത്താവേ, യേശു വിന്റെ തിരുരക്തം എന്റെ പാപങ്ങൾ മോചിച്ചു തരേണമേ. ഇങ്ങനെ നിങ്ങൾക്ക് സമർപ്പിക്കാം. ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കാം.

പാപമുള്ള ജീവിതത്തെ യേശുവിന്റെ കരങ്ങളിലേക്ക് കൊടുത്ത് യേശുവിന്റെ തിരുരക്തത്താൽ കഴുകി കിട്ടുമ്പോ

ഴാണ് വാസ്തവത്തിൽ നാം പുതിയ സൃഷ്ടിയായിത്തീരുന്നത്. പഴയതു കഴിഞ്ഞുപോയി ഇതാ അതു പുതുതായിത്തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ.

സ്നേഹിതരേ, ഇന്ന് ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് ദൈവത്തോടു പറയാം: കർത്താവേ, എനിക്ക് ഇനി വൈകാൻ കാലമില്ല. വൈകാൻ നേരമില്ല. കർത്താവേ, ഈ നിമിഷം മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

നാഥാ, നീ എന്റെ ഹൃദയത്തിലേക്കു വരണമേ. നീ എന്റെ ഹൃദയത്തിൽ വാഴണമേ. എന്റെ കർത്താവേ, നീ എന്റെ ഹൃദയത്തിൽ വാഴുന്നു എങ്കിൽ ഞാൻ മരിക്കുമ്പോൾ ക്രിസ്തുവിൽ മരിക്കാൻ എനിക്ക് സാധിക്കും. ജീവിക്കുമ്പോൾ ക്രിസ്തുവിൽ ജീവിക്കുന്നു! മരിക്കുമ്പോൾ ക്രിസ്തുവിൽ മരിക്കുന്നു! എഴുതുക, ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ!

# പതിനൊന്ന്

*"ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു; അതുപറഞ്ഞത്: എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതെ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു."*

*വെളിപ്പാട് 14 : 13*

ആരാണ് ഭാഗ്യവാന്മാർ? കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. മൃതന്മാർ അനേകരുണ്ട്. ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടുന്ന അനേകം മനുഷ്യരുണ്ട്. ഓരോ ദിവസവും ഓരോരുത്തരായി കടന്നുപോകുന്നു. എന്നാൽ കർത്താവിൽ മരിക്കുന്ന മൃതന്മാരുണ്ട്, അവരാണ് ഭാഗ്യവാന്മാർ. ക്രിസ്തുവിൽ മരിക്കാൻ ഇടയാകുക. അതാണ് ഏറ്റവും വലിയ ഭാഗ്യം.

പലരും ചിന്തിക്കും. ദൈവമേ, ഈ ഭൂമിയിലെ ജീവിതം തന്നെ കഷ്ടപ്പെട്ട് കഴിച്ചു കൂട്ടുന്നു. മരണശേഷമുള്ള കാര്യം ഇപ്പോൾ ചിന്തിക്കുന്നത് എന്തിനാണ്? ഈ ഭൂമിയിലെ കാര്യങ്ങളിൽ തന്നെ ഒരു സമാധാനമില്ല, സ്വസ്ഥതയുമില്ല. പ്രതിസന്ധികളും പ്രയാസങ്ങളും പ്രശ്നങ്ങളുമായിട്ട് ആകെ കുഴഞ്ഞുമറിഞ്ഞ ഒരു ജീവിതം. ഒരിക്കലും ഒരു വിശ്രമമില്ല; സമാധാനമില്ല; കുടുംബത്തിൽ സന്തോഷമില്ല; ഐക്യമില്ല; ഒരു സ്വൈര്യമില്ല. മനസ്സിൽ ഒരു ശാന്തത കിട്ടുന്നില്ല. ഈ ഭൂമിയിൽ കുറച്ചു കാലമുള്ളതുപോലും സമാധാനമായി കഴിക്കാൻ

സാധിക്കുന്നില്ല. പിന്നെയാണോ മരിച്ചതിനുശേഷമുള്ള കാര്യം?

പ്രിയപ്പെട്ടവരേ, ഇവിടെ ദുരിതമുണ്ട്. കർത്താവ് അങ്ങനെയാണ് പറഞ്ഞത്:

> *"ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു."* *യോഹന്നാൻ 16 : 33*

കഷ്ടമില്ല, ദുരിതങ്ങളില്ല എന്ന് കർത്താവ് പറഞ്ഞില്ല. കഷ്ടമുള്ളപ്പോഴും ധൈര്യപ്പെടാൻ സാധിക്കും. അതെങ്ങനെയാണ്? കഷ്ടതയും യാതനയും വേദനയും ഉള്ളപ്പോൾത്തന്നെ ക്രിസ്തു നമ്മുടെ ഉള്ളത്തിലുണ്ടെങ്കിൽ നമുക്ക് ധൈര്യപ്പെടാം. കാരണം, എല്ലാം കാണുന്നവനും എല്ലാം നിയന്ത്രിക്കാൻ ശക്തനുമായവൻ എന്റെ ഹൃദയത്തിലിരിക്കുന്നു. ഈ ഒരു ഉറപ്പാണ് ധൈര്യം. അങ്ങനെയുള്ളവരാണ് ക്രിസ്തുവിൽ ജീവിക്കുന്നവർ. അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്നതും ഭരിക്കുന്നതും ക്രിസ്തുവാണ്. ഓരോ ചുവടുവെപ്പിലും അവരെ നയിക്കുന്നത് ക്രിസ്തുവാണ്. ക്രിസ്തു നമ്മെ നയിക്കുന്നില്ലെങ്കിൽ നാം അപകടത്തിലേക്കാണ് നീങ്ങുന്നത്.

ലോകത്തിൽ രണ്ടുതരം ആളുകളേയുള്ളൂ. ക്രിസ്തുവുള്ളവർ - ക്രിസ്തുവിന്റെ മണവാട്ടിസഭ. ക്രിസ്തുവില്ലാത്തവർ - അന്തിക്രിസ്തുവിന്റെ മണവാട്ടിസഭ. എതിർക്രിസ്തുവിന്റെ മണവാട്ടിയായി വലിയോരു കൂട്ടം ജനം ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ മണവാട്ടിസഭയായി വേറൊരു കൂട്ടം ജനം ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

യേശുക്രിസ്തുവിന്റെ മണവാട്ടിയായി സഭയെ ഒരുക്കുന്നത് പരിശുദ്ധാത്മാവാണ്. എതിർക്രിസ്തുവിന്റെ മണവാട്ടിയായി മനുഷ്യരെ ഒരുക്കുന്നത് ദുരാത്മാക്കളാണ്. വേദപുസ്തകം പറയുന്നത് 'കള്ളപ്രവാചകൻ' എന്നാണ്. പ്രവാചകന്മാരുണ്ട്, കള്ളപ്രവാചകന്മാരുമുണ്ട്. നല്ല നാണയങ്ങ

ളുമുണ്ട്, കള്ളനാണയങ്ങളുമുണ്ട്. നല്ല നോട്ടുകളുണ്ട്, കള്ള നോട്ടുകളുമുണ്ട്. എല്ലായിടത്തുമുണ്ട് വ്യാജന്മാർ. സുവിശേഷ കന്മാരുടെ ഇടയിലും വ്യാജന്മാരുണ്ട്. ചിലപ്പോഴെല്ലാം ടിവി യിൽ ചില പ്രസംഗങ്ങൾ കാണുമ്പോൾ, അമ്പരപ്പിലാകാറുണ്ട്. സുവിശേഷത്തെ വിലകെടുത്തുന്നവർ!

എന്താണ് സുവിശേഷം? അത്ഭുതരോഗശാന്തിയല്ല സുവി ശേഷം! പാവപ്പെട്ട ജനങ്ങളെ വഞ്ചിക്കാൻ കൊള്ളാം. പാപിക്ക് നിത്യജീവൻ തരുന്നതാണ് സുവിശേഷം. ഹൃദയം മുറിപ്പെട്ടിരിക്കുന്നവന് ആശ്വാസം തരുന്നതാണ് സുവിശേഷം. ഹൃദയം തകർന്നിരിക്കുന്നവർക്ക് സമാധാനം തരുന്നതാണ് സുവിശേഷം. നരകയോഗ്യനായവനെ സ്വർഗ്ഗത്തിലാക്കുന്ന താണ് സുവിശേഷം. ക്രിസ്തുവാണ് സുവിശേഷം.

അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് പറ ഞ്ഞത്: "ഞങ്ങളോ, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗി ക്കുന്നു." ഈ ക്രിസ്തുവിനുവേണ്ടി പരിശുദ്ധാത്മാവ് ഒരു മണ വാട്ടിയെ ഒരുക്കിക്കൊണ്ടിരിക്കയാണ്. വിശുദ്ധിയുടെ ഒരുക്കം; വിശുദ്ധവസ്ത്രം കൊണ്ടുള്ള ഒരുക്കം; വിശുദ്ധ ആഭരണ ങ്ങൾകൊണ്ടുള്ള ഒരുക്കം.

ക്രിസ്തുവിലാകുക എന്നു പറയുന്ന മഹാഭാഗ്യത്തെ ക്കുറിച്ച് പൂർവ്വികപിതാക്കന്മാർ പാടിയിട്ടുള്ളത്, "നിൻ ശരണേ മൃതരാം താതസഹോദരർ" എന്നാണ്. കർത്താവിനോടുള്ള ശരണത്തിൽ മരിച്ചുപോയ പിതാക്കന്മാരും സഹോദരന്മാരു മായ വാങ്ങിപ്പോയവർക്ക് ആനന്ദകരമായ മോദത്തിന്റെ പനി നീർ, അനുഗ്രഹത്തിന്റെ കുളിർമ നൽകണമേ എന്ന് പ്രാർത്ഥി ക്കുന്നു. അങ്ങനെയുള്ളവരാണ് നിത്യതയിൽ ആനന്ദമനുഭവി ക്കുന്നത്. അതാണ് പിതാക്കന്മാർ പാടുന്നത്:

"നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമെ."

കർത്താവിനോടുള്ള ശരണത്തിൽ മരിച്ചവരും

കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി കാത്തിരിക്കുന്ന വരുമായ മൃതന്മാരിൽ കനിയണമേ. അതുകൊണ്ടാണ് പിതാക്കന്മാർ വീണ്ടും പാടുന്നത്:

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിന്നായ്."

യേശുവിന്റെ കൃപയിൽ ശരണപ്പെട്ട് മരണമടഞ്ഞുപോയ ദാസരെ നിന്റെ രണ്ടാമത്തെ വരവിൽ നിന്റെ ജീവന്റെ സ്വരം കബറിൽ നിന്ന് ഉണർത്തണമേ. ഉദ്യാനത്തിലേക്ക്, പറുദീസയിലേക്ക് അവരെ സ്വീകരിയ്ക്കണമേ.

ക്രിസ്തുവിന്റെ കൃപയിൽ കടന്നുപോകണം. കൃപയിൽ നിന്നും വീണുപോകുന്ന ഒരവസ്ഥയുണ്ട്.

*"സ്വാതന്ത്ര്യത്തിന്നായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറെച്ചുനില്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്."*

*ഗലാത്യർ 5 : 1*

സ്വാതന്ത്ര്യം കിട്ടി, പല പാപങ്ങളും മാറി. പക്ഷേ, അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്. മദ്യപാനം വേണ്ട എന്ന് തീരുമാനിച്ചു, അരുതാത്ത കൂട്ടുകെട്ട് വേണ്ട എന്ന് വെച്ചു, വെറിക്കൂത്തുകളും കൊള്ളരുതായ്മകളും വേണ്ട എന്ന് തീരുമാനിച്ചു. എന്നാൽ പിന്നീട് ആ തീരുമാനങ്ങളെല്ലാം പൊളിഞ്ഞുപോയി. ദൈവത്തോടു പറഞ്ഞ വാക്കുകൾ ലംഘിച്ചുപോയി. അപ്പോൾ കൃപയിൽനിന്നും വീണുപോകും.

*"ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോടു വേർപെട്ടുപോയി; നിങ്ങൾ കൃപയിൽ നിന്നു വീണുപോയി."*

*ഗലാത്യർ 5 : 4*

ക്രിസ്തുവിൽനിന്നു വേർപെട്ടുപോകുന്നതാണ് കൃപയിൽനിന്നു വീണുപോകുക എന്നു പറയുന്നത്. പിശാചിന്റെ കാരാഗൃഹത്തിൽനിന്നും, സാത്താന്റെ ജയിലറയിൽ നിന്നും മോചനം കിട്ടിയതായിരുന്നു. പാപത്തിന്റെ ഭീകരമായ പിടിയിൽനിന്നും മോചനം കിട്ടി. ചില വ്യക്തമായ തീരുമാനങ്ങൾ ലഭിച്ചതായിരുന്നു. ജീവിതത്തിന്റെ കാഴ്ചപ്പാട് മാറിയതായിരുന്നു. ആന്തരികമായ സ്വാതന്ത്ര്യം കിട്ടിയതായിരുന്നു. പക്ഷേ, ക്രിസ്തുവിൽനിന്നും വേർപെട്ടുപോയി. കൃപയിൽനിന്നും വീണുപോയി.

> *"ഹാ! ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിന്നു മുമ്പിൽ വരച്ചുകിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയത് ആർ?"* *ഗലാത്യർ 3 : 1*

നിങ്ങൾക്ക് ക്രിസ്തുവിനെ അരികെ കിട്ടിയതല്ലേ? നിങ്ങൾ ക്രിസ്തുവിനെ അടുത്തറിഞ്ഞവരല്ലേ? ക്രിസ്തു പ്രാർത്ഥന കേൾക്കുന്നവനാണെന്ന് അനുഭവം കിട്ടിയവരല്ലേ? ക്രിസ്തുവിന്റെ സ്നേഹം രുചിച്ചവരല്ലേ. യേശുക്രിസ്തുവിനെ നിങ്ങൾക്ക് ലഭിച്ചതല്ലേ? എന്നിട്ടും നിങ്ങൾ കൃപയിൽനിന്നും വീണുപോയി. ഇനി ക്രിസ്തു നിങ്ങളിൽ വീണ്ടും ഉരുവാകണം; ക്രിസ്തു നിങ്ങളിൽ ജനിക്കണം.

ക്രിസ്തു നിങ്ങളിൽനിന്ന് അകന്നുപോയി. ഇനി എന്തു ചെയ്യണം? "ക്രിസ്തു വീണ്ടും നിങ്ങളിൽ ഉരുവാകുവോളം ഞാൻ പ്രസവവേദനപ്പെടുന്നവരായ എന്റെ കുഞ്ഞുങ്ങളെ." ഗലാത്യർ 4 : 19, 20. ഒരു ശിശു ജനിക്കുന്നതിന് പ്രസവവേദന ഉണ്ടാകുന്നതുപോലെ നിങ്ങളിൽ വീണ്ടും യേശുക്രിസ്തു ജനിക്കുന്നതിനുവേണ്ടി പ്രസവവേദനപോലെയുള്ള വേദന ഞാൻ അനുഭവിക്കുകയാണ് എന്നാണ് അപ്പോസ്തലൻ പറയുന്നത്.

അപ്പൊസ്തലൻ ഒരമ്മ കുഞ്ഞിനെ പ്രസവിക്കുന്നതു

പോലെ അദ്ധ്വാനിച്ച്, യാതന അനുഭവിച്ച്, വേദന അനുഭവിച്ച്, കഷ്ടപ്പാടുകൾ സഹിച്ച് കർത്താവിന്റെ കൃപയാൽ ഒരു കൂട്ടം ജനത്തെ ജീവന്റെ വഴിയിലേക്ക് കൊണ്ടുവന്നു. അതാണ് ഗലാത്യസഭ. എന്നാൽ അവർ ആത്മാവിൽ മരിച്ചുപോയി. ക്ഷുദ്രം ചെയ്ത് മയക്കിയതുപോലെയായിപ്പോയി.

അനേകം വിശ്വാസികളും ഇന്ന് അങ്ങനെയാണ്. ഒരു പൈശാചികശക്തി നമ്മുടെ സുബോധത്തെ കെടുത്തി. നന്മയെ നന്മയായി കാണാതെ, നന്മയെ തിന്മയായി കാണുന്ന ശക്തി; തിന്മയെ തിന്മയായി കാണാതെ, തിന്മയെ നന്മയായി കാണുന്ന ശക്തി. ഈ ദുഷ്ടശക്തി അപകടം പിടിച്ച അവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടുപോകുന്നു. ഇനി നിങ്ങൾ എന്തു ചെയ്യണം? ക്രിസ്തു ഇനിയും നിങ്ങളിൽ ഉരുവാകണം.

> *"ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നവരായ എന്റെ കുഞ്ഞുങ്ങളേ, ഇന്നു നിങ്ങളുടെ അടുക്കൽ ഇരുന്ന് എന്റെ ശബ്ദം മാറ്റുവാൻ കഴിഞ്ഞിരുന്നു എങ്കിൽ കൊള്ളായിരുന്നു; ഞാൻ നിങ്ങളെക്കുറിച്ചു വിഷമിക്കുന്നു."* *ഗലാത്യർ 4 : 19, 20*

അപ്പൊസ്തലൻ സങ്കടത്തോടെ പറയുകയാണ്-ഞാൻ ഇനി നിങ്ങളുടെ അവസ്ഥ എങ്ങനെയാണ് ചൂണ്ടിക്കാണിച്ചു തരേണ്ടത്? കൃപയിൽ നിൽക്കണം. കൃപയിൽനിന്നും വീണുപോകരുത്. ദൈവം നമ്മെ ഒരുസ്ഥാനത്ത് നിറുത്തി. ഭൂമിയിലുള്ളവർ നോക്കുമ്പോൾ ഉന്നതസ്ഥാനമൊന്നുമല്ല; പലരുടെയും മുമ്പിൽ നാം വിലകെട്ടവരാണ്; നമുക്കെന്ത് മൂല്യമുണ്ടെന്ന് ആർക്കും അറിഞ്ഞുകൂടാ; പക്ഷേ, നിത്യനായ ദൈവത്തിന്റെ സന്നിധിയിൽ നാം വിലയേറിയവരായിരുന്നു; മാന്യരായിരുന്നു.

സ്വർഗ്ഗത്തിലെ മാലാഖമാർക്ക് നമ്മെ പരിചയമായിരുന്നു; സ്വർഗ്ഗത്തിലെ മാലാഖമാർ പരസ്പരം നമ്മെക്കുറിച്ച്

പറയുമായിരുന്നു; ആകാംക്ഷയോടെ, പ്രതീക്ഷയോടെ സംസാരിക്കുമായിരുന്നു. എന്നാൽ മാലാഖമാരുടെ പ്രതീക്ഷ കളെല്ലാം തെറ്റിച്ച് തിന്മയിലേക്ക് ദുഷ്ടനായ പൈശാചികൻ നമ്മെ വലിച്ചുകൊണ്ടുപോയി.

നമ്മെ ലോകത്തിന്റെ മോഹങ്ങളിൽ കെട്ടിയിട്ടു. ജഡ ത്തിന്റെ ഇച്ഛകളിലും ഭൗതികമായ തിന്മകളിലും കെട്ടിയിട്ടു. ഫലമോ? നാം കൃപയിൽനിന്നും വീണുപോയി. ക്രിസ്തു വിന്റെ സ്നേഹത്തിൽ നിന്നകന്നുപോയി.

ക്രിസ്തുവിന്റെ കൃപയിൽ നിലനിൽക്കണം.

ക്രിസ്തുവിന്റെ ശരണത്തിൽ നിൽക്കുക എന്നുപറയു ന്നത് എന്തു വലിയ പദവിയാണ്! എന്തൊരു മഹാഭാഗ്യമാണ്! പലരും വെറുക്കും, പുച്ഛിക്കും, പരിഹസിക്കും, വില കെടുത്തും. പക്ഷേ, നാം ദൈവത്തിന്റെ സന്നിധിയിൽ വിലപ്പെട്ടവരായി മാറുകയാണ്. ഈ ലോകത്തിലെ എൺപതോ നൂറോ വർഷ മുള്ള ആയുസ്സിൽ നാം വില കെട്ടവരാണ്. ആർക്കും പരിഹസി ക്കാം, പന്തു തട്ടുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും തട്ടാം. പക്ഷേ, നാം ദൈവസന്നിധിയിൽ വിലയേറിയവരാണ്. ക്രിസ്തുവിന്റെ കൃപയിലാകുക. പിതാക്കന്മാർ പിന്നെയും പാടി:

ഖേദം വേണ്ടാ മശിഹായിൽ മൃതി പൂണ്ടോരേ!
ആസന്നം പ്രതിഫലമേകും പുനരു-ത്ഥാനദിനേ
കേടെന്യേ കബറുകളീന്നും-നിങ്ങളെഴുന്നേ-
റ്റതിവേഗം രാജാത്മജനെയെതിരേൽപ്പാനെത്തും
മഹിമാവിൻ-നീരാളം ചാർത്തി
തിരുമുമ്പിൽ-സ്തുതിപാടും നിങ്ങൾ
കനിവാലാദാംസുതജീവപ്രദനേ-കൃപചെയ്ക.

ക്രിസ്തുവിൽ മരിച്ചവരേ, നിങ്ങൾ ദുഃഖിക്കേണ്ട; കാരണം, നിങ്ങൾക്ക് പ്രതിഫലം കിട്ടാൻ പോകുന്നു. പ്രതിഫലം വാങ്ങാ നായി നിങ്ങൾ ഉയിർത്തെഴുന്നേറ്റുവരും. നിങ്ങളിന്ന് കടന്നു

പോകുന്നു എന്നതോർത്ത് ദുഃഖിക്കേണ്ട. ഇന്ന് പ്രിയപ്പെട്ടവരെയെല്ലാം വിട്ടുപോകുന്നു, മക്കളെ വിട്ടുപോകുന്നു, ഭാര്യയെ വിട്ടുപോകുന്നു, അമ്മയെ വിട്ടുപോകുന്നു. ഖേദിക്കേണ്ട; കാരണം, മിശിഹായിൽ മൃതിപൂണ്ടവരാണ് നിങ്ങൾ. നിങ്ങൾക്ക് പ്രതിഫലം കിട്ടാൻ പോകുന്നു, പുനരുത്ഥാനദിനത്തിൽ.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു. പ്രിയമുള്ളവരേ, അതുകൊണ്ട് ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ക്രിസ്തുവിലായിരിക്കാം. ക്രിസ്തുവിലായാൽ ക്രിസ്തുവിൽ മരിക്കാം; ക്രിസ്തുവിൽ മരിച്ചാൽ, ഒന്നാമത്തെ പുനരുത്ഥാനത്തിൽ നമുക്ക് പ്രതിഫലം കിട്ടും. അന്ന് നിങ്ങൾ കർത്താവിന്റെ മുമ്പിൽ മഹിമാവിന്റെ നീരാളം ചാർത്തിക്കൊണ്ട്, തേജസ്സിന്റെ പട്ട് വസ്ത്രം ധരിച്ചുകൊണ്ട് നിൽക്കും.

ഈ വാക്കുകളെ വായിക്കുന്ന സഹോദരങ്ങളെ, നാമെല്ലാം ഒരുദിവസം കടന്നുപോകും. എന്നാൽ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുന്ന പുനരുത്ഥാനദിവസത്തിൽ നാം കാണപ്പെടണം. അപ്പോൾ "ഇവിടെ കയറി വരിക" എന്ന ശബ്ദം കേൾക്കാം. അപ്പോൾ രാജാധിരാജന്റെ മുഖത്ത് നിന്നും, "നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും." എന്ന് നമുക്ക് കേൾക്കണം. അതിനായി നമുക്കൊരുങ്ങാം.

# പന്ത്രണ്ട്

*"എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവ് പറയുന്നു." വെളിപ്പാട് 14 : 13*

അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു. അവരുടെ നല്ല പ്രവൃത്തികൾക്ക് പ്രതിഫലം കിട്ടാൻ പോകുന്നു. ഈ ഭൂമിയിൽ ക്രിസ്തുവിൽ ജീവിച്ചവർക്ക് പ്രതിഫലം ലഭിക്കാൻ പോകുന്നു. അവർ ആനന്ദത്തോടെ, രാജാധിരാജനായ കർത്താവായ യേശുക്രിസ്തു വീണ്ടും വരുമ്പോൾ അവനെ ആമോദത്തോടെ സ്വീകരിക്കാൻ തുടങ്ങുന്നു. എല്ലാ ദൈവമക്കളും കൂടിനിൽക്കുമ്പോൾ സമ്മാനങ്ങൾ ലഭിക്കുന്നു.

നാം കടന്നുചെല്ലുമ്പോൾ നമുക്കു ലഭിക്കാൻ പോകുന്ന പ്രതിഫലങ്ങൾ എന്തെല്ലാമായിരിക്കും? അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു. ഇവിടെ ജീവിക്കുന്ന സമയത്ത് വിശുദ്ധിയെ തികച്ച് വിശ്വാസത്തിൽ അധിഷ്ഠിതമായ വിശുദ്ധജീവിതം നയിക്കുന്നവർക്ക് പ്രതിഫലം കിട്ടാൻ പോകുന്നു.

ക്രിസ്തുവിൽ മരിക്കാത്തവരായ, ക്രിസ്തുവിനെ കൂടാതെ കടന്നുപോയവരായ ആളുകൾ - അവരെയും പ്രവൃത്തി പിന്തുടരുന്നുണ്ട്. ഈ ഭൂമിയിൽവെച്ച് ചെയ്തുപോയ പാപങ്ങളുടെ എല്ലാ ദുരന്തഫലങ്ങളും അവരുടെ പിന്നാലെ പിന്തുടർന്നു ചെല്ലും.

ഈ ഭൂമിയിൽ വെച്ച് വഴക്കടിച്ചത്, കള്ളക്കേസുണ്ടാക്കി

യത്, കൊള്ളലാഭമുണ്ടാക്കിയത്, അഴിമതിക്ക് കൂട്ടുനിന്നത്, കൈക്കൂലി വാങ്ങിയത്, ചിലരെ ദ്രോഹിച്ചത്, വിഷമിപ്പിച്ചത്, പലരെയും മർദ്ദിച്ചത്, നമ്മുടെ കുടുംബത്തിൽത്തന്നെ സ്വൈര്യക്കേടുണ്ടാക്കിയത്, മാതാപിതാക്കൾ നിങ്ങളെ യോർത്ത് വിലപിക്കാനും കരയാനും ഇടയായത്, നിങ്ങളുടെ ഭാര്യ നിങ്ങളുടെ മർദ്ദനമേറ്റ് പിടഞ്ഞത്, എന്തെല്ലാമെന്തെല്ലാം! ഇതെല്ലാം പിറകെ വരും.

സ്വത്ത് പിറകെ വരില്ല; കൈക്കൂലിവാങ്ങിയ സ്വത്ത് അന്യൻ തിന്നുപോകും. നിങ്ങൾ അഴിമതിക്ക് കൂട്ടുനിന്നു കിട്ടിയ ലക്ഷങ്ങളോ കോടികളോ ഒന്നും കൂടെ പോരില്ല. എന്നാൽ നാം ചെയ്ത പാപത്തിന്റെ ഫലം പിന്നാലെ പോരും. വേഗം മാനസാന്തരപ്പെടുക, ക്രിസ്തുവിന്റെ രക്തത്താൽ കഴു കൽ പ്രാപിക്കുക. വേദപുസ്തകം പറയുന്നു: അപ്പൻ പാപം ചെയ്താൽ അപ്പൻ മാത്രമല്ല മക്കളും മക്കളുടെ മക്കളും അവ രുടെ മക്കളും ശിക്ഷയേൽക്കേണ്ടിവരും.

> *“നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണ തയുള്ള ദൈവം ആകുന്നു; എന്നെ പകയ്ക്കുന്നവ രിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ച് എന്റെ കല്പന കളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു.” പുറപ്പാട് 20 : 5*

മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ പ്രവൃത്തി പിന്തുടരുന്നു.

> *“കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാ രുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളു ടെമേലും മൂന്നാമത്തെയും നാലാമത്തെയും തല മുറയോളം സന്ദർശിക്കുന്നവൻ.” പുറപ്പാട് 34 : 7*

പ്രവൃത്തി പിന്തുടരുന്നു. പാവം മക്കളൊന്നുമറിഞ്ഞില്ല.

അപ്പന്റെ കാലത്ത് ചെയ്തുപോയ ചില ദുഷ്കൃത്യങ്ങൾ, മക്കൾ ഇന്നനുഭവിക്കയാണ്. എന്തുചെയ്യും?

*"കുറ്റക്കാരനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം മക്കളുടെ മേൽ സന്ദർശിക്കുന്നവൻ." സംഖ്യ: 14 : 17*

മോഷണവസ്തുക്കൾ കൈകാര്യം ചെയ്യുന്നവരുണ്ട്, അന്യന്റേത് സ്വന്തമാക്കി വയ്ക്കുന്നവരുണ്ട്, നിസ്സാരകാര്യങ്ങൾക്ക് വഴക്കുണ്ടാക്കി സമ്പാദിച്ചവരുണ്ട്. കുറ്റമുള്ളവനെ വെറുതെ വിടുകയില്ല. പ്രവൃത്തി പിന്തുടരും.

*"എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കും."*

*ആവർത്തനം 5 : 9*

അപ്പന്റെയോ അമ്മയുടെയോ കാലത്ത് വരുത്തിവെച്ച ദുരന്തങ്ങൾ, കൊലപാതകങ്ങൾ, വ്യഭിചാരങ്ങൾ, പാവം സ്ത്രീകളെ പീഡിപ്പിച്ചത്, ആരോരുമില്ലാത്ത വിധവമാരെ അപമാനിച്ചത്, എല്ലാം പിന്നാലെ വരുന്നു. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു.

*"നീ ആയിരം തലമുറയോളം ദയ കാണിക്കയും പിതാക്കന്മാരുടെ അകൃത്യത്തിന്നു അവരുടെ ശേഷം അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കയും ചെയ്യുന്നു." യിരമ്യാവ് 32 : 18*

സഹോദരങ്ങളേ, ഇതെല്ലാം ദൈവത്തിന്റെ വചനമല്ലേ? ഒരു പക്ഷേ, നാം ഒന്നും ചെയ്തതായിരിക്കയില്ല; പിതാക്കന്മാരുടെ കാലത്ത് ചെയ്ത ചില ദോഷങ്ങൾ! പുറത്ത് പറയാൻ അറയ്ക്കുന്ന ചില കാര്യങ്ങൾ! ലജ്ജാകരമായ പ്രവൃത്തികൾ! അതെല്ലാം പിന്നാലെ വരുന്നു.

നോഹ ഒരു ദിവസം ലഹരി പിടിച്ച് ഉറങ്ങിക്കിടക്കയായി

രുന്നു. വസ്ത്രം മാറിക്കിടന്നു. ഹാം അപ്പന്റെ നഗ്നത കണ്ടു. ഉടനെ ചെന്ന് സഹോദരന്മാരായ ശേമിനോടും യാഫേത്തിനോടും പറഞ്ഞു: നമ്മുടെ അപ്പൻ ഒരു ഉത്തരവാദിത്വവുമില്ലാതെ കിടക്കുന്നതു കണ്ടോ? മോശമല്ലേ, ഇവിടെ നമ്മുടെ ഭാര്യമാരും ആളുകളുമുള്ള ഈ വീട്ടിൽ അപ്പൻ എന്താണ് ഈ കാണിച്ചിരിക്കുന്നത്? ഹാം അപ്പന്റെ നഗ്നത മറയ്ക്കാതെ സഹോദരന്മാർക്ക് വെളിപ്പെടുത്തി.

അപ്പന്റെ നഗ്നത കാണുന്നത് തെറ്റ്, ആ നഗ്നത വെളിവാക്കുന്നത് അതിലേറെ തെറ്റ്. ശേമും യാഫേത്തും അപ്പന്റെ നഗ്നത കാണണ്ട എന്നു വിചാരിച്ചു. അവർ ഒരു വസ്ത്രം രണ്ടു വശത്തും പിടിച്ചു വിടർത്തിക്കൊണ്ട് പുറകോട്ടു നടന്നു. അപ്പന്റെ മേലേക്ക് എറിഞ്ഞിട്ടു. അപ്പന്റെ നഗ്നത കാണാൻ അവർ മടിച്ചു. അവർ അനുഗ്രഹിക്കപ്പെട്ടവരായി. ശേമും യാഫേത്തും അനുഗ്രഹിക്കപ്പെട്ടു. ഹാം ശപിക്കപ്പെട്ടു, ഹാമിന്റെ തലമുറകൾ ശപിക്കപ്പെട്ടു.

പ്രിയപ്പെട്ടവരേ, ആരുടെയെങ്കിലും നഗ്നത നിങ്ങൾ കണ്ടിട്ടുണ്ടോ. കാണാൻ ആഗ്രഹിച്ചിട്ടുണ്ടോ? അപകടമാണ്, തെറ്റാണ്. അപ്പന്റെയോ അമ്മയുടെയോ സഹോദരങ്ങളുടെയോ? അനേകം ആളുകൾ അതിൽ കുടുങ്ങിക്കിടപ്പുണ്ട്. എവിടെയെങ്കിലും കുളിക്കടവുകളിൽപോയി ഒളിഞ്ഞു നോക്കി നിന്നിട്ടുണ്ടോ? അല്ല, കുളിമുറിയിലേക്ക് ഒളിഞ്ഞു നോക്കിയിട്ടുണ്ടോ? കുളിമുറിയിൽ നിങ്ങൾ വല്ല camera-യും വച്ചിട്ടുണ്ടോ? അങ്ങനെയുള്ള കൂട്ടുകൂടിയിട്ടുണ്ടോ? സൂക്ഷിക്കണം. നിങ്ങൾ അന്യസ്വത്ത് നോക്കരുത്. ഒരു സ്ത്രീ അവളുടെ ഭർത്താവിന്റെ സ്വത്താണ്. വേറെ ആർക്കും അവകാശപ്പെട്ടതല്ല. അങ്ങോട്ടു നോക്കരുത്. ഓരോരുത്തർക്കും അവരവരുടെ ഭർത്താക്കന്മാരുണ്ട്, ഭാര്യമാരുണ്ട്. അന്യസ്വത്തിലേക്ക് കണ്ണുവയ്ക്കരുത്.

പ്രവൃത്തി പിന്തുടരും. അഥവാ അങ്ങനെ ആർക്കെങ്കിലും പറ്റിപ്പോയിട്ടുണ്ടെങ്കിൽ, പൂർവ്വികമായ ശാപം നില

നിൽക്കുന്നവരുണ്ടെങ്കിൽ എന്തു ചെയ്യണം? പേടിക്കണ്ട, മാർഗ്ഗമുണ്ട്. ക്രിസ്തു നമുക്കുവേണ്ടി ശാപമാക്കപ്പെട്ടു.

*"ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു."*
*ഗലാത്യർ 3 : 13*

ശാപങ്ങളെല്ലാം ക്രിസ്തു ഏറ്റെടുത്തു. മകളേ, മകനേ, നീ ഇതു വിശ്വസിക്കുമ്പോൾ നിന്റെ മേലുള്ള ശാപമെല്ലാം നീങ്ങിപ്പോകും. നമുക്കുവേണ്ടി എല്ലാ തിന്മയും യേശു ഏറ്റെടുത്തു. എല്ലാ പാപവും യേശു ഏറ്റെടുത്തു.

*"മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ'' എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കു വാങ്ങി." ഗലാത്യർ 3 : 13*

ക്രിസ്തുവിന്റെ രക്തം കൊടുത്ത്, നമ്മെ വിലയ്ക്കു വാങ്ങി. നാം യേശുക്രിസ്തുവിന്റെ വകയായിത്തീർന്നു. നമുക്കൊരു പുതിയ യജമാനനുണ്ടായി. ഇതുവരെയുള്ള ഉടമസ്ഥൻ മാറിപ്പോയി. ശാപത്തിന്റെ ഉടയവനായ പിശാചിന്റെ കൈയിലായിരുന്നു നാമെല്ലാവരും. എന്നാൽ ക്രിസ്തു പിശാചിന്റെ തല ചതച്ചുകളഞ്ഞു, അവനെ പരസ്യമായ കാഴ്ചയായി നിർത്തി. നമ്മുടെ മേലുള്ള അകൃത്യങ്ങളെല്ലാം കർത്താവായ യേശുക്രിസ്തു തന്റെമേൽ ഏറ്റുകൊണ്ട് കുരിശിൽ മരിച്ചു.

എന്താണ് ഗോഗുൽത്തായിലെ കുരിശിന്റെ വില? യേശുക്രിസ്തു നമ്മുടെ പാപങ്ങൾ ഏറ്റെടുത്ത് കുരിശിൽ തറച്ചിരിക്കുന്നു. നാം അത് വിശ്വസിക്കുമ്പോൾ ശാപത്തിൽനിന്നും നമുക്ക് മോചനം കിട്ടും; പാപത്തിൽനിന്നും കഴുകൽ കിട്ടും; കർത്താവിന്റെ രക്ഷ ലഭിക്കും. ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വരുമ്പോൾ നാം ക്രിസ്തുവിന്റെ വകയായിത്തീരും. അങ്ങനെ ക്രിസ്തുവിൽ നാം ജീവിക്കാൻ തുടങ്ങും.

ക്രിസ്തുവിൽ ജീവിക്കുമ്പോഴാണ് ക്രിസ്തുവിൽ മരിക്കുന്നത്. ക്രിസ്തുവിൽ മരിക്കുമ്പോഴാണ് ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കുന്നത്. ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കുമ്പോഴാണ് ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുണ്ടാകുന്നത്. അപ്പോഴാണ് നാം ഭാഗ്യവാനും വിശുദ്ധനുമാകുന്നത്.

കർത്താവിൽ മരിക്കുക എന്നുപറഞ്ഞാൽ ഭാഗ്യമാണ്. ഒരു വിശ്രമം കിട്ടുകയാണ്. അദ്ധ്വാനഭാരമുള്ള മനുഷ്യൻ ജോലിചെയ്ത് ക്ഷീണിച്ച് തളർന്ന് ഒന്നു വിശ്രമിക്കാനിരിക്കുന്നതുപോലെ നമുക്ക് മരണംവഴിയായി വിശ്രമം കിട്ടുകയാണ്. പലപ്പോഴും നാമത് മനസ്സിലാക്കുന്നില്ല. മരണം എന്ന് കേൾക്കുമ്പോൾ പലർക്കും പേടിയാണ്; ഒരു വിഭ്രാന്തിയാണ്; ഒരു പരിഭ്രമമാണ്.

മരണം നിത്യതയിലേക്കുള്ള ഒരു ചവിട്ടുപടിയാണ്; ഒരു വാതിലാണ്. അനന്തമായി കിടക്കുന്ന നിത്യതയിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരു വാതിലാണ് മരണം. നിത്യതയിലേക്ക് നാം കടന്നു ചെല്ലുകയാണ്. അവിടെ നമുക്ക് വിശ്രമമുണ്ട്. ഇവിടെ നമുക്ക് ക്ലേശമുണ്ട്, കഷ്ടതകൾക്ക് വിശ്രമമില്ല, ദുരിതങ്ങൾക്ക് വിശ്രമമില്ല.

എന്തുമാത്രം യാതനകളാണ് ഓരോരുത്തരും അനുഭവിക്കുന്നത്! എന്തു ക്ലേശിച്ചാണ് ഓരോ ദിവസവും കഴിയുന്നത്. എന്തെല്ലാം പ്രതിസന്ധികളെയാണ് നാം അഭിമുഖീകരിക്കുന്നത്! ദൈനംദിനം എത്രയെത്ര കുരുക്കുകളിലാണ്, അവിവേകങ്ങളിലാണ് കുടുങ്ങിപ്പോകുന്നത്!

ഈ ഭൂമിയിൽ ജീവിക്കുമ്പോൾ പല രീതിയിലുള്ള പരാജയങ്ങൾ നമുക്ക് പറ്റുന്നു. ഇന്ന് വിശ്രമമില്ല. മനസ്സിൽ വിശ്രമമില്ല; ചിന്താമണ്ഡലത്തിൽ വിശ്രമമില്ല; നമ്മുടെ വികാരമണ്ഡലത്തിൽ വിശ്രമമില്ല; ശരീരത്തിലും വിശ്രമമില്ല. രാവും പകലും അദ്ധ്വാനിച്ചാലും വരവിനനുസരിച്ച് ചെലവിന് തികയുന്നില്ല. എന്നും കടം മേടിക്കേണ്ടി വരുന്നു. എത്രപേർക്കുണ്ട്

ഈ ഭൂമിയിൽ നീക്കിബാക്കി? പലരും ഓരോ തരത്തിലുള്ള ദാരിദ്ര്യവും വിഷമവും അനുഭവിക്കുന്നവരാണ്.

പ്രിയപ്പെട്ടവരേ, ഇങ്ങനെ വലയുന്ന മനുഷ്യന് ഒരു വിശ്രമം വേണം. ആളുകൾ പറയും: എന്നാണ് എനിക്കൊരു വിശ്രമം കിട്ടിയിട്ടുള്ളത്? ജനിച്ച അന്നുമുതലേ ദുരിതം; എന്നാണ് എനിക്കൊരു വിശ്രമം കിട്ടുക! കണ്ണടഞ്ഞാലറിയാം. മരിച്ചാൽ വിശ്രമം കിട്ടിയേക്കും. ഇങ്ങനെ ഭാരപ്പെട്ട് ഞരങ്ങുന്ന മനുഷ്യന് പ്രയത്നങ്ങളിൽനിന്നുള്ള വിശ്രമം ലഭിക്കാൻ പോകയാണ്.

അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത്: എനിക്ക് മരിക്കുന്നത് ലാഭമാണ്, ജീവിക്കുന്നത് ക്രിസ്തുവാണ്. ജീവിക്കുന്നെങ്കിൽ ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നു. അല്ല, മരിക്കയാണോ? ലാഭമാണ്, എനിക്ക് വിശ്രമിക്കാം. വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് കൂടെയിരിക്കുവാൻ ഞാൻ കാംക്ഷിക്കുന്നു. ഫിലിപ്യർ 1 : 21, 22. ഈ ഭൂമിയിലെ ജീവിതം കഴിഞ്ഞ് എത്രയും വേഗം ക്രിസ്തുവിനോട് ചേരാൻ ഞാൻ ആഗ്രഹിക്കയാണ്. പക്ഷേ, ഞാൻ ഈ ഭൂമിയിൽ ജീവിക്കേണ്ടത് ആവശ്യമാണെങ്കിൽ ജീവിക്കാൻ തയ്യാറുമാണ്.

ഇതു വായിക്കുമ്പോൾ എന്റെ ഉള്ളത്തിൽനിന്നും ഈ വാക്യം വരുമോ എന്ന് ചിന്തിക്കണം. ഞാൻ ഇന്ന് കടന്നുപോയാൽ സന്തോഷത്തോടെ കടന്നുപോകുമോ? ഇന്ന് ഞാൻ ഈ ഭൂമിയിൽനിന്നും മാറ്റപ്പെടാൻ വേലതികച്ച് ചെയ്യേണ്ടതെല്ലാം ചെയ്തുവോ? ഈ ഭൂമിയിലേക്ക് എന്നെ കൊണ്ടുവന്നപ്പോൾ കർത്താവ് എന്നെക്കുറിച്ച് പ്രതീക്ഷിച്ചതെല്ലാം നിറവേറ്റി കഴിഞ്ഞുവോ? എന്നിൽ കർത്താവ് ആശവെച്ചകാര്യം നിറവേറ്റാൻ കഴിഞ്ഞു; ഞാനിതാ വിശ്രമമില്ലാത്ത ജോലികളെല്ലാം കഴിഞ്ഞ് ഉറങ്ങാൻ പോകുന്നു, വിശ്രമിക്കാൻ പോകുന്നു. അങ്ങനെയൊരു പ്രത്യാശ നമ്മുടെ ഹൃദയത്തിൽ നിറയുന്നുണ്ടോ?

ഇന്ന് നാം ഭൗതികമായ പല കെട്ടുകളിൽ കുടുങ്ങിക്കിടക്കുകയാണ്. കുടുംബമുണ്ട്, ഭാര്യയുണ്ട്, ഭർത്താവുണ്ട്,

കുഞ്ഞുങ്ങളുണ്ട്, വീട്ടിലെ കാര്യങ്ങളുണ്ട്. തിരക്കുപിടിച്ച ജീവിതം. എന്നാൽ വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ എന്നാണ് അപ്പൊസ്തലൻ പറയുന്നത്:

> *"എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ ഏത് തിരഞ്ഞെടുക്കേണ്ടൂ എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം. ഇങ്ങനെ ഉറെച്ചു കൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിന്നുമായി തന്നെ ഞാൻ ജീവനോടിരിക്കും എന്നും നിങ്ങളോട് എല്ലാവരോടുംകൂടെ ഇരിക്കും എന്നും അറിയുന്നു."*
>
> *ഫിലിപ്പ്യർ 1 : 21 – 26*

ശരീരത്തിൽ ഇരിക്കേണ്ടത് ആവശ്യമെങ്കിൽ അതിനും ഞാൻ തയ്യാറാണ്, മരിക്കാനും തയ്യാറാണ്. ജീവനും മരണവും, ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു എന്ന് അപ്പൊസ്തലൻ പറയുന്നു. അപ്പൊസ്തലന്റെ വിശ്വാസത്തിന്റെ നിർണ്ണയം.

'Before death comes' എന്ന ഒരു പുസ്തകത്തിൽ Dr. Maurice Rawlings, ഒരാളുടെ മരണത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. ഒരു മനുഷ്യൻ, രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഒരു കുഴപ്പവുമില്ല. ഏതാണ്ട് പാതിര കഴിഞ്ഞപ്പോഴാണ് വയറിൽ ഒരസ്വസ്ഥത. ഒരു പക്ഷേ ഗ്യാസ്ട്രബിളോ, അസിഡിറ്റിയോ ആയിരിക്കും എന്നു വിചാരിച്ചു. ഏതോ മരുന്ന് അദ്ദേഹം കഴിച്ചു. സാധാരണ മാറാറുണ്ട്. പക്ഷേ, മാറുന്നില്ല. കുറച്ച് കഴി

ഞ്ഞപ്പോൾ നെഞ്ചിലൊരു വേദന. കുറച്ച് കഴിഞ്ഞപ്പോഴേക്കും നെഞ്ചത്തൊരു ഭാരം. അദ്ദേഹം ഭാര്യയെ വിളിച്ചു. ഭാര്യ എഴുന്നേറ്റു.

നെഞ്ച് പറിച്ച് കീറുന്നപോലത്തെ വേദന. ഉറങ്ങാൻ കിടക്കുമ്പോൾ ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. ഹോസ്പിറ്റലിൽ എത്തി. അവിടെ എത്രയും വേഗം Resuscitation-നുള്ള ക്രമീകരണങ്ങളെല്ലാം ചെയ്തു. അവർ പരിശോധിച്ചപ്പോൾ തന്നെ മനസ്സിലായി ഹാർട്ട് അറ്റാക്ക് ആണ്. ഡോക്ടർ ഭാര്യയോട് പറഞ്ഞു: നിങ്ങൾ പുറത്തുനിൽക്കുക, നിങ്ങൾ ഇവിടെ നിന്നാൽ രോഗിക്ക് നല്ലതല്ല, രോഗിക്ക് മനസ്സിന് ഇളക്കമൊന്നും വരാൻ പാടില്ലാത്ത സമയമാണ്.

ആ സ്ത്രീ വേദനയോടെ ചോദിച്ചു: എന്താ വല്ല അപകടവുമാണോ? ഡോക്ടർ പറഞ്ഞു: ഹാർട്ട് അറ്റാക്ക് ആണ്, രക്ഷ കിട്ടുക എന്നത് പ്രയാസമാണ്. ഇങ്ങനെ പറഞ്ഞുകൊണ്ട് ഡോക്ടർ പെട്ടെന്ന് അകത്തേയ്ക്ക് പോന്നു. അപ്പോഴേക്കും ആൾ മരിച്ചു കഴിഞ്ഞിരുന്നു. മരിക്കുന്ന ആൾ അറിഞ്ഞില്ല മരിക്കുന്നു എന്ന്. അദ്ദേഹത്തിന് വേദന മാറി. ഭാഗ്യം! എന്തൊരു വേദനയായിരുന്നു. ഇപ്പോൾ അതില്ല, ഭാഗ്യമായല്ലോ എന്നോർത്തു.

പക്ഷേ, അദ്ദേഹം നോക്കുമ്പോൾ dead body അവിടെ കിടക്കുകയാണ്. ആത്മാവ് പുറത്ത് കടന്നുകഴിഞ്ഞു. ആത്മാവ് പുറത്തുനിന്നു കൊണ്ടാണ് ഈ dead body കാണുന്നത്. അപ്പോഴാണ് അദ്ദേഹത്തിന് മനസ്സിലായത് താൻ മരിച്ചു കഴിഞ്ഞു എന്ന്. അല്പം കഴിഞ്ഞപ്പോഴേക്കും ഒരു ഇരുണ്ട തുരങ്കത്തിൽകൂടി പോകുന്നു. ഇദ്ദേഹം പലതും ചിന്തിക്കുകയാണ്. എന്റെ ജീവിതകാലത്തിൽ ഞാൻ എന്തെല്ലാം കുഴപ്പത്തിലാണ് വീണു പോയത്? തെറ്റുകൾ സംഭവിച്ചുപോയത്. ദൈവമേ, നീ അതെല്ലാം ക്ഷമിച്ചോ? ഇങ്ങനെയെല്ലാം ചിന്തിച്ചുകൊണ്ട് ആ തുരങ്കത്തിൽക്കൂടി ഈ ആത്മാവ് നീങ്ങിക്കൊണ്ടിരിക്കയാണ്.

ഭാഗ്യം! കുറെ അങ്ങ് ചെന്നപ്പോഴേക്കും ഒരു വെളിച്ച മുള്ള സ്ഥലം കണ്ടു. ആ വെളിച്ചമുള്ള സ്ഥലത്തേയ്ക്ക് അദ്ദേ ഹത്തെ കയറ്റി നിറുത്തി. അത് ഒരു പുൽപരപ്പായിട്ടാണ് കണ്ട ത്. നല്ല സുന്ദരമായ പച്ചപ്പരവതാനി വിരിച്ചതുപോലെ ആ പുൽപരപ്പിലേക്ക് അദ്ദേഹം നോക്കിയപ്പോൾ അങ്ങ് ദൂരെ ദൂരെ അദ്ദേഹത്തിന്റെ അപ്പനും അമ്മയും അവിടെ നിൽക്കു ന്നു. അപ്പനും അമ്മയും മരിച്ചപ്പോൾ ഏതൊരു രൂപത്തി ലാണോ കണ്ടത് അതുപോലെ തന്നെയാണ് അവരവിടെ നിൽക്കുന്നത്.

പെട്ടെന്ന് ആ മനുഷ്യന് കൃത്രിമ ശ്വാസോച്ഛ്വാസം കിട്ടി. ജീവൻ തിരിച്ചുകിട്ടി. ഭാഗ്യം! Resuscitation ഫലപ്പെട്ടു. അദ്ദേഹം തിരിച്ചുവന്നു. അവിടെ അദ്ദേഹം കേട്ടത് എന്താണെ ന്നറിയാമോ? മനോഹരമായ സ്വർഗ്ഗകവാടത്തിലെത്തിയ പ്പോൾ അവിടെ നിന്നൊരു ശബ്ദം കേൾക്കാം: നിനക്കിപ്പോൾ വരാൻ സമയമായിട്ടില്ല, തിരികെ പോകാം. ആ ശബ്ദം കേൾക്കയുമല്ല ഇതാ ഇദ്ദേഹം രക്ഷപ്പെട്ടല്ലോ എന്ന് ഡോക്ടർ പറയുന്നത് കേൾക്കുന്നു. ഉടനെ ശരീരത്തിലേക്ക് ജീവൻ തിരി ച്ചുവന്നു. അപ്പോൾ പറഞ്ഞ കാര്യങ്ങളാണ് ഈ സംഭവങ്ങൾ.

മരണം ഒരു യാഥാർത്ഥ്യമാണ്. മരണം ഒരു സമ്പൂർണ സത്യമാണ്. മരണത്തെ നാം നേരിടുമ്പോൾ പ്രസന്നതയോടെ നേരിടാൻ പറ്റണം. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, ഞാൻ നല്ല പോരാട്ടം പോരാടി; ഓട്ടം തികച്ചു; വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കു ന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവ സത്തിൽ എനിക്ക് നൽകും. എനിക്ക് മാത്രമല്ല, അവന്റെ പ്രത്യ ക്ഷതയിൽ പ്രിയംവച്ച ഏവർക്കും കൂടെ.

മരണത്തോടടുക്കുമ്പോൾ ഇങ്ങനെയൊരു പ്രാഗത്ഭ്യം നമുക്കുണ്ടെങ്കിൽ നാം ഭാഗ്യശാലികളായിരിക്കും. എന്റെ കർത്താവ് എന്നെക്കുറിച്ച് ആശവെച്ചതെല്ലാം നിറവേറ്റാൻ എനിക്കു കഴിഞ്ഞു. ഒന്നും ബാക്കിവെയ്ക്കാൻ ഇടവന്നില്ല.

ആരോടും പിണക്കമില്ല, ആരോടും നിരപ്പാകാനില്ല. ആരോടും വൈരാഗ്യം പുലർത്തിയിട്ടല്ല ഞാൻ പോകുന്നത്. എല്ലാം എല്ലാം മാറി, ഹൃദയം ശുദ്ധമായി. കർത്താവേ, ഈ ഭാഗ്യം നീ എനിക്കു തന്നല്ലോ.

എല്ലാം സ്വച്ഛമായി, നിർമ്മലമായി, വളരെ മനോഹരമായ അനുഭവത്തിൽ ഈ ഭൂമിയിൽനിന്നും കടന്നുപോകാൻ നമുക്ക് സാധിക്കണം. നല്ല പോരാട്ടം പോരാടി. ശരിയാണ്, പോരാട്ടമുണ്ട്. ഈ ഭൂമിയിലെ ജീവിതത്തിൽ നാം പിശാചി നോട് പോരാടിപ്പോരാടിയാണ് ജയിച്ചു ജയിച്ച് പോകുന്നത്. ഒരു ദിവസം മരണത്തെ ഞാനും നിങ്ങളും നേരിടും. എന്നാൽ അന്ന് ഞാൻ ഓടിയ ഓട്ടം തീർന്നു. നല്ല വിശ്വാസത്തിൽ ഉറച്ച് നിന്നു. നമുക്ക് ആ ഒരു പ്രാഗത്ഭ്യം ഉണ്ടോ?

> *"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനി ക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാ ധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്ക് മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ."*
>
> *2 തിമൊഥെയൊസ് 4: 7, 8*

അപ്പൊസ്തലനായ പൗലൊസിന് എന്തൊരു ധൈര്യ മാണ്. കാരണം, തടഞ്ഞുനിർത്താൻ വേറെ ഒന്നുമില്ല. കെട്ടു കൾ ഒന്നുമില്ല. എല്ലാ കെട്ടുകളും അഴിഞ്ഞിരിക്കുന്നു. ഇന്ന് നാം ഈ ഭൂമിയിൽനിന്നും പൊങ്ങാതിരിക്കത്തക്കവണ്ണം ചില ചരടുകളുണ്ട് നമ്മുടെ ജീവിതത്തിൽ. നമ്മെ കെട്ടിയിട്ടിരിക്കുന്ന ചരടുകൾ.

ചെറുപ്പക്കാർ വിചാരിക്കും: ഇപ്പോൾ ചെറുപ്പമല്ലേ. ഇനി കാലങ്ങൾ എത്രയോ ജീവിക്കാനുണ്ട്? ഇപ്പോൾ ഞാൻ പെട്ടെന്ന് മരിച്ചുപോയാൽ എങ്ങനെ? പക്ഷേ, ഏതു സമ യത്തും ഏതു പ്രായത്തിലും മരിക്കാൻ നാം ഒരുങ്ങിയിരിക്ക ണം. എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃത

ന്മാർ ഭാഗ്യവാന്മാർ. അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് വിശ്രമിക്കേണ്ടതാകുന്നു. വലിയൊരു വിശ്രമത്തിലേക്ക് നാം കടക്കുന്നു. അപ്പോഴാണ് സമാധാനം ലഭിക്കുന്നത്; സന്തോഷം ലഭിക്കുന്നത്.

ഞാൻ ആദ്യം പറഞ്ഞ സംഭവത്തിൽ, ആ മനോഹരമായ പുൽപരപ്പിന്റെ മനോഹാരിതയിൽനിന്ന് തിരികെ വന്ന് ശരീരത്തിൽ പ്രവേശിച്ചപ്പോഴേക്ക് അദ്ദേഹത്തിന് വേദന തുടങ്ങി; ശക്തമായ വേദന. ശരീരത്തിൽ ജീവൻ നിൽക്കുമ്പോഴാണ് വേദന. ശരീരത്തിൽ ജീവൻ കിട്ടിയപ്പോൾ വേദനയായി. അപ്പോൾ അദ്ദേഹം വിചാരിക്കുകയാണ്, പോരണ്ടായിരുന്നു. അവിടെ നിന്നാൽ മതിയായിരുന്നു. എന്തു സുഖമായിരുന്നു അവിടെ. ഈ വേദന അനുഭവിക്കേണ്ടായിരുന്നല്ലോ.

പ്രിയപ്പെട്ടവരേ, നാം ആ സ്വർഗ്ഗീയസൗഭാഗ്യം അനുഭവിച്ചുകഴിഞ്ഞാൽ, വിശ്വാസത്തോടുകൂടി അനുഭവിക്കാൻ കഴിഞ്ഞാൽ തീർച്ചയായും ഈ ലോകജീവിതം നിസ്സാരമാണെന്ന് നമുക്കെണ്ണുവാൻ കഴിയും. അങ്ങനെയുള്ളവരാണ് വിശുദ്ധന്മാർ.

നിങ്ങൾക്ക് ഈ സമയത്ത് നിങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കാം. കർത്താവേ, എനിക്ക് എന്റെ ഈ ആയുസ്സ് സമാധാനത്തോടെ ജീവിച്ചുതീർക്കാൻ കൃപ തരണം. ഈ ഭൂമിയിൽനിന്നും ഒരു ദിവസം ഞാനും മാറ്റപ്പെടും. അന്ന് ഞാനിവിടെ എന്തെല്ലാം നേടിയോ അതൊന്നും എന്റെകൂടെ പോരുകയില്ല.

കർത്താവേ, സന്തോഷവും പ്രസന്നതയുമുള്ള ഒരു ശോഭനമായ സ്വർഗ്ഗീയഭാവി എനിക്ക് നീ തരണം. നിത്യതയുടെ കൂടാരത്തിലേക്ക് ഞാൻ വരുമ്പോൾ നീ എന്നെ സ്വീകരിക്കുന്ന മഹാഭാഗ്യം എനിക്ക് തരണം. നിന്റെ സ്വർഗ്ഗീയദൂതന്മാർ എന്നെ കൂട്ടിക്കൊണ്ടുപോകുന്ന സൗഭാഗ്യം നീ എനിക്കു തരണം. പ്രിയപ്പെട്ടവരേ, ഈ ഒരു നിർബ്ബന്ധമായ പ്രാർത്ഥന നമ്മുടെ ഹൃദയത്തിൽ എപ്പോഴും ഉണ്ടായിരിക്കണം. രാവിലെ

എഴുന്നേൽക്കുമ്പോഴും രാത്രി കിടക്കുമ്പോഴും ഉണ്ടായിരിക്കണം.

രാത്രി കിടക്കാൻ നേരത്ത് എല്ലാം ഏൽപ്പിച്ചിട്ട് കിടക്കുകയാണ്. കർത്താവേ, ഞാൻ കിടക്കാൻ പോകുന്നു. ഈ ഉറക്കത്തിൽ ഞാൻ ഭൂമിയിൽനിന്നും മാറ്റപ്പെട്ടാൽ നിന്റെ സന്നിധിയിൽ ഞാൻ കാണപ്പെടണം; നീതിയിൽ ഞാൻ നിന്റെ മുഖം കാണും. നീതിയിൽ ഞാൻ ഉണരും. സ്തോത്രം!

*"When I awake in Heaven, I would be fully satisfied seeing that we are one in mind."* *Psalms 17 :15*

ഇവിടെ ഉറക്കത്തിൽ മരിച്ച് സ്വർഗ്ഗത്തിൽ ചെന്നുണരുമ്പോൾ ഞാൻ സംതൃപ്തനായിരിക്കും, നാം തമ്മിൽ ഐക്യത്തിലായി എന്നുള്ളതിൽ. ഈ ലോകത്തെ ജീവിതം കഴിഞ്ഞ് അപ്പുറത്തേയ്ക്ക് ഇഷ്ടക്കേടൊന്നുമില്ല, ഐക്യക്കുറവൊന്നുമില്ല. നിരപ്പാണ് എന്നുള്ളതിൽ ഞാൻ പൂർണ്ണ തൃപ്തനായിരിക്കും.

*"ഞാനോ, നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും."* *സങ്കീർത്തനം 17 : 15*

ഞാൻ നീതീകരിക്കപ്പെട്ടവനായി നിന്റെ മുഖത്തെ കാണും. ഞാൻ സ്വർഗ്ഗത്തിൽചെന്ന് ഉണരും. അപ്പോൾ ഞാൻ നിന്നെ മുഖാമുഖം കണ്ട് തൃപ്തനാകും.

ഇപ്പോൾ നിങ്ങളുടെ ഹൃദയം കർത്താവിൽ സമർപ്പിക്ക. ജീവിതം കർത്താവിനെ ഏൽപ്പിക്കുക. കർത്താവിനോട് ഒരു വാക്കു പറയുക. ഈ ഭൂമിയിൽനിന്നും ഞാൻ കടന്നുപോകുമ്പോൾ എല്ലാം തികച്ചുകടന്നുപോകുവാൻ എനിക്ക് ഭാഗ്യം തരണമേ. ആത്മാവിൽ യഥാർത്ഥമായ വിശുദ്ധി അനുഭവിച്ചുകൊണ്ട് കടന്നുപോകാൻ എനിക്ക് ഇടവരണമേ. ഒരു പരിപൂർണ്ണവിശുദ്ധനായി കടന്നുപോകാൻ എനിക്ക് ഇടയാകണമേ. എല്ലാം മാറിമറയുമ്പോൾ നാഥാ, നീ എന്റെകൂടെ നിൽക്ക

ണമേ.

ജീവിതം കർത്താവിന് സമർപ്പിക്കൂ. നിങ്ങളുടെ ജീവിതത്തിൽ വന്നുപോയ സകലപാപങ്ങളും സകല അകൃത്യങ്ങളും തിരുരക്തത്താൽ കർത്താവ് കഴുകിത്തരും. ഒറ്റയ്ക്കൊരു കാര്യം മാത്രം, നാഥാ! ഇന്നുമുതൽ ഞാൻ എന്റേതല്ല, നിന്റെ വക.

ഇത്രയും കാലം പിശാച് അവകാശം പറഞ്ഞ ഒരു ജീവിതം, ഓരോ അവയവത്തിലും സാത്താൻ കടിച്ചുതൂങ്ങി പിടിവിടാതെ നിൽക്കുന്ന ജീവിതം, തിന്മകൾ പറ്റിയ അവയവങ്ങളുള്ള ഒരു ജീവിതം, ഇന്നിതാ നിന്റെ കൈയിലേക്ക് ഞാൻ കൈമാറുന്നു. യേശുവേ, എനിക്കുവേണ്ടി ആണിയടിച്ച് തകർന്ന കരങ്ങളിലേക്ക്, ഈ നിസ്സാരമായ ജീവിതം ഞാനിതാ കൈമാറുന്നു. എന്റെ ഭാവി ഞാനിതാ ഏൽപ്പിച്ചു തരുന്നു.

കർത്താവേ, എനിക്കു നീ മോചനം തരണമേ. എനിക്കു നീ സത്യമാനസാന്തരം തരണമേ. എന്റെ ഉള്ളത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ ഹൃദയത്തിൽ വാഴണമേ. ഇന്നുമുതൽ നാഥാ, ഞാൻ നിന്റെ മാത്രം വകയായിരിക്കും.

ഇതാ, ആണിപ്പാടുള്ള കരം നീട്ടികൊണ്ട് ഓരോരുത്തരുടേയും അരികിലേക്ക് യേശു വരുന്നു. യേശുക്രിസ്തു നിങ്ങളുടെ അരികിലേക്ക് വരുമ്പോൾ മടിക്കാതെ കൊടുക്കൂ. ഭാവി വിട്ടുകൊടുക്കൂ. യേശു നിങ്ങളെ വളർത്തും. യേശു നിങ്ങളെ ഉയർത്തും, യേശു നിങ്ങളെ കാത്തുകൊള്ളും, യേശു നിങ്ങളെ പരിപാലിക്കും, യേശു നിങ്ങളെ പരിരക്ഷിക്കും, യേശു നിങ്ങളെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കിത്തീർക്കും.

## പതിമൂന്ന്

*"നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും."*

*ദാനിയേൽ 12 : 13*

നിത്യനായ ദൈവം തന്റെ ദാസനായ ദാനിയേലിനോടു പറയുകയാണ്. "As for you, you go your way, till the end. You will rest and then at the end of the days, you will rise to receive your allotted inheritance. (New International version)

മകനേ, നീ നിന്റെ വേല തികച്ചു, നിന്റെ വേല പൂർത്തീകരിച്ചു. നിന്നെ ഏൽപ്പിച്ച വേല നീ പൂർത്തീകരിച്ച് സന്തോഷത്തോടെ പിരിഞ്ഞുപോകാം. വിശ്രമിക്കാൻ പോകാം. നിന്റെ ശുശ്രൂഷ തീർന്നല്ലോ. നിനക്ക് ഇനി സന്തോഷത്തോടെ വിശ്രമിക്കാം. നീയോ അവസാനം വരുവോളം പൊയ്ക്കൊൾക. നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി നേടാൻ എഴുന്നേറ്റു വരും.

നിനക്ക് വേണ്ടി കരുതിയിരിക്കുന്ന ഒരു ഓഹരിയുണ്ട്. അത് പ്രാപിപ്പാൻ നീ ഒരു ദിവസം എഴുന്നേറ്റുവരും. നീയും വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി വാങ്ങാൻ എഴുന്നേറ്റുവരും. ദാനിയേൽ നല്ലപോലെ അദ്ധ്വാനിച്ചു. കിട്ടിയ അവസരങ്ങളൊന്നും പാഴാക്കിയില്ല. യൗവ്വനത്തിന്റെ ആരംഭം മുതൽ ദൈവത്തെ ഭയപ്പെട്ട് ദൈവത്തിന് മഹത്വം കരേറ്റിക്കൊണ്ട് ജീവിച്ചു.

ദാനിയേലിന്റെ ജീവിതം അനുഗൃഹീതമായിരുന്നു.

പ്രവാചകൻ ഏറ്റവും ഉത്തമമായ ജീവിതം നയിച്ചു. പ്രവചനങ്ങൾ, വരുംകാലത്തേക്കുള്ള കാര്യങ്ങൾ മുൻകൂട്ടി പറഞ്ഞു. ദൈവം കൊടുത്തതെല്ലാം ദാനിയേൽ എഴുതിവെച്ചു. എത്ര ക്ലേശം നിറഞ്ഞ ജീവിതമായിരുന്നു! എന്തുമാത്രം ശത്രുത്വം ഉണ്ടായിരുന്നു! എന്തുമാത്രം എതിർപ്പുകൾ നേരിടേണ്ടിവന്നു! ഈ ഭൂമിയിൽ ദാനിയേൽ അനുഭവിച്ച യാതനകൾ നിസ്സാരമല്ല.

സിംഹക്കുഴിയിലേക്ക് ദാനിയേലിനെ തള്ളിയിട്ടു. സിംഹങ്ങൾ കടിച്ചു ചീന്തുമായിരുന്നു. പക്ഷേ, ദൈവത്തിന്റെ ദൂതന്മാർ വന്ന് സിംഹത്തിന്റെ വായ് അടച്ചതുകൊണ്ട് ദാനിയേൽ രക്ഷപ്പെട്ടു. ദാനിയേലിന് നാട്ടിലെ മറ്റു പ്രസിഡന്റുമാരെല്ലാം എതിരായിരുന്നു. ബാബിലോണിയൻ സാമ്രാജ്യത്തിലും, പേർഷ്യൻ സാമ്രാജ്യത്തിലും ദാനീയേലിന് ശത്രുക്കൾ ധാരാളമുണ്ടായിരുന്നു.

പേർഷ്യൻ സാമ്രാജ്യത്തിന്റെ അധിപതിയായിരുന്ന ദാര്യാവേശ് ചക്രവർത്തിയുടെ കാലത്ത് ശത്രുക്കൾ ദാനിയേലിനെ കൊല്ലാൻ പരിപാടിയിട്ടു. സിംഹക്കുഴിയിലിട്ടു. ഒട്ടേറെ പ്രതിസന്ധികൾ നേരിട്ടു. എല്ലാം കഴിഞ്ഞു. അവസാനം നിത്യനായ ദൈവം പറയുന്നു: മകനേ, ഇനി നിനക്ക് വിശ്രമിക്കാം, നീ നിന്റെ വേല തികച്ചു. ദാനിയേലേ, നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും; നീ ഉയിർത്തെഴുന്നേൽക്കും. ഈ വിശ്രമം കഴിഞ്ഞ് നീ ഒരു ദിവസം ഉയിർത്തെഴുന്നേറ്റ് വരും.

പ്രിയപ്പെട്ടവരേ, അതാണ് നമ്മുടെ പ്രത്യാശ. അതാണ് നമ്മുടെ ബലം. ഒരു ദിവസം ഞാൻ ഉയിർത്തെഴുന്നേൽക്കും. ഞാൻ എന്റെ നാഥന്റെ ശബ്ദം കേട്ടുണരും. നിത്യതയിൽ വിശ്രമിക്കുന്ന ഞാൻ, എന്റെ നാഥന്റെ ഗംഭീരനാദം കേൾക്കും. പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദം കേൾക്കും. ദൈവത്തിന്റെ കാഹളവും കേൾക്കും.

ഒരു ദിവസം ഇതെല്ലാം കേട്ടുകൊണ്ട് ഞാനുണരും. ഞാൻ പറന്നുയരും. ഈയലുകൾ മണ്ണിൽനിന്നും മേലോട്ട് പറ

ന്നുയരുന്നതുപോലെ അനേകമനേകം വിശുദ്ധന്മാർ പറന്നുയരുന്ന കൂട്ടത്തിൽ ഞാനും കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റ് പറക്കും. അതാണ് പ്രത്യാശ.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതം നിസ്സാരമല്ല, വിലപ്പെട്ടതാണ്. ഈ ലോകജീവിതത്തിൽ തീർച്ചയായും പ്രശ്നമുണ്ട്, പ്രയാസമുണ്ട്, വേദനയുണ്ട്, യാതനയുണ്ട്, രോഗങ്ങളുണ്ട്, കഷ്ടപ്പാടുണ്ട്, ഞരക്കങ്ങളുണ്ട്, എതിർപ്പുകളുണ്ട്. പക്ഷേ, നാം ഒരുദിവസം ഉയിർത്തെഴുന്നേൽക്കും. നീതിയിൽ നിന്റെ മുഖത്തെ ഞാൻ കാണും. ഉയിർത്തെഴുന്നേറ്റു വരുമ്പോൾ ഞാൻ പൂർണ്ണമായി സന്തോഷിക്കും. അന്ന് എനിക്ക് ഓഹരി കിട്ടും.

നിന്നെ സംബന്ധിച്ചിടത്തോളം നിനക്ക് തന്നിരിക്കുന്ന വഴിയിൽക്കൂടി നീ അന്ത്യത്തോളം പൊയ്ക്കൊൾക. “you will rest and then at the end of the days, you will rise to receive your allotted inheritance.” നിന്റെ സ്വത്തിന്റെ share പ്രാപിക്കാനായി നിനക്ക് എഴുന്നേറ്റ് വരാം. അപ്പന്റെ സ്വത്തിന്റെ ഓഹരി നിനക്ക് കിട്ടും. ഏതാണീ സ്വത്ത്? നമുക്കാർക്കും അറിഞ്ഞുകൂടാ. കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ നിരൂപിച്ചിട്ടുമില്ല. ഒരു വലിയ സ്വത്ത്. ചെല്ലുമ്പോഴറിയാം. പിതാക്കന്മാർ പാടി:

“ഉന്നതരാജ്യമതും
ശാശ്വതജീവിതവും
നിർമ്മലരാർജ്ജിക്കും
സത്തമമശിഹാഭക്തന്മാ-
രർഹിക്കുന്ന മഹാഭാഗ്യം
ജഡനേത്രം ദർശിക്കുകയോ
ശ്രവണം കേൾക്കുകയോ ഹൃദയം
തേറുകയോ ചെയ്തിട്ടില്ലേതും.”

ഉന്നതമായ രാജ്യമാണത്. ശാശ്വതമായ ജീവിതമാണത്. നിർമ്മലന്മാർ മാത്രമേ അത് ആർജ്ജിക്കുകയുള്ളൂ. പരിശുദ്ധ

ന്മാർക്ക് മാത്രമേ അത് ലഭിക്കുകയുള്ളൂ. വിശുദ്ധന്മാരായ മിശിഹാഭക്തന്മാർക്ക് മാത്രമേ അതിന് അർഹതയുള്ളൂ. ആ മഹാഭാഗ്യം കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ നിരൂപിച്ചിട്ടുപോലുമില്ല. ആർക്കും ഊഹിക്കാൻ പറ്റാത്ത മഹാഭാഗ്യം!

ഇവിടെ യാതനയേറ്റും കഷ്ടതയേറ്റും തെറ്റിദ്ധാരണയുടെ മുള്ളുകളേറ്റും ആക്രമണങ്ങളേറ്റും വലഞ്ഞുകഴിയുന്ന പാവപ്പെട്ടവൻ, യേശുക്രിസ്തുവിനെ നാഥനും കർത്താവുമായി സ്വീകരിച്ച് കർത്താവിന്റെ തിരുരക്തത്താലുള്ള കഴുകൽ പ്രാപിച്ച് ഈ ഭൂമിയിൽ നിന്നും വിശുദ്ധനായിട്ടാണ് കടന്നുപോകുന്നത് എങ്കിൽ, അവിടെ ചെല്ലുമ്പോൾ ഒരു ഓഹരിയുണ്ട്. ഒരു ദിവസം ആ ഓഹരി നിന്റെ കൈയിലേക്ക് വാങ്ങാനായി നീ ഉയിർത്തെഴുന്നേറ്റു വരും.

അതുകൊണ്ടാണ് പിതാക്കന്മാർ പാടിയത്:

“മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻമുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പ്പാനായ് പോയീടുന്നു.”

മരിച്ചവരെ ഉയിർപ്പിക്കുന്നവനായ കർത്താവായ യേശുക്രിസ്തു! ആകാശമേഘങ്ങളുടെ ശോഭയിന്മേൽ അവിടുന്ന് ആഘോഷത്തോടെ, ആരവാരത്തോടെ, സ്വർഗ്ഗീയ സേനകളുടെ അകമ്പടിയോടുകൂടി എഴുന്നള്ളി വരും. അന്ന് നയവാന്മാർ, വിശുദ്ധന്മാർ മാത്രം തന്റെ വരവിന് മുമ്പുള്ള കാഹളനാദം കേട്ടിട്ട് നീതിയിൻ വസ്ത്രമാകുന്ന അങ്കിയണിഞ്ഞ് കർത്താവിനെ എതിരേൽപ്പാനായി പോകും.

കർത്താവിനെ എതിരേൽപ്പാനായി അനേകമനേകം വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. നാമും ഉയിർത്തെഴുന്നേൽക്കും; ഉയിർത്തെഴുന്നേൽക്കണം. ഞാൻ ഒരു നീതിമാനാണെങ്കിൽ, ഒരു വിശുദ്ധനാണെങ്കിൽ മാത്രമേ ഉയിർത്തെഴു

ന്നേൽക്കാൻ പറ്റുകയുള്ളൂ.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യ വാനും വിശുദ്ധനുമാകുന്നു. പുനരുത്ഥാനം രണ്ടുണ്ട്. ഒന്നാമത്തെ പുനരുത്ഥാനവും രണ്ടാമത്തെ പുനരുത്ഥാനവും. ഒന്നാമത്തെ പുനരുത്ഥാനം എന്നുപറയുന്നത് വിശുദ്ധന്മാരുടെ പുന രുത്ഥാനമാണ്. മാനസാന്തരപ്പെടാത്തവരായി, കർത്താവായ യേശുക്രിസ്തുവിനെ സ്വീകരിക്കാത്തവരായി, ജീവിതത്തിൽ മാറ്റംവരാത്തവരായി മരിച്ചവർ കല്ലറകളിൽ തന്നെ കിടക്കും. ആ കല്ലറകൾ തുറക്കുകയില്ല.

> *"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല; അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും."* *വെളിപ്പാട് 20 : 6*

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ വിശുദ്ധനും ഭാഗ്യവാനുമാകുന്നു. ഒരു വിശുദ്ധനാണെങ്കിൽ മാത്രമേ അതിൽ പങ്കുകിട്ടുകയുള്ളൂ. നിങ്ങൾ വിശുദ്ധരായോ? അല്ല, വിശുദ്ധനാകാനുള്ള പരിപാടിയുണ്ടോ? ജീവിതം കർത്താവിന് സമർപ്പിച്ചിട്ടുണ്ടോ? അശുദ്ധി കഴുകിക്കളഞ്ഞിട്ടുണ്ടോ? കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചിട്ടുണ്ടോ? യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകൽ പ്രാപിച്ചിട്ടുണ്ടോ?

നിങ്ങളുടെ ജീവിതത്തിൽ കളങ്കമുണ്ടോ? ആരോടെങ്കിലും നീരസമോ കയ്പ്പോ ഉണ്ടോ? വാശിയോ വഴക്കോ പിണക്കമോ ഉണ്ടോ? ഏതെങ്കിലും കാര്യത്തിൽ അസഹിഷ്ണുതയുണ്ടോ? ദുശ്ശാഠ്യമുണ്ടോ? എന്റെ അഭിപ്രായം നടക്കണം, ഞാൻ പറഞ്ഞതേ നടക്കാവൂ എന്നുള്ള കടുംപിടുത്തങ്ങളുണ്ടോ? ഹൃദയത്തിൽ അഹങ്കാരമുണ്ടോ?

നിങ്ങൾ ഭാര്യയുമായിട്ട് ഐക്യത്തിലാണോ? പാവം ഭാര്യയെ നിങ്ങൾ ഉപദ്രവിക്കാറുണ്ടോ? ആ സാധുസ്ത്രീയുടെ മനസ്സിനെ ദണ്ഡിപ്പിക്കാറുണ്ടോ? മുറിപ്പെടുത്താറുണ്ടോ? നിങ്ങളുടെ ജീവിതം വിശുദ്ധമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ഇന്നും മദ്യത്തിന്റെ അടിമയല്ലേ നിങ്ങൾ? കഞ്ചാവിന്റെ അടിമകളുണ്ട്. മയക്കുമരുന്നിന്റെ അടിമകളായവരുണ്ട്. ഇന്ന് സുബോധമില്ലാത്തവരെപ്പോലെ വെറിക്കൂത്തിൽ മുഴുകിക്കിടക്കുന്ന ചെറുപ്പക്കാരുണ്ട്. അശുദ്ധചിത്രം കണ്ട് രസിക്കുന്നവരുണ്ട്. മ്ലേച്ഛതയിൽ രസിക്കുന്ന ആളുകളുണ്ട്. ഇതെല്ലാം വെച്ചുകൊണ്ട് ദൈവരാജ്യത്തിൽ പോകാൻ സാദ്ധ്യമല്ല.

വിശുദ്ധന്മാർമാത്രം ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരാകും. ഒരശുദ്ധനും അവിടെ കടന്നുവരികയില്ല. ഇതെല്ലാംഅറിഞ്ഞിട്ടും പിന്നെയും നാം മനഃപൂർവ്വം പാപത്തിലേക്ക് പോയാൽ എന്താണ് സ്ഥിതി!

> *"സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായോരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ."*
>
> *എബ്രായർ 10 : 26, 27*

ജീവനുള്ള ദൈവത്തിന്റെ കൈകളിൽ വീഴുന്നത് ഭയങ്കരം! ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. കാരുണ്യവാനായ ദൈവം ഇന്ന് കൃപയുടെ വാതിൽ തുറന്നിട്ടുകൊണ്ട് നമ്മെ വിളിക്കുന്നു. ഇന്നു നമുക്ക് കൃപയുടെ പെട്ടകത്തിനകത്ത് പ്രവേശിക്കാം. ഇത് ഭാഗ്യസമയങ്ങളാണ്; അനുഗൃഹീതനിമിഷങ്ങളാണ്; സ്വർഗ്ഗം തുറന്നിരിക്കുന്ന സമയങ്ങളാണ്. യേശുക്രിസ്തുവിന്റെ ജീവന്റെ വചനം നമ്മെ ഉണർത്തുന്ന സമയമാണ്.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുകിട്ടാൻ എന്തു വേണം? കർത്താവിന്റെ ശരണത്തിൽ നിദ്ര പ്രാപിക്കണം.

കർത്താവിന്റെ കൃപയിൽ ശരണപ്പെട്ട് ജീവിക്കണം. അങ്ങനെയുള്ളവരാണ് ഒന്നാമത്തെ പുനരുത്ഥാനത്തിൽ കബറിൽ നിന്നും എഴുന്നേൽക്കുന്നത്.

ഇന്ന് നാം പ്രാർത്ഥിക്കുന്നുണ്ട്, നമസ്കാരങ്ങൾ ഉരുവിടുന്നുണ്ട്, ഗീതങ്ങൾ പാടുന്നുണ്ട്, വിശുദ്ധാരാധനയിൽ പങ്കെടുക്കുന്നുണ്ട്, കൂദാശകളിൽ പങ്കെടുക്കുന്നുണ്ട്. ആത്മീയജീവിതം നയിക്കുന്നു എന്ന ധാരണയുണ്ട്. നല്ലത്. എന്നാൽ സ്നേഹിതരേ, നിങ്ങളുടെ ഹൃദയം വിശുദ്ധമായോ? കർത്താവ് തന്റെ ആദ്യത്തെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് പറയുന്നു: "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും." ഹൃദയം ശുദ്ധമായോ?

ഞാൻ സന്തോഷത്തോടെ പറയട്ടെ: ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വരുന്ന അനേകം പേർ ഭാഗ്യവശാൽ വിശുദ്ധീകരണം അനുഭവിയ്ക്കാൻ കൊതിക്കുന്നവരുണ്ട്. വിശുദ്ധീകരണം പ്രാപിക്കാൻ തീരുമാനമെടുത്തവരുണ്ട്. വിശുദ്ധീകരണം അനുഭവിക്കുന്നവരുണ്ട്. ആരും തികഞ്ഞവരായില്ല. വിശുദ്ധീകരണം എന്നത് മരണത്തോളമുള്ള ഒരു പ്രക്രിയയാണ്. ഓരോ ദിവസം കഴിയുന്തോറും നാം ശുദ്ധീകരണം പ്രാപിച്ച് മുന്നോട്ടുപോകുന്നു.

എന്നാൽ ശുദ്ധീകരണത്തിന്റെ പാതയിലാണ് നാം നിൽക്കുന്നത് എന്ന് ഉറപ്പുണ്ടോ? നമുക്കറിയാവുന്ന പാപമെല്ലാം മാറ്റിയോ? കർത്താവിനെ ദുഃഖിപ്പിക്കുന്നു എന്നറിയാവുന്നതെല്ലാം ജീവിതത്തിൽനിന്നും മാറ്റിയോ? എങ്കിൽ ഭാഗ്യം! കർത്താവ് കൂടുതൽ കൂടുതൽ ആഴത്തിലേക്ക് നിങ്ങളെ നയിച്ചുകൊള്ളും.

ഒരു ദേശത്ത് ഒരു അനുഗ്രഹിക്കപ്പെട്ട കൂട്ടായ്മയുണ്ടെങ്കിൽ നല്ലതാണ്. ഞങ്ങളുടെ വലമ്പൂർ സെന്റ് മേരീസ് പള്ളിയിൽ ഒരു കൂട്ടായ്മയുണ്ടായിരുന്നു. അതുകൊണ്ട് എനിക്ക് വചനം കേൾക്കാനിടയായി. കൂട്ടായ്മയിൽ വചനം കേൾക്കാനിടയായതുകൊണ്ട് ഞാൻ മാനസാന്തരപ്പെടാൻ ഇടയായി.

മാനസാന്തരപ്പെട്ടപ്പോഴാണ് ആത്മീയമായി ഇനിയും മുന്നോട്ട് പോകണമെന്ന് മനസ്സിലായത്. ഇനിയും എത്രയോ ശുദ്ധീകരണം പ്രാപിക്കണമെന്ന് മനസ്സിലായി. ശുദ്ധീകരണം പ്രാപിക്കേണ്ടതിന്റെ ആവശ്യം എനിക്ക് മനസ്സിലായി. അതുകൊണ്ട് രൂപാന്തരപ്പെട്ടു കഴിഞ്ഞുവോ? ഇത് പറയുമ്പോഴും ഞാൻ വ്യക്തമായി അറിയുന്നു, ഇനിയും ഏറെയേറെ രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു.

എന്റെ സഹോദരങ്ങളേ, നിങ്ങളുടെ ജീവിതത്തിൽ രൂപാന്തരത്തിന് നിങ്ങൾക്കാഗ്രഹമുണ്ടോ? ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല. ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ. ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രേ വിളിച്ചത്.

ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ നിങ്ങൾക്ക് പറയാം: കർത്താവേ, എന്റെ ആയുസ്സിന്റെ വിലപ്പെട്ട പലതും കഴിഞ്ഞുപോയി. നല്ലൊരുഭാഗം പാഴാക്കിക്കളഞ്ഞു. എന്തെല്ലാമോ വികല ചിന്തകൾക്കടിമയായി ഞാൻ ജീവിച്ചുപോയി. വികൃതമായ ആഗ്രഹങ്ങൾ, മ്ലേച്ഛമായ ചിന്തകൾ, പലതിനും അടിമപ്പെട്ട്, പിശാചിനിടം കൊടുത്ത് ഞാൻ ജീവിച്ചുപോയി. കർത്താവേ, കാലങ്ങൾ നഷ്ടപ്പെട്ടതോർത്ത് ഞാൻ ദു:ഖിക്കുന്നു. ഇന്ന് ഈ ക്രൂശിന്റെ വചനം കേട്ട് എന്നെത്തന്നെ നിന്റെ തിരുമുമ്പാകെ ഞാൻ സമർപ്പിക്കുന്നു.

കർത്താവേ, ക്രൂശിൽ വെളിപ്പെടുത്തിയ ആ നിസ്തുല സ്നേഹം, ഗോഗുൽത്തായിലെ നിസ്തുല സ്നേഹം കണ്ടുകൊണ്ട്, വിശ്വസിച്ചുകൊണ്ട് ഇതാ, എന്നെ ഞാൻ ആ ക്രൂശിന്റെ ചുവട്ടിൽ അർപ്പണം ചെയ്യുന്നു. എന്റെ ജീവിതം ഞാൻ വ്യവസ്ഥ കൂടാതെ സമർപ്പിക്കുന്നു. കർത്താവേ, ഞാൻ പാപിയായൊരു മനുഷ്യൻ. ഇനിയും ഏറെ രൂപാന്തരം പ്രാപിക്കേണ്ട മനുഷ്യൻ. എങ്കിലും നീ എന്നെ സ്നേഹിക്കുന്നു. നീ എന്നെ ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു.

കർത്താവേ, എന്നെ നിന്റെ കരങ്ങളിലേക്ക് തരികയാണ്.

ഞാൻ സഭ മാറുന്നില്ല, സമുദായം മാറുന്നില്ല. പക്ഷേ, എന്റെ ഹൃദയം മാറ്റുന്ന ക്രിസ്തുവിനോട്, എന്നെത്തന്നെ ഏൽപ്പിച്ചു കൊണ്ട് പറയുന്നു: നീ എന്നെ രൂപാന്തരപ്പെടുത്തണമേ. കർത്താവേ, ഈ ലോകത്ത് സഭയും സമുദായവും മാറാതെ യേശുക്രിസ്തുവിനെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്ന മഹാസൗഭാഗ്യത്തിലേക്ക് ആർക്കും വരാമെന്നതിന് തെളിവായി നീയെന്നെ ഈ ഭൂമിയിൽ നിർത്തണമേ.

നാഥാ! നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. എന്നെ അശുദ്ധിയിൽ നിന്നും വീണ്ടെടുക്കണമേ. അശുദ്ധ പിശാചുക്കളുടെ പിടിയിൽനിന്നും എനിക്ക് മോചനം തരണമേ. എന്നെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കിത്തീർക്കണമേ. പ്രതിഫലം തരാൻ നീ വരുമ്പോൾ നിന്റെ സന്നിധിയിലേക്ക് പറന്നുയരാൻ എന്നെ യോഗ്യനാക്കിത്തീർക്കണമേ.

നമുക്ക് പ്രാർത്ഥിക്കാം:

കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ നല്ല സമയത്തിനായി നന്ദിയോടെ സ്തോത്രം. നിന്റെ മക്കളോട് വളരെ ഹൃദ്യമായി സംസാരിച്ചതിനാൽ സ്തോത്രം. അപ്പാ, നിന്റെ വചനം ഞങ്ങൾക്ക് തേനിലും തേൻകട്ടയിലും മധുരമാകയാൽ സ്തോത്രം. എല്ലാവരെയും അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുക്കണമേ. വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുന്ന കൂട്ടത്തിൽ, ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരാകുവാൻ എല്ലാവരേയും യോഗ്യരാക്കിത്തീർക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുവിൻനാമത്തിൽ തന്നേ, ആമ്മേൻ.

# പതിനാല്

*"ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു" യോഹന്നാൻ 5 : 28, 29*

*"നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും."*

*ദാനിയേൽ 12 : 2*

ഒരു ഉയിർത്തെഴുന്നേൽപ്പുണ്ടാകും. ഉയിർത്തെഴുന്നേൽപ്പ് രണ്ട് ഘട്ടങ്ങളാണ്.

1. ഒന്നാമത്തെ പുനരുത്ഥാനം.
2. രണ്ടാമത്തെ പുനരുത്ഥാനം.

ഒന്നാമത്തെ പുനരുത്ഥാനം നീതിമാന്മാരുടെ, വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേൽപ്പാണ്; കർത്താവിന്റെ രണ്ടാമത്തെ വരവിൽ കാഹളധ്വനി കേട്ടുകൊണ്ടുള്ള ഉയിർത്തെഴുന്നേൽപ്പ്!

രണ്ടാമത്തെ പുനരുത്ഥാനം നീതീകരണം ലഭിക്കാത്തവർ, ക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുപ്പനുഭവിക്കാത്തവർ, രക്ഷിക്കപ്പെടാത്തവർ, മാനസാന്തരം കിട്ടാത്തവർ, വീണ്ടുംജനനം അനുഭവിക്കാത്തവർ, വേദപുസ്തകപ്രകാരം അവിശ്വാസികൾ, ദുഷ്ടന്മാർ ആയിരം വർഷം കഴിഞ്ഞ് ഉയിർത്തെഴുന്നേൽക്കുന്നതാണ്.

ഒന്നാമത്തെ പുനരുത്ഥാനം നിത്യജീവനുവേണ്ടിയുള്ള പുനരുത്ഥാനമാണ്. രണ്ടാമത്തെ പുനരുത്ഥാനം നിത്യലജ്ജക്കുള്ള പുനരുത്ഥാനമാണ്.

നീതിമാൻ നിത്യജീവനുവേണ്ടി ഉണരും. എന്നാൽ ആ സമയത്ത് രക്ഷിക്കപ്പെടാത്തവർ ആരും ഉയിർത്തെഴുന്നേൽക്കുകയില്ല. രക്ഷിക്കപ്പെടാത്തവർ ഉയിർത്തെഴുന്നേൽക്കുന്ന രണ്ടാമത്തെ പുനരുത്ഥാനത്തിൽ അവർക്ക് ലഭിക്കാൻ പോകുന്നത് നിത്യനിന്ദയാണ്, നിത്യലജ്ജയാണ്, നരകത്തീപ്പൊയ്കയാണ്. അതിനെക്കുറിച്ചാണ് കർത്താവ് തന്നെ പറഞ്ഞത്: "കല്ലറകളിലുള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു."എന്ന്.

*"ദുഷ്ടന്മാർ അങ്ങനെയല്ല; അവർ കാറ്റുപാറ്റുന്ന പതിർപോലെയത്രേ. ആകയാൽ ദുഷ്ടന്മാർ ന്യായവിസ്താരത്തിലും പാപികൾ നീതിമാന്മാരുടെ സഭയിലും നിവർന്നുനിൽക്കയില്ല. യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു; ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു."*

*സങ്കീർത്തനങ്ങൾ 1 : 4 – 6*

അത് മൂലഭാഷയിൽനിന്ന് നേരെ തർജ്ജമ ചെയ്താൽ നീതിമാന്മാർ ഉയിർത്തെഴുന്നേൽക്കുന്ന ഉയിർത്തെഴുന്നേൽപ്പിൽ പാപികൾ ഉയിർത്തെഴുന്നേൽക്കയില്ല എന്നാണ്.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ നമുക്ക് പങ്ക് ലഭിക്കണം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്ക് ലഭിക്കുക എന്നത് ഭാഗ്യകരമായ ഒരനുഭവമാണെന്ന് വെളിപ്പാട് പുസ്തകത്തിൽ പറയുന്നു.

*"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു."*

*വെളിപ്പാട് 20 : 6*

ഇന്ന് ഈ ഭൂമിയിൽ ജീവിക്കുന്ന നാമെല്ലാവരും മാറ്റപ്പെടും, സംശയമില്ല. നാം ഈ ഭൂമിയിൽനിന്നും മാറ്റപ്പെട്ട് നിലത്തിലെ പൊടിയിൽ നിദ്രകൊള്ളും. മണ്ണിൽനിന്നും വന്ന മനുഷ്യൻ മണ്ണായിത്തീരും. നമ്മുടെ ശരീരത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്ന ആത്മാവ് നിത്യതയിലേക്ക് പറക്കും. എന്നാൽ കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ ഈ ശരീരം എവിടെയെല്ലാം, എങ്ങനെയെല്ലാം കത്തിപ്പൊടിഞ്ഞ് പോയാലും വീണ്ടും പുനരുത്ഥാനശരീരമായി ഉയിർത്തെഴുന്നേൽക്കും.

ആ ശരീരത്തിന് വേണമെങ്കിൽ യാത്ര ചെയ്യാം; ഒരു നിമിഷംകൊണ്ട് എത്ര ദൂരം വേണമെങ്കിലും സഞ്ചരിക്കാം. ഡൽഹിയിൽ പോയിട്ടുള്ളവർക്ക് അവിടത്തെ ഓഫീസിലോ വീട്ടിലോ മനസ്സുകൊണ്ട് പോകാം. അതിന് സമയം വേണ്ട. ഇംഗ്ലണ്ടിലോ വേറെ ഏതു ദേശത്തോ മനസ്സുകൊണ്ട് പോകാം. അതിന് സ്ഥലകാലപരിമിതിയില്ല. എത്ര സമയം വേണമെന്നില്ല, ഇന്ന സ്ഥലത്താകണമെന്നില്ല. മനസ്സുകൊണ്ട് എവിടെ വേണമെങ്കിലും യാത്ര ചെയ്യാം.

അതുപോലെ പുനരുത്ഥാനശരീരവും എത്ര ദൂരെ വേണമെങ്കിലും സഞ്ചരിക്കാം. വാതിലടച്ചിരിക്കുമ്പോഴും അകത്ത് പ്രവേശിക്കാം. പുനരുത്ഥാനശരീരത്തിന് വേണമെങ്കിൽ ഭക്ഷണം കഴിക്കാം, ഭക്ഷണം കഴിക്കാതിരിക്കയും ചെയ്യാം. ഉയിർത്തെഴുന്നേറ്റതിന് ശേഷം കർത്താവ് ശിഷ്യന്മാരുടെ കൈയിൽനിന്ന് തേൻകട്ട വാങ്ങിക്കഴിച്ചു എന്ന് നാം വായിക്കുന്നു.

നാം ഓരോരുത്തരും ഈ ഭൂമിയിൽ ജീവിച്ച് ഒരു കാലയളവ് കഴിയുമ്പോൾ മരിച്ചുപോകും, വാങ്ങിപ്പോകും. എന്നാൽ ശരീരത്തിൽനിന്നും വിട്ടുപോകുന്ന ആത്മാവ് നിത്യതയിലേക്ക് പറക്കും. ഒരു കൂട്ടിൽ കിടക്കുന്ന കിളി കൂടുതുറന്ന് ദൂരെ ദൂരെ ആകാശത്തിന്റെ നീലിമയിലേക്ക് പറന്നുപറന്നകലുന്നതുപോലെ നമ്മുടെ ശരീരത്തിൽനിന്നും വിട്ടുപോയ ആത്മാവ് അങ്ങ് അനന്തതയിലേക്ക് പറക്കും. ആ ആത്മാവ് ഒരുനാൾ

വീണ്ടും ഉയിർത്തെഴുന്നേറ്റ് ജീവിക്കും.

ഇത് വലിയോരു പ്രത്യാശയാണ്. നമ്മുടെ വാങ്ങിപ്പോയ വരെ നമുക്ക് കാണാൻ സാധിക്കും. നമുക്ക് തിരിച്ചറിയാൻ പറ്റും. പരിചയമുള്ളവരെ മാത്രമല്ല, പരിചയമില്ലാത്തവരെയും കാണാൻ പറ്റുന്ന അവസരം. വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേൽപ്പ് ഭാഗ്യകരമായ ഒരു അനുഭവമാണ്.

നാം വാസ്തവമായും ആഗ്രഹിക്കണം: എന്റെ ഭൂമിയിലെ ആയുസ്സ് എത്രയായാലും അതുകഴിഞ്ഞ് ഒരുനാൾ എനിക്ക് ഉയിർത്തെഴുന്നേൽക്കണം. ദൈവത്തിന്റെ ഗംഭീരനാദം എനിക്ക് കേൾക്കണം; പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദം കേൾക്കണം; കർത്താവിന്റെ കാഹളധ്വനി കേൾക്കണം.

കർത്താവിന്റെ രണ്ടാമത്തെ വരവിൽ മൂന്ന് കാര്യങ്ങൾ നടക്കും.

> *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും."*
>
> *1 തെസ്സലൊനീക്യർ 4 : 16, 17*

എല്ലാവരും അല്ല, ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കും. വിശുദ്ധന്മാർ, ക്രിസ്തുവിലുള്ളവർ – Those who belong to Christ-മുമ്പെ ഉയിർത്തെഴുന്നേൽക്കും. ക്രിസ്തുവിൽ ജീവിക്കുന്നവരാണ് ക്രിസ്തുവിൽ മരിക്കുന്നത്. ക്രിസ്തുവിൽ മരിക്കുന്നവരാണ് ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കുന്നത്.

*“എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു. മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തന്നും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം; അന്ന് അവൻ എല്ലാവാഴ്ചയ്ക്കും അധികാരത്തിന്നും ശക്തിക്കും നീക്കം വരുത്തീട്ട് രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും.” 1 കൊരിന്ത്യർ 15 : 20 – 24*

ആദ്യഫലം ക്രിസ്തു; ഉയിർത്തെഴുന്നേല്ക്കുന്നതിൽ ആദ്യഫലമായി ക്രിസ്തു ഉയിർത്തെഴുന്നേറ്റു. പിന്നെ ക്രിസ്തുവിന്നുള്ളർ അവന്റെ രണ്ടാമത്തെ വരവിങ്കൽ. ഇത് ഒന്നാമത്തെ പുനരുത്ഥാനം!

ഞാൻ ക്രിസ്തുവിലാകണം – In Christ. ഞാൻ ക്രിസ്തുവിനാകണം – I must be belonging to Christ - ക്രിസ്തുവിന്റെ അവകാശത്തിലായിത്തീരണം.

നാം ഇന്ന് യേശുക്രിസ്തുവിന് പൂർണ്ണ അവകാശം വിട്ടുകൊടുത്തിട്ടുണ്ടോ? നമ്മുടെ ജീവിതത്തിന്റെ ഓരോ ചലനവും ഓരോ വാക്കും ക്രിസ്തു പ്രസാദിക്കുന്നതാണോ? ദയവായി ചിന്തിക്കൂ.

നമ്മുടെ പ്രവൃത്തികൾ, പെരുമാറ്റങ്ങൾ, പണമിടപാടുകൾ, കൊടുക്കൽ വാങ്ങലുകൾ എല്ലാം ക്രിസ്തു പ്രസാദിക്കുമോ? ലോകം കണ്ടു എന്നുവരികയില്ല. മനുഷ്യർ പലരും അറിഞ്ഞു എന്നും വരികയില്ല. പക്ഷേ, രഹസ്യങ്ങൾ കാണുന്ന ഒരു ദൈവം ഉണ്ടല്ലോ. എല്ലാം നേരായി കാണുന്നവൻ, എല്ലാം ശരിയായി ധരിക്കുന്നവൻ. മനുഷ്യർ തെറ്റിദ്ധരിക്കും. പക്ഷേ, ദൈവത്തിനു തെറ്റിദ്ധാരണയില്ല. എല്ലാം ശരിയായി ഏറ്റക്കുറ

ച്ചിലില്ലാതെ, കൃത്യമായി കാണും.

രഹസ്യങ്ങൾ കാണുന്ന സർവ്വജ്ഞനായ ക്രിസ്തു ജീവിതത്തെ കാണുമ്പോൾ ക്രിസ്തുവിന്റെ അവകാശത്തിൽപെടാത്തതായി എന്തെങ്കിലും എന്റെ ജീവിതത്തിലുണ്ടോ? ഉണ്ടെങ്കിൽ അത് പിശാചിന്റെ അവകാശത്തിൽപെട്ടതാണ്.

ഇങ്ങനെ നാം നമ്മെത്തന്നെ ശോധനചെയ്യുമ്പോഴാണ് കുറ്റബോധവും പാപബോധവും ഉണ്ടാവുന്നത്. പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ നടക്കുന്ന പ്രവൃത്തി അതാണ്; പാപബോധവും കുറ്റബോധവും തകർച്ചയും തരുന്നു.

ഇപ്പോൾ ക്രിസ്തുവിലാണെങ്കിൽ നമുക്കൊരു ശിക്ഷാവിധിയുമില്ല.

*"അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല." റോമർ 8 : 1*

നമ്മുടെ ജീവിതം തുറന്നാണോ ഇരിക്കുന്നത്? ആരിൽ നിന്നെങ്കിലും നാം എന്തെങ്കിലും മറച്ചുവയ്ക്കുന്നുണ്ടോ? നമ്മുടെ ജീവിതത്തിലെ ഉള്ളറകൾ മറ്റാരിൽ നിന്നെങ്കിലും മറച്ചുവെക്കുന്നുണ്ടോ? മറ്റാരും കാണരുതാത്തതും കേൾക്കരുതാത്തതുമായി എന്തെങ്കിലും ജീവിതത്തിൽ ഇപ്പോഴുമുണ്ടോ? നമ്മുടെ വരുമാനത്തിൽ, നാം ചിലവഴിക്കുന്നതിൽ, നമ്മുടെ ദൈനംദിന ജീവിതത്തിൽ മറ്റാരും അറിയരുതാത്തതായി എന്തെങ്കിലുമുണ്ടാ?

നാം രഹസ്യമായി സൂക്ഷിക്കുന്ന എന്തെങ്കിലുമുണ്ടോ? എങ്കിൽ നാം ക്രിസ്തുവിലല്ല, ഒരു പുതിയ സൃഷ്ടിയായിട്ടില്ല. പഴയ മനുഷ്യൻ വ്യാജഭാവമുള്ളതാണ്. പഴയ മനുഷ്യൻ വക്രതയുള്ളവനാണ്. പഴയ മനുഷ്യൻ ജഡികമനുഷ്യനാണ്. ചില ആളുകൾ കാര്യങ്ങൾ വ്യക്തമാക്കിപ്പറയുകയില്ല, വളഞ്ഞേ പറയുകയുള്ളൂ.

ചിലരുടെ വാക്കുകൾ മാത്രമല്ല അവരുടെ ജീവിതമാകെ വ്യാജഭാവമാണ്. വ്യാജഭാവം, കാപട്യം, സൂത്രം, കൗശലം,

ഉപായം, തന്ത്രം, പ്രത്യേകിച്ച് കുതന്ത്രം, ഇതെല്ലാം ഉള്ള വനാണ് മനുഷ്യൻ. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് പറയുന്നത്:

> *“നീതിമാൻ ആരുമില്ല. ഒരുത്തൻപോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ടു അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ട്.”* *റോമർ 3 : 10 – 13*

എന്താണ് അവരുടെ തൊണ്ട തുറന്ന ശവക്കുഴി എന്നുപറയുന്നത്? അവർ വായ് തുറന്ന് സംസാരിച്ചാൽ ശവക്കുഴിയിൽനിന്നും വമിക്കുന്ന ദുർഗന്ധംപോലെയുള്ള വാക്കുകളാണ്. അശുദ്ധമായ വാക്കുകളാണ്; മ്ലേച്ഛമായ വാക്കുകളാണ്; അസഭ്യമായ, അശ്ലീലവാക്കുകളാണ്; മറ്റാരും കേൾക്കരുതാത്ത വാക്കുകളാണ്; ഹീനമായ മ്ലേച്ഛവാക്കുകളാണ്.

നമ്മുടെ വായിൽനിന്നുവരുന്ന വാക്കുകളിൽ തിന്മയുടെയും അശുദ്ധിയുടെയും ദുർഗന്ധം. നാവുകൊണ്ട് അവൻ ചതിക്കുന്നു. മനുഷ്യനെ അപകടത്തിലാക്കുന്ന, വിഷം വമിക്കുന്ന വാക്കുകൾ; ചിലരെ മുറിപ്പെടുത്തുന്ന വാക്കുകൾ; ചിലരെ കൊല്ലുന്ന വാക്കുകൾ; Character assassination– തേജോവധം – ചെയ്യുന്ന വാക്കുകൾ; മറ്റുള്ളവരെ ശപിക്കുന്ന, കുറ്റംപറയുന്ന വാക്കുകൾ; മറ്റുള്ളവർക്ക് ദോഷം നിരൂപിക്കുന്ന വാക്കുകൾ; മറ്റുള്ളവരെ തരം താഴ്ത്തുന്ന വാക്കുകൾ!

> *“അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു.”* *റോമർ 3 : 15*

മറ്റുള്ളവരെ ഉപദ്രവിക്കുന്ന പ്രവൃത്തികൾ! നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല. ഓരോ അവയവത്തിലും പാപം! ഇതെല്ലാം കേൾക്കുമ്പോൾ നിങ്ങൾ ചിന്തിക്കണം.

എന്റെ ജീവിതം എങ്ങനെ? ഇന്ന് കടന്നുപോയാൽ കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ കാഹളധ്വനി ഞാൻ കേൾക്കുമോ? കർത്താവിന്റെ ഗംഭീരനാദവും പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദവും ഞാൻ കേൾക്കുമോ?

ഈ ഭൂമിയിൽനിന്നും വാങ്ങിപ്പോയവരുടെ ദേശത്ത് വാങ്ങിപ്പോയവരുടെകൂടെ കഴിയുമ്പോൾ ദൈവശബ്ദം കേട്ട് ഞാൻ ഉയിർക്കുമോ? ഗൗരവമേറിയ സത്യമാണ്. ഞാനും നിങ്ങളും അഭിമുഖീകരിക്കാൻ പോകുന്ന കാര്യമാണ്. ഒരു ദിവസം അത് സംഭവിക്കും. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്!

ജീവനുള്ളവരെയും മരിച്ചുപോയവരെയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായാകുന്ന ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഇതെല്ലാം മനസ്സിലാക്കുമ്പോഴാണ് വിശ്വസിക്കുന്നു എന്ന് പറയുന്നുണ്ടെങ്കിലും നാം വിശ്വസിക്കുന്നില്ല എന്ന് മനസ്സിലാക്കുന്നത്.

ക്രിസ്തു വീണ്ടും വരുമെന്ന് നാം വിശ്വസിക്കുന്നില്ല. വിശ്വസിക്കുന്നെങ്കിൽ നമുക്ക് പാപം ചെയ്യാൻ പറ്റുകയില്ല. ഉടനെ നാം ക്രിസ്തുവിലായിപ്പോകും. വേറെ ആരുടെയും സഹായം വേണ്ട, വേറെ ആരുടെയും ഒത്താശ വേണ്ട. അവനവനിരുന്ന് പാപത്തെ ഓർത്ത് കരയും; അനുതപിക്കും.

അയ്യോ! തെറ്റുപറ്റിപ്പോയല്ലോ, എന്തെല്ലാം ഹീനമായ പാതകങ്ങളാണ് ചെയ്തുപോയത്, പറഞ്ഞുപോയത്! എത്രയോ മ്ലേച്ഛമായ രംഗങ്ങളിലാണ് ചെന്നുപെട്ടത്!

എത്രയോ പേരെ ഞാൻ വേദനിപ്പിച്ചു! എത്രയോ കുടുംബങ്ങളെ ഞാൻ അനാഥമാക്കി! ഏതെല്ലാം പുറത്തുപറയാൻ അറയ്ക്കുന്ന കാര്യങ്ങളാണ് സംഭവിച്ചുപോയത്. കർത്താവേ, ഇന്ന് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു.

നാം അനുതപിക്കാൻ തുടങ്ങും; ഏങ്ങലടിക്കാൻ തുടങ്ങും. അതാണ് സാക്ഷാലുള്ള അനുതാപം. അങ്ങനെ അനുതപിച്ച് നാം മാനസാന്തരപ്പെടും. പുതിയ ജീവിതം തുടങ്ങും. അനുതപിച്ച് കർത്താവിന്റെ അത്ഭുതകൃപ അനുഭവിക്കാൻ തുടങ്ങും. അപ്പോൾ കർത്താവ് നമ്മുടെ ഹൃദയത്തിലേക്ക് നടന്ന് കയറും. അനുതപിക്കുന്ന, ആർദ്രമാർന്ന ഹൃദയത്തിലേക്ക് കർത്താവ് കടന്നുവരും.

അനുതാപംകൊണ്ട് ഹൃദയം തകരുമ്പോൾ ആ ഹൃദയത്തിലേക്ക് ക്രിസ്തു കടന്നുവരും. പാപിയായ മനുഷ്യന്റെ ഹൃദയത്തിലേക്ക് യേശു പ്രവേശിക്കും. എന്തൊരു മഹാഭാഗ്യമാണത്! ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വരും. അടച്ചിട്ടിരുന്ന സെഹിയോൻ മാളികയിലേക്ക് കർത്താവ് കടന്നുചെന്നതുപോലെ യേശു നമ്മുടെ ഹൃദയത്തിലേക്ക് കടന്നുവരും.

സ്നേഹിതാ, നിന്റെ ഹൃദയം യേശുവിനു കൊടുക്കൂ. മകളേ, നിന്റെ ഹൃദയം യേശുവിനു കൊടുക്കൂ. യേശുവിന്റെ കരങ്ങളിലേക്കു നിന്നെത്തന്നെ ഏല്പിച്ചു കൊടുക്കൂ. യേശു നിന്നിൽ വരട്ടെ. യേശു നിന്നിൽ വാഴട്ടെ. യേശു നിന്നെ അനുഗ്രഹിക്കട്ടെ. നിന്റെ ബന്ധനങ്ങളെല്ലാം അഴിച്ചു കളയട്ടെ. എല്ലാ കെട്ടുകളും പൊട്ടിച്ചുകളയട്ടെ. പൈശാചികബാധകൾ മാറ്റട്ടെ. ദുഷ്ടന്റെ ശാപങ്ങൾ നീക്കട്ടെ.

കുടുംബത്തിന്മേലുള്ള ശാപദോഷങ്ങൾ മാറ്റട്ടെ. നിന്റെ മക്കൾ അനുഗ്രഹിക്കപ്പെടട്ടെ. തലമുറതലമുറയായുള്ള അനുഗ്രഹങ്ങൾ നിനക്ക് കൈവരട്ടെ. മക്കളും മക്കളുടെ മക്കളും അനന്തരതലമുറകളും ക്രിസ്തുവിന്റെ വകയായി തീരട്ടെ. സ്വർഗ്ഗീയശാന്തി നിങ്ങളുടെ കുടുംബത്തിലേക്കു വരട്ടെ. സ്വർഗ്ഗീയ സ്നേഹം കുടുംബത്തിൽ വാഴട്ടെ. കുടുംബം ഒരു കൊച്ചുസ്വർഗ്ഗമായി മാറട്ടെ.

നിങ്ങൾക്കാഗ്രഹമുണ്ടോ കുടുംബം സ്വർഗ്ഗമാകാൻ? കുടുംബം സന്തോഷമാകാൻ? നിങ്ങളുടെ ഭാവി ശോഭനമാ

കാൻ? നമ്മുടെ കുഞ്ഞുങ്ങൾ നന്നായി വരാൻ? അവരുടെ പഠിത്തം നന്നാവാൻ? അവർ നല്ല ശോഭനമായ ഭാവി നേടിയെടുക്കാൻ? ഭാസുരമായ ഭാവിയിലേക്കു കുതിച്ചുയരാൻ? എങ്കിൽ നിങ്ങൾ ജീവിതം യേശുവിന്റെ കരങ്ങളിലേക്കു കൊടുക്കൂ. അവനോടു പറയൂ. കർത്താവേ, ഇനി ഞാൻ എന്റെയല്ല, നിന്റേയാണ്.

I belong to Christ. ഞാൻ ക്രിസ്തുവിനുള്ളവനാണ്. ഇനി എന്റെമേൽ എനിക്കല്ല അവകാശം നിനക്കാണ്. നിനക്കു ഞാൻ വിട്ടുതന്നിരിക്കുന്നു. കർത്താവേ, നീ എന്റെ ഹൃദയത്തിൽ വാഴണമേ. ഞാൻ യേശുവിന്റെ വകയായി ജീവിക്കും.

യേശുവേ, ഞാനിതാ വരുന്നു, നാഥാ! നീ പോവല്ലേ. നീ എന്റെ അന്തരംഗത്തിലേക്ക് കടന്നു വരണമേ. എന്റെ ഹൃദയത്തിൽ പ്രവേശിക്കണമേ. എന്റെ അകത്ത് വാഴണമേ. എന്നെ നിന്റെ സ്വന്തമാക്കി തീർക്കണമേ. എന്നിൽ നീ വസിക്കണമേ. എന്നെ നീ ഭരിക്കണമേ. എന്നെ നീ നിയന്ത്രിക്കണമേ. എന്റെ ഭാവി നീ ഏറ്റെടുക്കണമേ.

ഇത്രയും കാലം അടച്ചിട്ടിരുന്ന ഹൃദയം, ആരുടെയും മുമ്പിൽ തുറക്കാത്ത ഹൃദയം, രഹസ്യങ്ങൾ പൂഴ്ത്തിവെച്ചിരുന്ന ഹൃദയം കർത്താവേ, തിരുമുമ്പാകെ ഞാൻ തുറന്നുവെയ്ക്കുന്നു. എന്റെ ഹൃദയത്തിലേക്ക് നീ വരണമേ.

പ്രിയപ്പെട്ടവരേ, യേശുവിനോടു വാക്കുപറയാം. കർത്താവിന്റെ കരങ്ങളിൽ ജീവിതം ഭരമേല്പിച്ചുകൊണ്ട് ഒരു പുതിയ ജീവിതം നമുക്കുതുടങ്ങാം. നമുക്കൊരുമിച്ച് കൈയോടുകൈ ചേർത്ത് തോളോടുതോളുരുമ്മി കർത്താവിന്റെ വേലചെയ്യാം. അവിടെ സഭാഭേദം വേണ്ട, സമുദായവ്യത്യാസം വേണ്ട, കക്ഷിപരിഗണനവേണ്ട, മതംമാറ്റം വേണ്ട, സമുദായമാറ്റം വേണ്ട. അവിടെ മാറേണ്ടത് ഹൃദയമാണ്. ഹൃദയം മാറുമ്പോൾ അവിടെ സ്നേഹമാകും. സ്നേഹം വരുമ്പോൾ അവിടെ സ്വർഗ്ഗം ആകും. സ്വർഗ്ഗമാകുമ്പോൾ അവിടെ പുനരുത്ഥാനമുണ്ടാകും.

പ്രിയപ്പെട്ടവരേ, ഈ അനുഭവം ലഭിക്കുമ്പോഴാണ് നാം ഭാഗ്യശാലികളാകുന്നത്. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരാകുവാൻ ഇന്ന് നിങ്ങൾ ക്രിസ്തുവിലാകുക. കർത്താവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുക. യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കുക.

ഏതു മനുഷ്യനും സാധിക്കും. അതിന് പഠിപ്പ് വേണ്ട, പാണ്ഡിത്യം വേണ്ട, എളിയവിശ്വാസം മതി. കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ, നീയോ രക്ഷകൻ. നിന്റെ തിരുമാർവ്വിൽ നിന്നും രക്തം ചിന്തി നീ എന്നെ വീണ്ടെടുത്തു എന്നു ഞാൻ വിശ്വസിക്കുന്നു. എന്നെ ശുദ്ധീകരിപ്പാൻ നിന്റെ തിരുവിലാവ് തുറന്നു. നിന്റെ ത്യാഗത്താൽ എന്റെ പാപത്തിന് പരിഹാരം വന്നിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

നാഥാ! ഞാൻ ഇന്ന് എന്റെ ആയുസ്സ് നിന്റെ കരങ്ങളിലേക്ക് കൈമാറുന്നു. സമർപ്പിക്കാം, കർത്താവിനോടു വാക്കു പറയാം. കർത്താവേ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി.

കാരുണ്യവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അവിടുത്തെ മഹത്വമേറിയ വചനങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. കർത്താവേ, വചനം വായിച്ച എല്ലാവരെയും അവിടുന്ന് തൊടണമേ. അനുഗ്രഹിക്കണമേ. ഹൃദയത്തിൽ യേശു വാഴുന്ന മഹാഭാഗ്യം എല്ലാവർക്കും നൽകണമേ. യേശുവിൽ ജീവിക്കാനുള്ള കൃപ തരണമേ. യേശുവിൽ മരിക്കാനുള്ള കൃപ തരണമേ. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കും ഓഹരിയും തരണമേ. യേശുക്രിസ്തുവിന്റെ ജയകരമായ നാമത്തിൽത്തന്നെ, ആമ്മേൻ.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

| | |
|---|---|
| വെള്ളി രാത്രി 9.30<br>**ആത്മീയയാത്ര T.V.** | ശനി രാവിലെ 6.30<br>**സൂര്യ T.V.** |
| ഞായർ രാവിലെ 6.30<br>**ജീവൻ T.V.** | തിങ്കൾ രാവിലെ 6.30<br>**ജയ്ഹിന്ദ് T.V.** |
| ചൊവ്വ രാവിലെ 6.30<br>**ജയ്ഹിന്ദ് T.V.** | ചൊവ്വ ഉച്ചയ്ക്ക് 2.00<br>**ആത്മീയയാത്ര T.V.** |

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും

**www.crfgospel.org**

**Ph: 9142303096**

## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും**<br>**(ബൈബിൾ ക്ലാസ്സ്)** | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച**<br>**(വനിതകളുടെ യോഗം)** | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച**<br>**യുവാക്കന്മാരുടെ യോഗം**<br>(15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |